64

KOTTAYAM PUBLIC LIBRARY

Call No. ............ Acc. No. ............

Tom. K

Author ..............................

Title ..............................

# കലയും ജീവിതവും

KOTTAYAM PUBLIC LIBRARY
KOTTAYAM.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

PRAKASAM BOOK STALL

M05

(Malayalam)

**Kalayum Jeevithavum**

Review

**Tom Jose, B. A., B. Ed.**

First Published, Dec. 1967

Price Rs. 2-50

Published by

**Prakasam Publications, Alleppey.**

Sales

**Prakasam Book Stall, (P B S)**

Printed at

**MAZDOOR PRINTERS & PUBLISHERS, ALLEPPEY.**

# കലയും ജീവിതവും

36565

ടോം ജോസ്

KOTTAYAM PUBLIC LIBRARY
KOTTAYAM.

പ്രസാധകർ
പ്രകാശം പ്രസിദ്ധീകരണസംഘം

വിതരണം
പ്രകാശം ബുക്ക് സ്റ്റാൾ, ആലപ്പുഴ.
വില. ക. 2-50

## ടോം ജോസിൻെറ കൃതികൾ

അറിവാണു ശക്തി

കാവ്യം: സത്യവും സൗന്ദര്യവും

കലയും ജീവിതവും

# അവതാരിക

കലകളെ അറുപത്തിനാലായിട്ടു് തരംതിരിക്കുന്നു. അതിൽ സാഹിത്യകലയ്ക്കാണു് ഏററവും പ്രാധാന്യം, സാഹിത്യകലയ്ക്കു് ജീവിതവുമായി അഭേദ്യമായ ബന്ധമുണ്ടു്. ജീവിതവും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു് ചിന്തിക്കാത്ത സാഹിത്യമീമാംസകന്മാരില്ല. ഗൗരവപ്പെട്ട വിഷയമാണതു്. നെററി വിയർത്തും മസ്തിഷ്കം ഉണർന്നുമുള്ള ആത്മാർത്ഥശ്രമങ്ങൾകൊണ്ടേ എന്തെങ്കിലും ഈ വിഷയത്തെക്കുറിച്ചു് തറപ്പിച്ചു് പറയുവാൻ കഴിയൂ. ഈ വിഷയം കൈകാര്യം ചെയ്യുന്ന എഴുത്തുകാരനു് യാതൊരു കുറുക്കുവഴികളുമില്ല. ഒരെഴുത്തുകാരനും കുറുക്കുവഴികളില്ലെന്നതാണല്ലോ ഏറെ ശരി. അതി ഗഹനമായ ഒരു വിഷയമാണു് "സാഹിത്യവും ജീവിത"വും എന്നതു്, എന്ന കാര്യത്തിൽ രണ്ടഭിപ്രായത്തിനിടമില്ല. അതിഗഹനമായ, ഗൗരവമായ ആ വിഷയത്തെ വിശകലനം ചെയ്യുവാനും അതിൻെറ ഭിന്നമുഖങ്ങൾ ചൂണ്ടിക്കാണിക്കുവാനുമാണു്, വിമർശന സാഹിത്യരംഗത്തു് ലഘുവായ പൗരോഹിത്യം അവകാശപ്പെടുവാൻ അർഹതയുള്ള ശ്രീ ടോം ജോസ് "കലയും ജീവിതവും" എന്ന ഗ്രന്ഥം വഴി ശ്രമിച്ചിരിക്കുന്നതു്. ഇതിലുള്ളതു പന്ത്രണ്ടു് ലേഖനങ്ങളാണു്. ഉജ്ജ്വലങ്ങളായ പന്ത്രണ്ടു ലേഖനങ്ങൾ എന്നു ഞാനിതിനെ വിശേഷിപ്പിക്കട്ടെ.

വായിച്ചും, പഠിച്ചും, ചിന്തിച്ചും എഴുതിയ ശ്രദ്ധേയമായ വിമർശന കൃതിയാണു് "കലയും ജീവിതവും" ഒരേഒരു വിഷയമാണിതിലുള്ളതു്—"സാഹിത്യവും ജീ

വിതവും''. അതിനെക്കുറിച്ച് സമഗ്രമായി ഇതിൽ പ്രതിപാദിച്ചിട്ടുമുണ്ട്. എങ്കിലും എല്ലാം തികഞ്ഞു വെന്നു് ഞാൻ പറയുന്നില്ല. ഈ വിഷയത്തെക്കുറിച്ച് ആയിരം പുറങ്ങളുള്ള ഒരു ഗ്രന്ഥം തയ്യാറാക്കിയാൽ പ്പോലും എല്ലാക്കാര്യങ്ങളും അതിലുൾക്കൊള്ളിയ്ക്കുവാൻ സാധിക്കുമെന്നു് എനിക്ക് അഭിപ്രായവുമില്ല. ഏകാ ഗ്രത, അവയവപ്പൊരുത്തം, പൂർവ്വാപരബന്ധം—എന്നിവ ഒരു വിമർശനഗ്രന്ഥത്തിനു കൂടിയേ കഴിയൂ. ആ ഗുണ ങ്ങൾ ടോം ജോസിൻെറ ഗ്രന്ഥത്തിനുണ്ട്. ഈ എഴ ത്തുകാരൻെറ വീക്ഷണം "കലയും ജീവിതവും" എന്ന ഗ്രന്ഥത്തിനു് ഒരാന്തരിക ശോഭയും ശക്തിയും പ്രദാനം ചെയ്തിട്ടുണ്ട്. "എഴുത്തുകാരൻെറ സ്വാതന്ത്ര്യം ആർക്കും നിയന്ത്രിക്കാനാവില്ല, സ്വന്തം സത്യസൗന്ദര്യമൂല്യബോ ധങ്ങൾക്കൊഴിികെ" എന്നതാണു് ടോമിൻെറ ഉറച്ച അഭിപ്രായം. അതദ്ദേഹം തറച്ചു പറഞ്ഞിട്ടുമുണ്ട്. വിമർശനസാഹിത്യരംഗത്തു്, ശ്രീ എം. പി. പോളിനു പിന്നാലെ മെല്ലെ മെല്ലെ നടന്നുവരുന്ന യുവ പ്രതിഭാശാ ലിയാണു് "കലയും ജീവിതവും" എന്ന ഗ്രന്ഥത്തിൻെറ കർത്താവ്. വിമർശനസാഹിത്യരംഗത്തെ ഒരു ശക്തി കേന്ദ്രമായി ടോം ജോസ് ഉയർന്നു വരുമെന്നുള്ളതിൻെറ "സൈൻ—ബോർഡാ"ണു് "കലയും ജീവിതവും" എന്ന വിമർശന ഗ്രന്ഥം.

"അറിവാണു് ശക്തി" എന്ന ടോം ജോസിൻെറ കൃതിയെക്കുറിച്ചു് പ്രൊഫ: കെ. എം. തരകൻ പറഞ്ഞ അഭിപ്രായം ഞാൻ ഉദ്ധരിക്കട്ടെ. "ശ്രീ ടോമിൻെറ വായന വിസ്തൃതമാണു്. ശൈലി സരളവും മധുരവു മാണു്. അദ്ദേഹത്തിൻെറ ലേഖനങ്ങളുടെ പ്രത്യേകത അവയുടെ പ്രസന്നതയും പ്രസാദാത്മകതയും തന്നെ.

സാഹിത്യവിദ്യാത്ഥികൾക്ക് ഒരുക്കിയിരിക്കുന്ന അറിവിൻേറതായ ഈ സദ്യ അവക്ക് ശക്തിപ്രദാനം ചെയ്യുമെന്നുള്ളതിനു സംശയമില്ല.'' "കലയും ജീവിതവും'' എന്ന കൃതിയെക്കുറിച്ച് എനിയ്ക്കും ഇതേ അഭിപ്രായം മാത്രമാണുള്ളതു്.

"നോവൽ സാഹിത്യം", "കാവ്യപീഠിക", "ആശാൻെറ സീതാകാവ്യം'' മുതലായ ഗ്രന്ഥങ്ങൾ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മാത്രം പ്രതിപാദിക്കുന്നവയാണല്ലോ. അത്തരം കൃതികളുടെ ഇനത്തിൽ ഉൾപ്പെടുത്താവുന്ന മറെറാരു വിമർശന സാഹിത്യഗ്രന്ഥമാണ് ടോം ജോസിൻെറ "കലയും ജീവിതവും" എന്നതു്. വിശദീകരണഭ്രമം ടോമിനു് കലശലായുണ്ടു്. സാഹിത്യാദ്ധ്യാപകരായ മിക്ക സാഹിത്യകാരന്മാരിലും കാണുന്ന ന്യൂനതയാണിതു്. വായനക്കാരനു് എല്ലാം വ്യക്തമാക്കിക്കൊടുക്കുവാൻ സാഹസപ്പെടരുതല്ലോ! അങ്ങിങ്ങായി പ്രസംഗച്ചുവ നിഴലിക്കുന്നുണ്ടു്. അടുത്ത പതിപ്പിൽ അതൊന്നു മാററിയെടുക്കാവുന്നതാണു്.

സാഹിത്യ വിദ്യാർത്ഥികൾ ഈ ഗ്രന്ഥത്തെ സന്തോഷപൂർവ്വം സ്വീകരിക്കുമെന്നാണു് എൻെറ വിശ്വാസം.

തിരുവനന്തപുരം,
30-8-1967.

**പി. എ. ഹാരീസ്, B. A., B. L.**

# വിഷയവിവരം


ജീവിതവും സാഹിത്യവും 9

സത്യം ജീവിതത്തിലും സാഹിത്യത്തിലും 29

ജീവിതത്തിൻെറ നാടിമിടിപ്പ് 40

ജീവിതത്തെപ്പററി ക്രിയാത്മകമായി ചിന്തിക്കുക 48

സാഹിത്യകാരൻ ജീവിത പ്രശ്നങ്ങളെ അവഗണിച്ചാൽ 55

നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം- സാഹിത്യത്തിൽ 72

സാഹിത്യകാരനും മോശയും ഉപനിഷത്തും സാഹിത്യവും 86

സാഹിത്യവും ജീവിതവിമർശനവും 105

സാഹിത്യം ജീവിതത്തിൻെറ പാഠപുസ്തകം 124

തൂലിക ജീവരക്തത്തിൽ മുക്കുക. 143

ഒന്നു്

# ജീവിതവും സാഹിത്യവും

കല ജീവിതത്തിൽനിന്നു് ഉരുത്തിരിയുന്നു. അതു് ജീവിതത്തെ പ്രതിനിധീകരിക്കും. അഥവാ ജീവിത പ്രതിബിംബനമാണു് സാഹിത്യം. അതുമല്ലെങ്കിൽ ജീവിത പ്രകാശനമാണു്. ഇതിന്റെയെല്ലാററിന്റെയും അത്ഥം വ്യാപകമായ അത്ഥത്തിൽ ഒന്നുതന്നെ-കലയുടെ ഈററില്ലം ജീവിതമാണെന്നതാണതു്.

അനുഭവത്തിൽനിന്നകന്നു നിന്നുകൊണ്ടു് കലാസൃഷ്ടികൾ മെനഞ്ഞെടുക്കുവാൻ ഒരു കലാകാരനും വയ്യ. ഭാവിയുടെ വഴിത്താരയിൽ നിരന്നുനില്ക്കുന്ന ദീപസ്തംഭങ്ങൾ മുൻകൂട്ടികാണുവാൻ അവക്കു കഴിയും. അറിവില്ലായ്മകൊണ്ടും അബദ്ധംകൊണ്ടും ഭൂതകാലത്തിലെ ആചാരങ്ങളുമായി കോത്തുകെട്ടിക്കിടക്കുന്ന മനുഷ്യമനസ്സിനെ പിടിച്ചുകുലുക്കി, മുന്നോട്ടു തള്ളിവിടുവാൻ അവക്കു കഴിയുന്നു.

**കലയും ജീവിതവും**

അനുഭവ മണ്ഡലത്തിനുപരിയായ ഒരു തലത്തിൽ കൂടി കലാകാരനു് സഞ്ചരിക്കുവാൻ സാധിക്കും. തന്മൂല

മാണു് ഒരു അമാനുഷികശക്തി സാഹിത്യസൃഷ്ടിയുടെ പിറകിൽ നിലനില്ക്കുന്നുവെന്നു പറയുന്നതു്. കലാകാരനുമാത്രമേ ഈ ഉൾക്കാഴ്ചയുള്ളു. സംഘടിതമായ ഒരു പ്രവർത്തനസാദ്ധ്യത ജനതയ്ക്കു് ഉണ്ടാക്കിക്കൊടുക്കുവാൻ സാഹിത്യകാരനു കഴിയും. ഇവിടെനിന്നു് മറെറാരു പുതിയ ചിന്താഗതി ഉരുത്തിരിഞ്ഞു–കല ജീവിതത്തിൽനിന്നു് ഒന്നും ചൂഷണം ചെയ്യുന്നില്ലപോലും! മറിച്ചു് സാഹിത്യത്തിൽനിന്നു് ഗംഭീരമായ മോഷണം നടത്തുന്നുപോലും!! മനുഷ്യരാശി ഉപയോഗശൂന്യമായി പേറിക്കൊണ്ടു നടന്നിട്ടുള്ള അന്ധവിശ്വാസങ്ങളുടെ ശവക്കുഴികൾക്കെതിരായി ആവേശപൂർവ്വം എല്ലാക്കാലത്തും എല്ലാരാജ്യങ്ങളിലും എല്ലാവിധ ശക്തികളുമുപയോഗിച്ചു് പൊരുതിയവർ സാഹിത്യകാരന്മാരാണു്.

ആദർശപരമായ ഒരു ലക്ഷ്യം പ്രകൃതിയിലില്ല. ഈ വസ്തുത ചിന്തകന്മാർ ഗ്രഹിച്ചു. അപ്പോൾ അവക്കുതോന്നി മനുഷ്യനെ നിശ്ചിതമായ ലക്ഷ്യത്തിലേയ്ക്കു് കൈചൂണ്ടി മേച്ചുകൊണ്ടുപോകുന്ന കലാകാരന്മാരാണു്, അവരുടെ കാണപ്പെട്ട ദൈവമെന്നു്. കവികൾ ഭൂമിയിലെ അംഗീകാരം കിട്ടാത്ത നിയമനിർമ്മാതാക്കളാണെന്ന ഷെല്ലിയുടെ തത്വശാസ്ത്രം ഉത്ഭവിക്കുന്നതു് ഇത്തരം വിശ്വാസപ്രമാണങ്ങളിൽ നിന്നായിരിക്കാം. ജീവിതപുരോഗതിയെ ത്വരിതപ്പെടുത്തുവാനും മാനുഷിക മൂല്യങ്ങൾക്കും മനുഷ്യജീവിതത്തിനും പുത്തൻ ചോരയും ചുണയും പ്രദാനം ചെയ്യുവാനും കലാകാരനു് കഴിഞ്ഞു. അങ്ങനെ വന്നപ്പോൾ കലയിൽനിന്നു്—കവിതയിൽ

നിന്ന്—സാഹിത്യത്തിൽനിന്ന്, സാധാരണ മനുഷ്യൻ പലതും അപഹരിക്കുന്നുവെന്ന നിഗമനത്തിലെത്തുവാൻ വളരെദൂരം പോകേണ്ടിവരികയില്ലല്ലോ.

ജീവിതത്തിൻെറ പ്രാധാന്യത്തെ നിഷേധിക്കുകയും സാഹിത്യത്തിൻെറ വിലയെ ഉയർത്തിക്കാട്ടുകയും ചെയ്ത കലാനിരൂപകന്മാരാണ് ഈ അഭിപ്രായം അടിച്ചുമൂളിച്ചത്. എങ്കിലും ഇന്ന് ഈ വാദഗതി മാളത്തിലേയ്ക്ക് തലവലിച്ചിട്ടുണ്ട്. അതിനു പ്രധാനമായും ഒരു കാരണമുണ്ട്—ജീവിതം പഴയതിലും കൂട്ടുതൽ സങ്കീർണ്ണമായി. കലയിൽ കാണാത്ത ജീർണ്ണിപ്പും അസ്വസ്ഥതയും അന്ധാളിപ്പും ഇളക്കവും മനുഷ്യജീവിതത്തിലുണ്ടായി. ഇതിന്റെ ഉത്തരവാദിത്വം "സ്വതേ പൊക്കാളികളായ" ഒരു വിഭാഗം കലാകാരന്മാരെ ഭീതിപ്പെടുത്തിയിരിക്കണം.

**ജീവിതത്തിനു് നേതൃത്വം കൊടുക്കുന്നു**

സാഹിത്യം ജീവിതത്തിൽനിന്ന് ഉറവെടുക്കുന്നു, ജീവിതത്തിൽനിന്ന് ചട്ടക്കൂട് സ്വീകരിക്കുന്നു; എന്നിട്ട് മകൻ അമ്മയെ സംരക്ഷിക്കുന്നതുപോലെ കല ജീവിതത്തെ സംരക്ഷിക്കുന്നു. ഒടുക്കം ജീവിതത്തിനു് നേതൃത്വം കൊടുക്കുകയും ചെയ്യുന്നു.

ഈ സത്യത്തെ നിഷേധിക്കുവാൻ കരുത്തുള്ള പണ്ഡിതന്മാർ ആരുംതന്നെയില്ല. ഉണ്ടെങ്കിലും ആരും ആ വാദവുമായി പ്രകാശത്തിൻെറ മദ്ധ്യത്തിലേയ്ക്ക് കടന്നു വരുകയില്ല. ബുദ്ധിപരമായി പുനർനിർമ്മാണത്തിനു് വഴിതെളിക്കുന്ന ഒരു പുതിയ ചൈതന്യം മനു

ഷ്യവസ്ത്തിന നല്കുവാൻ സാഹിത്യകാരന കഴിവുണ്ട്. ആ കഴിവുകളുടെ അടിസ്ഥാനപരമായ കാരണങ്ങളുടെ മൂലവേരുകഠം ജീവിതാനുഭവങ്ങളിലൂടെയാണ് ഓടിപ്പാഞ്ഞുപോയിരിക്കുന്നത്. ചുരുക്കത്തിൽ ജീവിതത്തിന്റെ ഉള്ളറയിൽനിന്നാണ് തന്റെ നിർമ്മാണത്തിനുള്ള അസംസ്കൃത സാധനങ്ങഠം പെറുക്കിയെടുക്കുന്നത്. അതോടൊപ്പം നിമ്മാണത്തിന്ന് മററു പലേശക്തികളും പ്രേരണനല്കുമെന്നു മാത്രം.

കല ജീവിതത്തിൽനിന്നു ജനിച്ച്, അതിൽ കൂടി പിച്ചവെച്ചുനടന്ന്, അതിന്റെ ഉമ്മറത്തുകൂടി തുള്ളിച്ചാടി കളിച്ചുനടന്ന്, അതിന്റെ വികാസത്തിന്റെ ചക്രവാളച്ചെരുവിൽ കൂടി ചിറകടിച്ചു പറന്ന്, ജീവിതത്തിന്റെ അകത്തുള്ള എല്ലാ 'ജീൻസു' കളെയും തന്റെ കഴിവിലേയ്ക്കു് ആകഷിച്ച്, അവരിൽനിന്ന് പണവും പദവിയും കയ്യടിയും കീർത്തിയും പിടിച്ചുവാങ്ങി, തിരിച്ച് മാനുഷികമൂല്യങ്ങളുടെ ഞാറുകഠം അവരുടെ ഹൃദയങ്ങളിൽ പാകികൊടുത്ത് അവസാനം ചിറകൊടിഞ്ഞു് ജീവിതത്തിന്റെ ഏതെങ്കിലും ഒരു മേഖലയിൽ, ഒരു മൂലയിൽ, ചിലപ്പോഠം ജീവിതത്തിന്റെ പുറമ്പോക്കിൽ നിലംപൊത്തി വീഴുന്നു.

മനുഷ്യനു് സ്വന്തം ജീവിതത്തിൽ അഭിമുഖീകരിക്കുവാൻ കരുത്തില്ലാത്ത വിഷമപ്രശ്നങ്ങഠം, തന്നെപ്പോലുള്ള ഒരു മനുഷ്യൻ തന്റേതുപോലുള്ള ഒരു ചുററുപാടിൽ അത്തരം പ്രശ്നങ്ങളുടെ ഉള്ളറയിലൂടെ നീന്തിക്കയ

രുന്നതു് കലാസൃഷ്ടിയിലാണെങ്കിൽ നോക്കിനിന്നു് ആന ന്ദിക്കും. ഇവിടെ ജീവിതാനുഭവങ്ങളുടെ മാററൊലിമാ ത്രമാണു് കലയിൽ കാണുന്നതെന്ന തോന്നലാണു് ആ വ്യക്തിയെ ആനന്ദിപ്പിക്കുന്നതു്. ഇത്തരം അനുഭവ ങ്ങൾ മധുരതരമാണു്. പ്രേമത്തിൻെറ വേദന മധുര മാണെന്ന സത്യം നമുക്കു് വ്യക്തമായി മനസ്സിൽ തട്ടി യിട്ടു് മനസ്സിലാക്കണമെങ്കിൽ, നമ്മളും അത്തരം സ്ഥി തിവിശേഷത്തിൽക്കൂടി വലിഞ്ഞുകയറിപ്പോകുന്ന കഥാ പാത്രത്തിൻെറ മാനസിക ഭാവം മനസ്സിലാക്കണം. ഇങ്ങനെയാണു് ജീവിതത്തിൻെറ പോക്കളത്തിൽ നിന്നു പടപൊരുതുന്ന മനുഷ്യനു് ആശ്വാസം കണ്ടെത്തുവാൻ അവസരം ലഭിക്കുന്നതും.

പടം വരച്ചു കാണിക്കുവാൻ വയ്യാത്തവിധം അവ്യ ക്തമായ ഏതോ ഒരു ഭാവത്തെ സാഹിത്യസൃഷ്ടിയിൽ നിന്നു് വായനക്കാർ വലിച്ചെടുത്തു സ്വന്തമാക്കുന്നു. സഹൃദയൻ ഒരു ഒപ്പുകടലാസുപോലെയാണു്.

ഏതു കലാസൃഷ്ടി എടുത്തു പരിശോധിച്ചാലും ജീവിതത്തിൻെറ തരികൾ അതിൽ അലിഞ്ഞുകൂടി കിടക്കുന്നതായി കാണാം; അഥവാ അവ്യക്തമായി നടക്കുന്നതായി കാണാം.

**കല**

കടലിനേക്കാൾ ആഴവും ഭൂമിയേക്കാൾ പരപ്പും ഉള്ള ജീവിതത്തിൻെറ പരിധിയെ, കലകൾക്കു് ഒരി

ക്കലും ലംഘിക്കുവാൻ സാധ്യമല്ല. അത്തരം കലകൾ ഇന്നേവരെയും ഉണ്ടായിട്ടില്ല; സ്വന്തമായ ഭാവനയും സ്വതന്ത്രമായ വീക്ഷണവും കലാകാരൻെറ മൂലധനമാണ്. പ്രകൃതിയിലെ പ്രതിഭാസങ്ങളെ അചഞ്ചലങ്ങളും സങ്കീർണ്ണങ്ങളുമായ ചില പരിധികളിൽ ഒതുങ്ങിനില്ക്കുന്നവയായി ഒരു കലാകാരനും സങ്കല്പിക്കുകയില്ല എഴുത്തുകാരുടെ പൊതുവായ ഒരു വീക്ഷണഗതിയാണിത്. തന്മൂലം ജീവിതത്തിൻെറ അനന്തവിശാലമായ ആകാശത്തിലേയ്ക്കു അവൻെറ ഭാവന പറന്നു ചെല്ലുക തന്നെ ചെയ്യും; ചെയ്യണം.

## ജീവിതം — ഒരു കലാശില്പം

ജീവിതത്തിൻെറ ഏതുഭാഗമടർത്തിയെടുത്താലും അതു സ്വതന്ത്രമായിരിക്കും. ജീവിതം കലയാണ്, ജീവിതം ഒരു കലാശില്പമാണ് എന്നൊക്കെ ഒന്നാകെ തട്ടിമൂളിക്കുന്നവർ ഉണ്ട്. അങ്ങനെ വെച്ചുകാച്ചുന്നതു ശരിയോ?

ജീവിതത്തോളം ആഴമേറിയ ഒരു സാഹിത്യസൃഷ്ടിയും ഇന്നേവരെയും സൃഷ്ടിക്കുവാൻ ഒരു പ്രതിഭാശാലിക്കും കഴിഞ്ഞിട്ടില്ല. മനുഷ്യജീവിതത്തെ മുഴുവനായി—സമഗ്രമായി—പ്രതിബിംബിപ്പിക്കുവാൻ ഭൂമിയിൽ ആരാലും സാധ്യമല്ല. അപ്പോൾ ജീവിതം സമം കലയെന്നോ, കല സമം ജീവിതമെന്നോ വിളിച്ചുകൂവിയതുകൊണ്ട് അർത്ഥമില്ല. വിവരമില്ലാത്ത അവിവേകിക്കേ അങ്ങനെ വിധി കല്പിക്കുവാൻ കഴിയൂ. അതേ

സമയം ജീവിതത്തിൽനിന്നാണു് കലയുടെ ഉത്ഭവം എന്നു് തറപ്പിച്ചുതന്നെ പറയാം. മഞ്ഞുതുള്ളിയിൽ ഒരു വൃക്ഷത്തിൻെറ ഛായ പതിഞ്ഞുവെന്നു് വച്ചു് പ്രകൃതിയുടെ പകപ്പു് മഞ്ഞുതുള്ളിയിൽക്കൂടി അസ്സലായി കാണാമെന്നു വാദിക്കുന്നവരെ സൂക്ഷിക്കുക; അവർ ഉദ്ധരണികൾകൊണ്ടു് ഓളം ഉണ്ടാക്കി ഓടിനടന്നു് ഓടിമറയുന്നവരാണു്.

ജീവിതത്തിൻെറ ഉപരിതലത്തിലുണ്ടാകുന്ന എല്ലാ ചലനങ്ങളും സാഹിത്യത്തിലും കോളിളക്കം ഉണ്ടാക്കും. അഴിച്ചുവിട്ടവനെ പിടിച്ചുകെട്ടുന്ന ശക്തിയായി അതു മാറുമെന്നു മാത്രം. കലയുടെ മേഖലയിലുണ്ടാകുന്ന ഗംഭീരമായ പ്രത്യാഘാതങ്ങൾ മനുഷ്യവർഗ്ഗത്തെ പിടിച്ചു് ഉലയ്ക്കുകതന്നെ ചെയ്യും. ജീവിതത്തിലെ മരവിപ്പും പച്ചപ്പും സാഹിത്യത്തിലേയ്ക്കു് പകരും. രണ്ടു ലോകമഹായുദ്ധത്തിനുശേഷം കഴിഞ്ഞുകൂടുന്ന നമുക്കു് ഇതു് ബോദ്ധ്യമാകുമല്ലോ. ഒരു മൂന്നാം ലോകമഹായുദ്ധം ത്രാസിൽ തൂങ്ങുന്ന അവസരമാണിതു്. എല്ലാ വിശ്വാസപ്രമാണങ്ങളും പമ്പകടന്നു; നശീകരണപ്രവണത എവിടെയും മുളച്ചുപൊന്തി; സമരത്തിൻെറ 'കാഹളം വിളി' ഉയരുകയും സമാധാനത്തിൻെറ സന്ദേശം മനുഷ്യൻ ചെവിക്കൊള്ളാതിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിതു്. ഇവിടെ ടി. എസ്സ്. എലിയട്ടിൻെറ 'ഊഷരഭൂമി'പോലുള്ള മഹാകാവ്യങ്ങളെ ഉണ്ടാകൂ. അതാണു് ജീവിതത്തിൻെറ മുകളിൽ ചാഞ്ചാടുന്ന ചിന്താശകലങ്ങൾ, കലയുടെ വളർച്ചയിൽ—വികാസത്തിൽ—രൂപ

ത്തിൽ—ഭാവത്തിൽ, ശക്തി ചെലുത്തുമെന്നു് സൂചിപ്പിച്ചതും.

ജീവിതത്തിൻെറ പുറമ്പോക്കിലേയ്ക്കു് ഇറങ്ങിനിന്നു് ജീവിതത്തെ ദർശിക്കുവാൻ കഴിയുന്ന കലാനിരൂപകനായ ചിന്തകനു് ജീവിതം ഒരു സൗന്ദര്യകലാശില്പമായി കരുതുവാൻ കഴിയുന്നില്ല.

**കലയിലെ സൌന്ദര്യം**

നല്ല കവിത വായിക്കുന്തോറും മധുരാനുഭൂതിയുടെ ചുരുളുകളുടെ എണ്ണം വർദ്ധിക്കുകയാണല്ലൊ. അതുപോലെ ജീവിത വേദനയിലും ആനന്ദത്തിന്റെ മധുനുകരാൻ കഴിയുന്ന തത്വചിന്തകനേ ജീവിതംതന്നെ കലയായി ക്കാണുവാൻ കഴിയൂ.

കലയിലെ സൗന്ദര്യം ശാശ്വതമാണു്. എല്ലാക്കാലത്തും സൗന്ദര്യം വിലമതിക്കപ്പെട്ടും. ആസ്വാദനരീതിക്കുമാത്രം മാററം വരാം. ആദം ഹവ്വായിൽ സൗന്ദര്യം ദർശിച്ചു. അതിൻെറ മാദകത്വത്തിൽ പാമ്പിനു പിറകേ ആദവും മയങ്ങി. ഷാജഹാൻ തൻെറ ഭാര്യയുടെ സൗന്ദര്യത്തിൻെറ ശ്രീകോവിലിൽ പൂജയർപ്പിച്ചു. എഡ്വാർഡ് എട്ടാമൻ തന്റെ പ്രേമത്തിടമ്പിനുവേണ്ടി കിരീടം വലിച്ചെറിഞ്ഞു. ആദം ഹവ്വായിൽ കണ്ട സൗന്ദര്യം അതേ അളവിൽ ആധുനിക ആദാവുമാർ ഹവ്വാമാരിൽ കാണുന്നു. സൗന്ദര്യം നിലനില്ക്കുകയാണു്. അതു് യുഗങ്ങളെ തഴുകിത്തഴുകി കഴിഞ്ഞു

കൂട്ടുന്നു. തന്മൂലം സൗന്ദര്യസങ്കല്പം ശാശ്വതമാണെന്നു് പറയാം. സത്യത്തെപ്പോലെ സൗന്ദര്യത്തിനും മരണമില്ല. മാത്രമല്ല, കീററ്സിനേപ്പോലുള്ള സൗന്ദര്യാരാധകന്മാർ സത്യവും സൗന്ദര്യവും ഒന്നാണെന്നു് വിശ്വസിക്കുകയും ചെയ്യുന്നു.

സാഹിത്യത്തിൽ സത്യവും സൗന്ദര്യവും ഉണ്ടു്. ജീവിതത്തിൽ ഇവയുടെ സങ്കലിതഭാവങ്ങളുടെ സംയോജനമാണു് കാണുക. ജീവിതം സത്യമാണല്ലോ. സൗന്ദര്യവും ജീവിതത്തിലുണ്ടു്. തന്മൂലമാണു് ജീവിതം സൗന്ദര്യ ബോധത്തിൻെറയും അനുഭൂതികളുടെയും ഉറവുചാലായതു്.

**മൂല്യങ്ങൾ**

മാനുഷിക മൂല്യങ്ങളുടെ ഖനിയിൽ നിന്നാണു് കലാകാരൻ തൻെറ സാമഗ്രികളെ കുഴിച്ചെടുക്കുന്നതു്. എങ്കിലേ ജീവിതമൂല്യങ്ങളോടു് ആദരവു കാണിക്കാനാവൂ.

ജനസാമാന്യത്തെ ഉദ്ബുദ്ധരാക്കുവാൻ കലാകാരന്മാർ പണിപ്പെടുന്നുണ്ടു്. നവീന സാഹിത്യകാരൻെറ ഏററവും വലിയ ലക്ഷ്യവും ഇതുതന്നെ. മനുഷ്യസ്നേഹിയായ വിവേകവും, സാമൂഹ്യമായ ഉത്തരവാദിത്വവും ഉള്ള പ്രതിഭാശാലികൾ ഇതു ചെയ്യുവാൻ കടപ്പെട്ടവരാണു്. ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും മാറി മാറി നിന്നുകൊണ്ടു് അവശന്മാക്കുവേണ്ടി അധികാരദാ

ഹികളോടു മല്ലടിക്കുക സാഹിത്യകാരൻെറ മുഖ്യചുമതലയാണു്. സാധാരണക്കാരൻെറ അഭിഭാഷകന്മാരായിരിക്കണം അവർ. സംസ്കാരത്തിൻെറ മുന്നോടികളായ എഴുത്തുകാർ ജനതയുടെ വൈകാരികമായ വശങ്ങളിൽ കുത്തി അവരെ നോവിച്ചു് അങ്ങനെ മധുരിക്കുന്ന ഒരു വേദനയിലൂടെ അവരെ ദിവ്യമായ വിചാരത്തിൻെറ മേഖലയിലേയ്ക്കു് മാററിനിറുത്തണം. പുത്തനായ ആശയങ്ങൾ അവരിലേയ്ക്കു പകരണം. ആശയം എന്നു വെച്ചാൽ എന്തെങ്കിലും ചെയ്യുവാനുള്ള ഒരു നിർദ്ദേശമോ പദ്ധതിയോ ആകുന്നു. ഇത്തരം കലാകാരന്മാർ ജീവിതത്തിൽനിന്നകന്നു നിൽക്കുവാൻപാടില്ല. അകന്നുനിൽക്കുന്നവർ അവഗണിക്കപ്പെടും. ജീവിതം ക്രമപ്പെടുത്തുവാൻ അവർ മനുഷ്യവർഗ്ഗത്തിനു നല്ല സംഭാവനകൾ ചെയ്യണം. അതിനു കലാകാരൻതപസ്സനുഷ്ഠിക്കുകയും വേണം.

സാധാരണ കലാകാരനു് ഈ കഴിവില്ല. അസാധാരണ പ്രതിഭാശാലികൾതന്നെ വേണം ഈ കൃത്യം നിർവ്വഹിക്കുവാൻ. വെറും ചപലമായ വീക്ഷണത്തോടും ഭ്രാന്തുപിടിച്ച ഭാവനയോടും ലക്ഷ്യം ലഗാനമില്ലാത്ത ചിന്താപദ്ധതിയോടും കൂടി, കഥകളും നാടകങ്ങളും നോവലുകളും രചിക്കുന്ന കലാകാരനു്, ജനതയെ കിക്കിളിപ്പെടുത്തുവാൻ മാത്രമേ കഴിയൂ. സാധാരണക്കാരൻെറ ജീവിതത്തിൻെറ അഗാധതയിൽ സഞ്ചരിക്കുവാൻ ഒന്നാംകിടക്കാരായ പ്രതിഭാസമ്പന്നർ തന്നെ വേണം. സദാചാരമൂല്യങ്ങളോടു മമതയും അവർക്കുണ്ടായിരിക്കേണ്ടതാവശ്യം. ഹ്യൂഗോയും, ടോൾസ്റ്റോയിയും, ഡിക്കൻ

സ്ഥം നേടിയ സ്ഥായിയായ വിജയത്തിന് ഇത്തരം കഴിവാണ് അവരെ സഹായിച്ചത്.

**നന്മയും തിന്മയും**

സ്വതേതന്നെ തിന്മയിലേക്ക് ചാഞ്ഞവരാണു മനുഷ്യർ. അടിസ്ഥാനപരമായി തിന്മയെ പ്രേമിക്കുന്നവരാണവർ. തന്മൂലം ഒന്നാംകിടയിലുള്ള സാഹിത്യകാരന്മാർ ജനതയുടെ പ്രാകൃത വികാരങ്ങളെ എടുത്തു പരിശോധിച്ച് സംസ്കരിക്കുകയാണ് വേണ്ടതു്. നിയന്ത്രിക്കുകയും ചെയ്യണം. എങ്കിലേ മനുഷ്യജീവിതത്തിന്റെ മുഖഭാവങ്ങളിൽ മാററം വരുത്തുവാൻ അവർക്കു കഴിയൂ. മനുഷ്യാത്മാക്കളിൽ ആശയുടേയും ആശയത്തിന്റേയും വിളി ഉയർന്നു പൊങ്ങണമെങ്കിൽ മനുഷ്യാത്മാവിന്റെ എൻജിനീയറന്മാരായ കലാകാരന്മാർ പ്രചോദനം കൊടുക്കുകതന്നെ വേണം. ഒരു നല്ല ഭാവിയെക്കുറിച്ചുള്ള ചിത്രങ്ങൾ രചിക്കുവാൻ സാധാരണക്കാരനെ സഹായിക്കുന്ന ശക്തികൾ വിതരണംചെയ്യുന്നവരായിരിക്കും കലാകാരന്മാർ. നല്ല ഭാവിയെക്കുറിച്ചുള്ള ചിത്രം തന്നെ പ്രവൃത്തിക്കുള്ള ഉപകരണമാണല്ലോ. പക്ഷേ, ഏതെങ്കിലും സംഘടനയുടെ സങ്കുചിത വലയത്തിന് പുറത്തുപോകാൻ സാധിക്കാത്ത സാഹിത്യകാരന്മാർ, മനോഹരസൗധങ്ങൾ സമ്മാനമായിട്ട് (കൈക്കൂലിയാണെങ്കിലും അതങ്ങു നേരേ വെട്ടിത്തുറന്നു പറയുന്നതു് അത്ര പന്തിയല്ലല്ലോ) വാങ്ങിയ ശേഷമാണ് ചെററപ്പുരയെപ്പററി പാടുകയും, എഴുതുകയും പറയുകയും ചെയ്യു

ന്നതു്! ഇവർ ജീവിതത്തെ തൊലിയുരിച്ചു കാണിക്കു വാനാണു് ശ്രമിക്കുന്നതെന്നു് അലറിപ്പറയുകയുംചെയ്യും. ഇത്തരം ചെറുപ്പു നക്കികളും നക്കാപ്പിച്ചയ്ക്കു വേണ്ടി കൂലിത്തല്ലു് നടത്തുന്നവരുമായ കലാകാരന്മാരാണു് ആളു കളെ വെറുതേ ആവേശഭരിതരാക്കി മുന്നോട്ടു കൊണ്ടു പോയി അവരുടെ ആവശ്യം കഴിയുമ്പോൾ താഴത്തേ യ്ക്കു വലിച്ചെറിയുന്നതു്. കോഴിക്കുഞ്ഞുങ്ങൾ തോടു പൊട്ടിപ്പുറത്തു വന്നാൽ തോടുപേക്ഷിക്കുന്നതുപോലെ.

സെൻറിമെൻറാലിസത്തിൻെറ ഊഞ്ഞാലുകളിൽ ഇരുന്നാടുന്ന ഇത്തരം ചോട്ടാ വിപ്ലവകാരികൾ നമ്മുടെ സാഹിത്യത്തിൽ വരുത്തിക്കൂട്ടിയ വിന, വിനാശകര മാണു്. ഇടത്തരക്കാരായ ആളുകളുടെ ആത്മാവിൽ അനവധി പോറലുകൾ അവർ ഏല്പിക്കുകയും ചെയ്തു. ഇവയ്ക്കെല്ലാം പരിഹാരം കണ്ടെത്തുക സാധ്യവുമല്ല. വീണ്ടും ജീവിതം സുരക്ഷിതമാക്കുവാൻ വേണ്ടി കൊച്ചു കൊച്ചു പ്ലേറേറാമാർ കടന്നുവന്നു കവഞ്ചിക്കു് ഇവരെ അടിച്ചു രാജ്യത്തിനു പുറത്താക്കണം.

ജനസാമാന്യത്തെയും വ്യക്തികളെയും ജീവിത ത്തെത്തന്നെയും സംബന്ധിച്ചു് വളരെയേറെ ആഴത്തി ലേയ്ക്കു് ഇറങ്ങിച്ചെന്നു് അവിടെനിന്നും കിട്ടിയ അസം സ്കൃതസാധനങ്ങൾ തേച്ചുമിനുക്കി മനുഷ്യവർഗ്ഗത്തിനു കാഴ്ചവെയ്ക്കുവാൻ കഴിയുന്ന കലാകാരനേ, വിശുദ്ധാനു ഭൂതിയുടെ മണ്ഡലത്തിലേയ്ക്കു് ബുദ്ധിജീവികളെയും സാധാരണ മനുഷ്യരെയും ഉയർത്തുവാൻ കഴിയൂ. ജീവി

ത്തിൻെറ ആഴങ്ങളിലും തീരങ്ങളിലും സ്വച്ഛന്ദം വിഹരിക്കുവാൻ കലാകാരൻ തയ്യാറായിരിക്കണം. സാമൂഹ്യ രാഷ്ട്രീയ ശക്തികൾ അവനെ സ്വതന്ത്രനായി വിടുകയും ചെയ്യണം. സാംസ്കാരികമായാ ഒരു ചട്ടക്കൂട്ടിൽ അവൻ തനിയേ നിന്നുകൊള്ളും. ആരും അവൻെറ നേരേ പ്ലാനിംഗും പദ്ധതിയുമായി ഉമ്മാക്കി കാണിച്ചു പോകേണ്ടതില്ല.

## ജീവിത മൂല്യങ്ങൾ

സാംസ്കാരികമൂല്യങ്ങളിലും മാനുഷികമൂല്യങ്ങളിലും ജീവിതമൂല്യങ്ങളിലും സാമൂഹ്യമേഖലയിലും ഭൗതികമണ്ഡലത്തിലും ശ്രദ്ധ ചെലുത്തിയിരിക്കണം, സാഹിത്യകാരൻ. ആദർശ സമ്പന്നനായ എഴുത്തുകാർ ഭൂമിയിലെ "ദൈവപുത്ര"ന്മാരാണു്. അവൻെറ ആന്തരമായ സത്യസന്ധതയിലും ഭാവനാചോദനങ്ങളിലും നമുക്കു വിശ്വസിക്കാം. അങ്ങനെ നമ്മുടെ ജീവിതം കൂടുതൽ കൂടുതൽ വിലയുള്ളതാക്കിത്തീർക്കുന്നതിനു്—കാന്തിയും മൂല്യവുമുള്ളതാക്കി മാററുന്നതിനു്- അവനു് ഒരുപക്ഷേ കഴിഞ്ഞേയ്ക്കാം. അവനേ കൂട്ടുപിടിക്കുക; എന്നിട്ടു് ചിന്തിക്കുക. തീരുമാനങ്ങൾ നല്ലവയാണെങ്കിൽ നമുക്കു സ്വീകരിക്കാം. അങ്ങനെ അറിയുക എന്നതു് കേവലം ചിന്താപരം എന്ന നിലയിൽ നിന്നും തികച്ചും പ്രായോഗികമായിത്തീരുന്നു.

പഴയകാലത്തെ പല കലാകാരന്മാരും ജീവിതത്തിൽനിന്നും കലയെ മാററിനിറുത്തി. ഉദാ: കഥകളി.

സൗന്ദര്യവും നിർവൃതിയും ആണെന്ന് തങ്ങളുടെ ലക്ഷ്യമെന്നുകൂടി അവർ പ്രഖ്യാപിച്ചു. എന്നിട്ട് ജീവിതപ്രശ്നങ്ങളിൽ നിന്ന് മുഖം തിരിച്ചു. ശുദ്ധ പഴഞ്ചന്മാരും പിന്തിരിപ്പന്മാരുമായി അവരിന്നെണ്ണപ്പെടുന്നു.

**പുരോഗതി**

പഴയ കാലത്തേതിൽനിന്നും മനുഷ്യവർഗ്ഗം പുരോഗതിപ്രാപിച്ചു. പുരോഗതിയെന്നു പറയുന്നതു തന്നെ ഒരു ശൂല്യമാലിൽനിന്നു മററൊന്നിലേയ്ക്കു് താൽക്കാലികമായ ആശ്വാസത്തിനുള്ള മാററമാണല്ലോ. ഒരു നേർവരയിലൂടെയെന്നവണ്ണം ലോകം സദാ പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നും, ആ പുരോഗമനം താത്വികമായ ഭൗതികവാദം (Dialectical Materialism) ചൂണ്ടിക്കാണിച്ചുതന്നിട്ടുള്ള പടവുകളിലൂടെ തുടരുന്നുവെന്നുള്ള കമ്മ്യൂണിസ്ററുവാദം ഇന്ന് ആടിയുലഞ്ഞുകൊണ്ടിരിക്കുകയാണു്.

എങ്കിലും കമ്മ്യൂണിസ്ററു സംഘടന അടിയുറപ്പുള്ളതാകയാൽ പാർട്ടിയുടെ പ്രത്യയശാസ്ത്രം ഇന്നും നിരവധിയാളുകളിൽ പ്രേരണാശക്തിചെലുത്തുന്നു. ആദ്യകാലത്തെ കലാകാരന്മാരിൽ പലരും തനിപ്പിന്തിരിപ്പന്മാരായിരുന്നുവെന്നു് പരക്കെപ്പറഞ്ഞതും, അതു് ചെണ്ടകൊട്ടി ഘോഷിച്ചുകൊണ്ടു് നടന്നതും സാക്ഷാൽ കമ്മ്യൂണിസ്ററു പാർട്ടിയുടെ കങ്കാണി കലാകാരന്മാരാണു്. ഈ പുതിയ കമ്മ്യൂണിസ്ററു് എഴുത്തുകാരും മനുഷ്യന്റെ യഥാർത്ഥജീവിതത്തിൽ നിന്നും ഒഴിഞ്ഞു

മാറി. പാർട്ടിയുടെ വളർച്ചയ്ക്കുതകുന്ന ജീവിതപ്രശ്നങ്ങൾമാത്രം അവർകാണും. അവർ അവർക്കു വേണ്ടി പ്രത്യേക പ്രശ്നങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ച് ഉഷാറായി വേല ചെയ്യും. അതിനു് ഉതകത്തക്ക സാഹിത്യലൈൻ കണ്ടെത്തി അതിനു സുന്ദരമായ പേരു കൊടുത്തു—ജനകീയ സാഹിത്യം. ജനകീയതയുടെ മേൽവിലാസത്തിൽ മനുഷ്യ മഹത്വത്തിനെതിരേ ഒരു വിധത്തിലുള്ള തുരപ്പൻ പണിയാരംഭിച്ച് അവർ. സംസ്കാരത്തിൻെറ കലവറയിൽ കിഴുതകൾ ഉണ്ടാക്കി അവർ. സന്മാർഗ്ഗവേദിയിൽ ചെളിവാരിയെറിഞ്ഞു അവർ. നീതിശാസ്ത്രത്തിൻെറ മൂക്കു് അവർ ചെത്തി. മനുഷ്യർ തമ്മിലുള്ള സ്നേഹബന്ധത്തിനിടയിൽ വിടവുകൾ സൃഷ്ടിച്ചു. എന്നിട്ടു് അവയെ വികസിപ്പിച്ചു. ഒരിക്കലും കൂട്ടിമുട്ടാത്തവിധം അവയെ വിയോജിപ്പിച്ചു. തമ്മിലിടിപ്പിച്ച് തമ്മിലകററുവാൻ കമ്മ്യൂണിസ്ററുകാരേപ്പോലെ സമർത്ഥരായിട്ടാരാണുള്ളതു്? ഈ പണികൾ മുഴുവൻ ചെയ്യുവാനുതകുന്ന പ്ലാൻതയ്യാറാക്കിയതു് ബുദ്ധിജീവികൾ, താളമടിച്ചതു് കലാകാരന്മാർ, ഹല്ലേലൂയ്യാ പാടിയതു് എഴുത്തുകാർ. ഈ കൂലിയെഴുത്തുകാരെല്ലാംകൂടി ചിന്താപരമായി ആഴമില്ലാത്ത—പ്രചരണപ്രധാനമായ—വെറും പീറക്കവിതകളും കഥകളും തട്ടിക്കൂട്ടി.

### വാടകയെഴുത്തുകാർ

പട്ടിണി, വിപ്ളവം, രക്തച്ചൊരിച്ചിൽ, മുതലാളിയും, കള്ളിപ്പുലക്കള്ളിയും, കള്ളക്കാ

മുകനായ മുതലാളിപ്രശ്നം—തൊഴിലാളിമുതലാളി സംഘട്ടനം, ഇവമാത്രമായി സാഹിത്യത്തിലെ പ്രമേയങ്ങൾ. ഈ വക പരിപാടികൾവെച്ച് കലാകാരനെഴുതണം. പഞ്ചവത്സരപദ്ധതിയനുസരിച്ച് പാലവും അണക്കെട്ടും ഉണ്ടാക്കുന്നതുപോലെ നോവലും നാടകവും ഉണ്ടാകണം.

എന്തുപററി ഇതുമൂലം? ഇവരെല്ലാം ജീവിതത്തിന്റേതായ പ്രശ്നങ്ങളിൽനിന്ന് അകന്നുനിന്നു. മനുഷ്യനെ അടിസ്ഥാനപരമായി ബാധിക്കുന്ന പ്രശ്നങ്ങളുടെ നേരേ ഒരു തിരശ്ശീലയെടുത്തിട്ടു. എന്നിട്ട് താഴ്ന്നനിലവാരത്തിൽ (ബുദ്ധിയുടെ കാര്യത്തിൽ) ജീവിക്കുന്ന ബഹുജനങ്ങളുടെ ശ്രദ്ധയെ വേറേ ചിലതിലേയ്ക്കു് ആകർഷിച്ചു. അവരെ അവിടെത്തന്നെ തളച്ചിട്ടു. എന്നിട്ട് അവരിൽനിന്നു പണവും അവരുടേതായ ശക്തിയും പിടിച്ചുവാങ്ങി. റെഡീമെയ്ഡ് ഭക്ഷണപ്പൊതികളും റെഡീമെയ്ഡു് വസ്ത്രങ്ങളുംപോലെ റെഡീമെയ്ഡ് ചിന്തകളും അവർ വിതരണം ചെയ്തു. 'സമുദായത്തിലെ' 'പ്രതിലോമ'ശക്തികളെ 'അരിഞ്ഞു' വീഴ്ത്തുവാൻ എന്ന ഉദ്ദേശത്തിൽ ഉണ്ടാക്കിവിടുന്ന ഇന്നത്തെ പ്രതിഷേധസാഹിത്യത്തിലെ വിപ്ലവായുധങ്ങളിൽ ഒട്ടുമുക്കാലും ചെന്നുവീഴുന്നതു് അവ പണുതുവിടുന്നവരുടെയും പാവങ്ങളുടെയും കണ്ഠങ്ങളിലാണു്. വിപ്ലവത്തിന്റെ പക്ഷത്തുനിന്നു് അവർക്കു് ഉശിരും ഉണർവും നല്കാൻ അവരുടെ ആത്മാക്കളിൽ ആശയുടേയും ആശയത്തിന്റെയും വിളിവിളിക്കുന്ന മിക്ക കഥയെഴുത്തുകാരും അവശരെ—

36565

പീഡിതരെ—കൂടുതൽ അവശരാക്കുകയാണു് ചെയ്യുന്നതു്.

"നമ്മെ വിപ്ലവത്തിന്റെ പക്ഷത്തിലേയ്ക്കു് പരിവർത്തിപ്പിച്ചെടുക്കുവാൻ നമ്മുടെ കഥാകാരന്മാർ തെരുവുകളിൽനിന്നും ചെററപ്പുരകളിൽനിന്നും ദന്തഗോപുരങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന യാഥാർത്ഥ്യങ്ങൾ പലപ്പോഴും തമ്മിൽ യാഥാർത്ഥ്യപ്രതീതി അണുമാത്രപോലും അങ്കുരിപ്പിക്കുന്നില്ല. നേരെമറിച്ചു് അവ പലപ്പോഴും അസാധാരണങ്ങളും അസംഭാവ്യങ്ങളും അസംഗതങ്ങളുമായിട്ടാണു് അനുഭവപ്പെടുന്നതു്. മുന്നോട്ടുള്ള അനന്തമായ ദൂരത്തെക്കരുതി നമ്മുടെ കഥാകാരന്മാർ എറിയുന്ന അവരുടെ കൈ ദൂരത്തേയ്ക്കാഞ്ഞു വീഴുക അസാധാരണമാണു്." പഴയ പിന്തിരിപ്പൻ കലാകാരന്മാരുടെ പുതിയ അവതാരമാണു് കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർ.

KOTTAYAM PUBLIC LIBRARY KOTTAYAM

ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാതന്ത്ര്യം സ്ഥാപിച്ചെടുക്കുവാൻ വെമ്പുന്ന ആധുനിക മനുഷ്യവർഗ്ഗത്തിന്റെ പ്രവർത്തനത്തിന്റെ രാജവീഥിയിൽനിന്നു് തുടലുപൊട്ടിച്ചു പുറത്തുചാടിയ ഈ പിന്തിരിപ്പൻ പേപ്പട്ടികൾ ആവേശകരമായി കുരയ്ക്കുകയും മനുഷ്യനെ കടിക്കുകയും ചെയ്യുകയാണു്. ഇവരുടെ മുമ്പിൽ—ഈ പേപിടിച്ച മനുഷ്യരുടെ മുമ്പിൽ സമാധാനത്തിന്റെ അപ്പസ്തോലന്മാർ എന്തു ചെയ്യണം? കൊത്താൻവരുന്ന പാമ്പിനെ കൈയ്യിൽ ബൈബിളാണിരി

ക്കുന്നതെങ്കിലും അതുകൊണ്ടടിച്ചു വീഴ്ത്തുക എന്ന ഗാന്ധിജിയുടെ ആശയമാണിവിടെ ഓർമ്മവരുക. പണിമുടക്കിലൂടെ—ജാഥകളിലൂടെ, മുദ്രാവാക്യങ്ങളിലൂടെ—പ്രസംഗങ്ങളിലൂടെ, സമരങ്ങളിലൂടെ, സാമൂഹ്യസാമ്പത്തിക വിപ്ലവം സാധിപ്പിക്കുവാൻ പാടുപെടുന്ന കമ്മ്യൂണിസ്റ്റു സാഹിത്യകാരന്മാരെടുത്തു് അമ്മാനമാടാനുള്ളതല്ല സാഹിത്യം. അവർ വെറും ലഘുലേഖക്കാരാണു്. വാൾപോസ്റ്ററും നോട്ടീസും എഴുതുന്നവരൊക്കെ കലാകാരന്മാരാണെങ്കിൽ അങ്ങനെതന്നെ ആവട്ടെ!

**കടമയും ലക്ഷ്യവും**

പുതിയ സാദ്ധ്യതകളെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും സൂചിപ്പിക്കുക, കലാകാരന്റെ കടമയാണു്. അതിനു് ഒരു മാർഗ്ഗവും ഒരു ലക്ഷ്യവും മാത്രമേ ആകെക്കൂടി ഉണ്ടായിരിക്കാവൂ എന്നു് ശാഠ്യം പിടിക്കരുതു്. തന്നെയുമല്ല അതു പ്രതിഷേധാർഹവുമാണു്. ഒരു 'നല്ല നാളെ'യുടെ ചിത്രം മുൻകൂട്ടിക്കാണാനും അതു വരച്ചു് ജനതയ്ക്കു കൊടുക്കുവാനും കലാകാരനു ധാർമ്മികമായ ചുമതലയുണ്ടു്. ഒരു ക്രാന്തദർശിക്കു് അതു് കഴിയുകയും ചെയ്യും.

**നന്മനിറഞ്ഞ ഭൂമി**

മനുഷ്യനിന്നു് ദേവനിലേയ്ക്കു് വളരുവാൻ ശ്രമിക്കുകയാണു്. സമാധാനത്തിന്റെ പറുദീസായെ ലക്ഷ്യമാക്കിക്കുതിക്കുകയാണവനിന്നു്. എങ്കിലും ജീവിക്കാ

നാഗ്രഹിക്കുന്നതുപോലെ ജീവിക്കാനവർക്ക് കഴിയുന്നില്ല. ഈ കഴിവ് ഉണ്ടാക്കിക്കൊടുക്കുവാൻ കഴിവുള്ളതു് കലാകാരൻമാത്രമാണു്. അവർ ശ്രമിച്ചാൽ ഭൂമിയിൽ, നന്മനിറഞ്ഞ കൂടുതലാളുകളെ വാർത്തെടുക്കുവാൻ കഴിയും.

ജീവിതം എന്നു് സൂചിപ്പിക്കുന്നതു തന്നെ ഒരു വ്യക്തിയുടേതല്ല; ഒരു കാലഘട്ടത്തിൻേറതുമല്ല. തലമുറ തലമുറയായി ഒഴുകി ഒലിച്ചുവരുന്ന ആ ചൈതന്യധാരയെയാണു് അർത്ഥമാക്കുന്നതു്. ഇതുകൊണ്ടാണു് ഏതു കലാസൃഷ്ടിയും ജീവിതത്തിൽനിന്നു് അടർത്തിയെടുക്കുന്നുവെന്നു പറയുവാൻ കാരണം. സാഹിത്യം ജീവിതത്തിൻെറ പ്രതിഫലനം മാത്രമല്ല, പ്രതിഫലനങ്ങളിൽ മുഖ്യമായതുകൂടിയാണു്. ഇവിടെയാണു്, കല ജീവിതത്തെ പകർത്തണം; വ്യാഖ്യാനിക്കണം; വിമർശിക്കണം; എന്നിട്ടു വിധിയെഴുതുകയുംകൂടി ചെയ്യണമെന്ന വാദമുഖം തിളച്ചുപൊന്തിയതു്.

ജീവിത പ്രതിഭാസങ്ങൾ കലയിൽ കലർന്നിരിക്കണം. അവയുടെ അതിപ്രസരമാണു് സാഹിത്യസൃഷ്ടിയെ ആരോഗ്യപൂർണ്ണമാക്കുന്നതു്; ആയുസ്സ് നൽകുന്നതു് വ്യക്തികൾക്കു് ജീവിതത്തിൻേറതായ, ജീവിതത്തിൽനിന്നും, കൂട്ടായ ജീവിതത്തിൽ നിന്നും കിട്ടുന്നതിൽ കൂടുതൽ ആശയങ്ങളും ആനന്ദവും ആശയും ആവേശവും ജീവിതത്തിൻെറ വിവർത്തനാത്മകമായ കലാസൃഷ്ടികൾ വിതരണം ചെയ്യും. 'അസ്സലി'നെ പകർപ്പ്

കീഴടക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. കാററു് വിതച്ചാൽ കൊടുങ്കാററു് കൊയ്യാമെന്നു് ക്രിസ്തു പറഞ്ഞതും ഇതുകൊണ്ടാണു്. കലാസൃഷ്ടി മനുഷ്യജാതിയുടെ മദ്ധ്യത്തിൽനിന്നു് ഉരുത്തിരിയുകയും അവസാനം അതു് അവരെ കർമ്മനിരതരാക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രവണതയുടെ മൂലകാരണങ്ങൾ കാണാൻ കഴിയാതെപോയ കലാകാരന്മാരാണു് മോഷണം നടത്തുന്നുവെന്ന ആരോപണം ഉന്നയിച്ചവരും. സത്യത്തിൽ ജീവിതപ്രതിഫലനാത്മകങ്ങളാണു് കൃതികൾ.

രണ്ടു്

# സത്യം—
# ജീവിതത്തിലും സാഹിത്യത്തിലും

സത്യത്തിൻെറ സൗന്ദൎയ്യക്ഷേത്രത്തിൽ പൂജ അർപ്പിക്കാത്ത എല്ലാ നേതാക്കന്മാരും താൽക്കാലികമായി ചില വിജയങ്ങൾ നേടിയതല്ലാതെ, പറയത്തക്ക — നീണ്ടുനില്ക്കുന്ന — ശാശ്വതമായ വിജയമാർജ്ജിച്ചവരല്ല. യേശുവും സോക്രട്ടീസും ഗാന്ധിജിയും കെന്നഡിയും വിജയിച്ചുവെങ്കിൽ അവരുടെ സത്യസന്ധതകൊണ്ടു മാത്രമാണു്.

സോക്രട്ടീസ്സ് തൻേറതായ വിശ്വാസപ്രമാണങ്ങൾ ജനതയുടെ മുമ്പിൽ അവതരിപ്പിച്ചു. പൊതുജനം അദ്ദേഹത്തെ നിന്ദിച്ചു (പൊതുജനം കഴുതയെന്നാണല്ലോ മതം. ഒന്നിച്ചുകൂടുമ്പോൾ അവർ പന്നികളെപ്പോലെയാണു്; തിന്നണം, കുടിയ്ക്കണം, തമ്മിലിടിയ്ക്കണം, മുരമുരക്കണം...) എങ്കിലും തനിക്കു് സത്യമെന്നു തോന്നിയതിൽ അദ്ദേഹം ഉറച്ചുനിന്നു. സത്യം കണ്ടെത്തുവാനുള്ള മാൎഗ്ഗം അദ്ദേഹം യുവജനങ്ങൾക്കു് കാണിച്ചുകൊടുത്തു. നിർഭാഗ്യമെന്നു പറയട്ടെ എല്ലാക്കാലത്തും സത്യ

സന്ധന്മാർക്ക് പ്രതിഫലം നീണ്ട പീഡാനുഭവം മാത്രമാണു്. ഭൂമിയിൽ കുരിശ്ശുചുമക്കാത്ത ഒരു സത്യസന്ധനേയും നമുക്കു് കാണുവാൻ കഴിഞ്ഞിട്ടില്ല. സത്യം എല്ലാക്കാലത്തും കുരിശിൽ തൂങ്ങികിടന്നാട്ടകതന്നെ ചെയ്തു. പണ്ടു് അങ്ങനെയായിരുന്നു. ഇന്നും അതുതന്നെ ആവർത്തിക്കുന്നു. നാളെയും സത്യത്തിനെതിരായി കാപട്യത്തിൻെറ ശത്രുക്കൾ ധീരമായി പൊരുതുക തന്നെ ചെയ്യും. പക്ഷേ ആ സത്യത്തെ, മരണം കൊടുത്തു് കാത്തു സൂക്ഷിക്കുവാൻ അത്തരം മഹാന്മാർ തയ്യാറാകുകയും ചെയ്യും.

**തത്വജ്ഞാനം**

തത്വചിന്തകന്മാർക്കേ ഇങ്ങനെ കഴിഞ്ഞുകൂടുവാൻ സാധിക്കൂ. ശുദ്ധമായ ധ്യാനത്തിൽ അങ്ങേയററത്തെ പടിയാണു് തത്വവിജ്ഞാനം. അതു മററു് അറിവുകളെക്കാളും സ്വയം പര്യാപ്തവുമാണു്. പരമമായ യാഥാർത്ഥ്യത്തെ പൂർണ്ണമായി ദർശിക്കുക എന്നതാണു് തത്വവിജ്ഞാനമെന്നു ശരിയ്ക്കും അറിവുള്ള വിശാലാശയരാണു് സത്യത്തോടു് അമിതമായ മമത കാണിച്ചതും. തത്വവിജ്ഞാന പഠനം, പ്ലേറേറാ പറയുന്നതുപോലെ, ആത്മാവിൻെറ നേത്രത്തെ സാധാരണ വസ്തുക്കളുടെ രൂപത്തിൽനിന്നും അനശ്വരമായ യാഥാർത്ഥ്യങ്ങളിൽനിന്നും മാററി നിത്യസത്യത്തിലേയ്ക്കു തിരിച്ചുവിടലാണു്. സത്യത്തിൻെറ മജ്ജയിലേയ്ക്കാണു് അതിൻെറ പ്രയാണം. ആ യാത്രയ്ക്കു്, തയ്യാറെടുക്കുന്നവൻതന്നെ സത്യ

ത്തിൻെറ നേരിയ ചിത്രം ഭാവനയിലെങ്കിലും ദർശിച്ച വിജ്ഞാനിയായിരിയ്ക്കണം. ശുദ്ധവും സ്വയം പര്യാപ്തവുമായ ഉൾക്കാഴ്ച ശരിയ്ക്കും ലഭിക്കുന്ന അപൂർവ്വസന്ദർഭങ്ങളിൽ മനുഷ്യൻ ദിവ്യനാകുകയും ചെയ്യുമല്ലോ. അങ്ങനെ ദിവ്യനായ ചിന്തകനായിരുന്നു സോക്രട്ടീസ്.

സത്യത്തെപ്പററി പറയുവാൻ തനിക്കു സാദ്ധ്യമല്ലെങ്കിലും ഹ്രസ്വമായ ലോകജീവിതത്തെ വെടിയുവാൻ അദ്ദേഹം തയ്യാറെടുത്തു. പൊതുജനം നിയമത്തിൻെറ തണലിൽ നിന്നുകൊണ്ടു് അദ്ദേഹത്തിനു വിഷം കൊടുത്തു. ആ സത്യവാദി അതു വലിച്ചുകുടിച്ചു. തനിക്കു സ്വന്തമായ ആശയും ആവശ്യവും ഇല്ലാത്ത ഒരു തത്വജ്ഞാനി എന്തിന് മരണത്തെ ഭയപ്പെടുന്നു. അതു രണ്ടും അതുപോലുള്ള ഭാവങ്ങളും ഏതെങ്കിലും കുറവിനെയാണു കാണിക്കുന്നതെന്നു് ശരിക്കും അറിഞ്ഞവരാണല്ലൊ ഇത്തരം ദാർശികന്മാർ.

മാററമുള്ളിടത്തെല്ലാം ഉൾപ്പിരിവുകൾ ഉണ്ടു്. അവ തമ്മിൽ തമ്മിൽ കൂട്ടിയടിക്കും. ഐക്യത്തിൻെറ സുവിശേഷം രണ്ടുപേരും വിളിച്ചുപറയുകയും പഴയതുപോലെ നില്ക്കുകയും ചെയ്യും. ഒന്നിന് മറെറാന്നിനെ കീഴടക്കിയേ വളരാനൊക്കൂ. അവിടെ സ്വരഭംഗം ഉണ്ടാകുന്നു; സംഘട്ടനം ഉളവാകുന്നു; ആ സമരത്തിൽ നിന്നു് പുതിയവ ഉത്ഭവിക്കുന്നു. ചിലപ്പോൾ ഒന്നു് തീർത്തു നശിക്കുകയും മററതു് തീർത്തും വിജയിക്കുകയും ചെയ്യുന്നു.

ഈവക സത്യങ്ങളെ വ്യക്തമായി അറിയാമായിരുന്ന സോക്രട്ടീസ് അന്ധകാരത്തിൻെറ ശക്തിയെ ജയിച്ചു; എതിർത്തല്ല, കീഴ്‌വഴങ്ങി; 'മൈനസ്സും' 'മൈനസ്സും' തമ്മിൽ ഗുണിക്കുമ്പോൾ 'അധിക'മാണു് ഫലം.

യേശുവിൻെറ ജീവിതത്തിലും ഈ സത്യം കാണാം. സത്യത്തിന്ന് എല്ലാററിനുമുപരി വില കല്പിച്ചു തന്നെ, തൻെറ അരുമശിഷ്യന്മാരിൽ ഒരാൾ ചുംബിച്ച് ഒററിക്കൊടുക്കുമെന്നു് മുൻകൂട്ടി അറിയാമായിരുന്നിട്ടും (ആ സത്യം മുൻകൂട്ടി പറയുകയും ചെയ്തു.) അതിൽനിന്നു് ഒളിച്ചോടുവാൻ ശ്രമിച്ചില്ല. സത്യമായ മാർഗ്ഗത്തിലൂടെ മാത്രം സത്യത്തിൻെറ ശ്രീകോവിലിലേക്ക് 'കാൽവരി' കയറി കടന്നു ക്രിസ്തു. പീഡാനുഭവത്തിൻെറ 'കാസ'യിൽനിന്നു് ജീവിതത്തിൻെറ കയ്പുനീർ വലിച്ചുകുടിക്കുമ്പോൾ അദ്ദേഹം അതൃപ്തി പ്രകടിപ്പിച്ചുമില്ല.

സത്യത്തോടുള്ള ഈ ആദരവാണു് ക്രിസ്തുവിനെ എന്നെന്നും ജീവിപ്പിച്ചതും.

ഗാന്ധിജി ഒരു സത്യാന്വേഷകനായിരുന്നു. അഹിംസയുടെ ആയുധവുമായി സമരത്തെ അഭിമുഖീകരിച്ചു ഈ വലിയമനുഷ്യനും, വെടിയുണ്ട സമ്മാനിക്കുവാൻ മനുഷ്യരുണ്ടായിരുന്നു.

**കള്ളനാണയങ്ങൾ**

ഹിററ്ലറും മുസ്സോളിനിയും സ്റ്റാലിനും സത്യത്തിൻെറമേൽ ശവക്കച്ച വലിച്ചിട്ടവരാണു്. കാപട്യം

സത്യത്തിൻെറ വർണ്ണക്കടലാസ്സിൽ പൊതിഞ്ഞു് മിഠായിപോലെ വിതരണം ചെയ്ത ഏകാധിപതികളായിരുന്നു അവർ. ആ തീക്കളിയിൽ സ്റ്റാലിനാണു് ഏററവും കൂടുതൽ കള്ളനാണയങ്ങൾ അടിച്ചിറക്കി ജനതയെ വട്ടം കറക്കിയതു്. അദ്ദേഹത്തിനു് ലോകജനത ചുട്ട മറുപടി അന്നേ കൊടുത്തിരുന്നു. അവസാനം സ്റ്റാലിൻെറ പ്രേതത്തെ പിടിച്ചുനിറുത്തി ക്രൂഷേവ് ചാട്ടവാറു കൊണ്ടു് അടിയ്ക്കുകയും ചെയ്തു.

സത്യത്തിൻെറ വിത്തുകൾ വിതച്ചവർ അതു അതിൻെറ ഇരട്ടിയായി കൊയ്തു. വഞ്ചന വിതച്ചവർക്കു് അതു തിരികെ കിട്ടി.

യേശുവും സോക്രട്ടീസും ബുദ്ധനും ലിങ്കണും കെന്നഡിയും വിജയിച്ചതു് അവരുടെ ജീവിതത്തിൽ സത്യം നിറഞ്ഞുനിന്നിരുന്നതുകൊണ്ടാണു്. അവർ സത്യത്തിൻെറ സൗന്ദര്യം കണ്ടെത്തിയവരായിരുന്നു. സത്യാന്വേഷകരായിരുന്നു; സത്യത്തിൻെറ പ്രവാചകന്മാരും പ്രചാരകന്മാരും അവരാണു്, അന്നുമുതൽ ഇന്നുവരെയും.

ജീവിതത്തിൻെറ ധാർമ്മികസത്ത സത്യത്തിന്റെ കലവറയിൽ നിന്നാണു് അരിഞ്ഞെടുക്കുന്നതു്. അതു മനസ്സിലാക്കിയവർ ചുരുങ്ങും. അനുസരിച്ചവർ അതിലും ചുരുങ്ങും. മാനുഷികമൂല്യങ്ങളിൽ ഏററവും പ്രധാനമായ സ്ഥാനം സത്യത്തിനു നൽകിയതുകൊണ്ടു് അവർ വിജയിച്ചു.

പ്രചരണത്തിൻെറ 'പീലാസാ'യിൽനിന്ന കാപട്യത്തിൻെറ ഗോതമ്പപ്പം വിററ്, നല്ല നാണയങ്ങഠം ജനതയിൽ നിന്നും പിടിച്ചുപററിയ—മനുഷ്യജാതിയുടെ പുരോഗതിയുടെ മേഖലയിൽ അടിവില്ലു് കളിച്ചുവെച്ചു് പാവപ്പെട്ട മനുഷ്യനെ ജീവിനോടെ പിടിച്ചു് ഇരുമ്പഴിക്കകത്താക്കിയ—ഈ വഞ്ചനയുടെ മൊത്തക്കച്ചവടക്കാർ, രാവണനൻെറയും ജൂഡാസിൻെറയും ഈയാഗോവിൻ്റെയും പുതിയ പതിപ്പുകളാണു്. ചിന്തയെക്കാഠം, സ്മരണയാണു മനുഷ്യനെ നിയന്ത്രിക്കുന്നതു്. ആദ്യത്തെ വിഭാഗത്തിൽ പെട്ടവരുടെ സ്മരണ നമ്മെ ഔന്നത്യത്തിലേയ്ക്കു് ഉയർത്തും. രണ്ടാമത്തെ കൂട്ടരുടെ സ്മരണ നമ്മിൽ നന്മയിലേയ്ക്കു് നോക്കുവാൻ വെറുപ്പും അറപ്പും ഉണ്ടാക്കുന്നു.

കൃതികഠം മനുഷ്യജീവിതത്തിൽനിന്നു് കടഞ്ഞെടുക്കുന്നു. സ്വന്തം ജീവിതാനുഭവങ്ങളുടെ പ്രേരണയാണു് തീവ്രതരമായിരിക്കുന്നതുമതിനു്. ആ അനുഭാവങ്ങഠംക്കു ചില പോരായ്മകഠം ഉണ്ടു്. അനുഭവമണ്ഡലത്തിനുപരിയായി നിന്നുകൊണ്ടു് എഴുതുവാൻകൂടി കഴിയാത്ത കലാകാരനു് ജീവിതത്തെ സമഗ്രമായി കാണുവാനും വ്യാഖ്യാനിയ്ക്കുവാനും പ്രകാശിപ്പിക്കുവാനും വയ്യ. കയ്യിൽ കിട്ടിയ കരുക്കഠം വച്ചുകൊണ്ടു് ധീരമായ ചില അഭ്യൂഹങ്ങഠം നടത്തുവാൻ സാഹിത്യകാരനു് ധൈര്യമുണ്ടായിരിക്കണം. ഇവിടെയാണു് അവനിലെ ക്രാന്തദർശി പിടഞ്ഞെഴുന്നേററ് പണിയെടുക്കുന്നതു്.

നൈമിഷികമായ വിശപ്പും ക്ഷണികമായ വികാരവും നൈമിഷികമായ ആനന്ദവുമാണു്, മനുഷ്യജീവിതത്തിൻെറ തുടിയ്ക്കുന്ന താളുകളിൽ തടിച്ചു നില്ക്കുന്നതു്. ഇവയെമാത്രം കൈമുതലായി കരുതുന്ന കലാകാരൻ പരാജയപ്പെടും.

**തെററും ശരിയും**

ചിലപ്പോഴൊക്കെ വൈദ്യന്മാർക്കു് തെററുപററും. മുൻകൂട്ടി കാണാൻ കഴിയാത്ത വ്യതിയാനങ്ങൾ ഓരോ പ്രത്യേക സുഖക്കേടുകളിലും വരാമല്ലോ. പക്ഷേ മുൻകൂട്ടി കാണാൻ കഴിയുന്ന വൈദ്യനേ വിജയിയ്ക്കൂ. അല്ലെങ്കിൽ അമ്പേ തകരും. ഇതേ സ്വഭാവമാണു് സാഹിത്യകാരനിലും കാണുന്നതു്. മുൻകൂട്ടി കാണാൻ കഴിയാത്ത പ്രതിഭാശാലി, സാഹിത്യകാരൻ എന്ന പേരിനു് അർഹനല്ല.

എന്നു് തന്നെയുമല്ല സാഹിത്യകാരൻ ഒരു സത്യാന്വേഷകൻ കൂടിയായിരിയ്ക്കണം. ഈ അന്വേഷണ വ്യഗ്രത പ്രകടമായി കാണണമെന്നില്ല. സത്യസന്ധതയുടെ അടിയൊഴുക്കു് എല്ലാ കലാസൃഷ്ടികളിലും കാണണം. ഇല്ലെങ്കിൽ അകാലത്തിൽ ആവക കൃതികൾ ബോധം കെട്ടു് വഴിയിൽ വീഴും.

പ്രചരണത്തെ ലക്ഷ്യമാക്കി എഴുതിയവർക്കെല്ലാം അടി കിട്ടിയിട്ടുണ്ടു്. എണ്ണീക്കുവാൻ കഴിയാത്ത വിധത്തിൽ അവർ വീണിട്ടുണ്ടു്.

എഴുത്തുകാർ സത്യസന്ധരായിരിക്കണം. വ്യക്തിപരമായ ജീവിതത്തിൽ അവൻ എത്ര കൊള്ളരുതാത്തവനായിരുന്നാലും കലാസൃഷ്ടിയുടെ അടിയിൽ സത്യത്തിന്റെ നനവുള്ള മണ്ണ് ഉണ്ടായിരിക്കണം. എങ്കിലേ അവ നിലനിൽക്കൂ.

**മനുഷ്യാത്മാവിന്റെ നൊമ്പരങ്ങൾ**

ടോൾസ്റ്റോയിയും ഷേക്സ്പീയറും കീററ്സും ചങ്ങമ്പുഴയും വിജയിച്ചതു് ഇവിടെയാണ്. ടോൾസ്റ്റോയ് ആദ്യകാലത്തു് ചീഞ്ഞുനാറിയ ജീവിതം നയിച്ച ആളാണ്. പിന്നെ ഒരു ഋഷിയെപ്പോലെ മാറിയെന്നു മാത്രം. എങ്കിലും അദ്ദേഹത്തിന്റെ കലാസൃഷ്ടികൾ മുഴുവൻ സത്യത്തിന്റെ തീച്ചൂളയിൽ വെന്തെടുത്തതാണ്. അന്നയുടെ സ്വഭാവം അവളുടെ പ്രവർത്തനത്തിലൂടെ വരച്ചുപോയപ്പോൾ ഒരിക്കലും അതിനിടയിൽ ഒരു തനിക്കാപട്യമെങ്കിലും കുത്തിച്ചെലുത്തുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അന്നയുടെ അവസാനം അവളുടേതു മാത്രമായിരുന്നു. അവൾ തനിക്കു തോന്നിയതു പറയുകയും തോന്നിയതുപോലെ ജീവിക്കുകയും ചെയ്തു. അവൾ അവളുടേതായ വികാര വിചാരങ്ങളുടെ ഓളപ്പരപ്പിൽക്കൂടി സഞ്ചരിക്കുകയും ചെയ്തു. (നിന്റെ പ്രവൃത്തി നിന്നെ വേട്ടയാടും എന്ന സ്ഥാപകയോഹന്നാന്റെ വാക്യം ഓർമ്മിക്കുക.)

സാഹിത്യ സൃഷ്ടികളിലെ സത്യസന്ധതയെപ്പററി പറയുമ്പോൾ, ഏററവും കാര്യമായി കരുതുന്ന ഭാഗമി

KOTTAYAM PUBLIC LIBRARY KOTTAYAM

വിടെയാണ്—അതായത്, അന്നയുടെ മാനസിക ഭാവത്തിൽ ടോൾസ്റ്റോയിയിലെ മനുഷ്യനോ, യുക്തിവാദിയോ, ഋഷിയോ ഒരിക്കലും കൈകടത്തിയില്ല. അദ്ദേഹത്തിലെ കലാകാരൻ ഏതോ അമാനുഷമായ ലഹരിയോടുകൂടി അങ്ങ് എഴുതിപ്പോയെന്നു മാത്രം.

കീററ്സ് "ഓഡ് ററു ദി നൈററിംഗെയിൽ" എന്ന കവിതയിൽ താൻ മരണത്തോട് പ്രകൃതിയും പ്രേമബദ്ധനായിക്കൊണ്ടാണു ജീവിക്കുന്നതെന്ന് സൂചിപ്പിച്ചു. ഹൃദയത്തിൻെറ അത്യഗാധതയിൽനിന്നാണ് ആ വിചാരം കുമളയിട്ട് ഉയൎന്നതു്. അതു തുറന്നു പറയുകയുംചെയ്തു. ഫ്രാനിബ്രൗണിനോടുള്ള അനുരാഗം അത്തരം ഒരു ഗതികേടിൽ എത്തിച്ചു. അപ്പോഴത്തെ മാനസിക ഭാവത്തെ കീററ്സ് ആവിഷ്കരിച്ചുവെന്നു മാത്രം. എന്നാൽ വേർഡ്സ്‌വർത്തിനെപ്പോലുള്ള ഒരു തത്ത്വചിന്തകനായ കവിയാണ് ഇങ്ങിനെ പാടിയിരുന്നതെങ്കിൽ നമുക്ക് അതിൽ വിശ്വാസം വരികയില്ല. കലാസൃഷ്ടികളുടെ നീലഞരമ്പുകളിലൂടെ കലാകാരൻെറ ചുടുരക്തം തന്നെയാണ് ഒഴുകുന്നതു്. എങ്കിലേ പറയുന്നതിൽ സത്യസന്ധത ഉണ്ടായിരിക്കുകയുള്ളൂ. ലിയോഹാർഡി, മരണം ജീവിതത്തിൻെറ ലക്ഷ്യമാണെന്നും ജീവിതത്തേക്കാൾ നല്ലതു മരണമാണെന്നും രേഖപ്പെടുത്തി. ആത്മാവിൻെറ ശബ്ദം തന്നെയായിരുന്നു അതു്. വേദനിക്കുന്ന മനുഷ്യാത്മാവിൻെറ രോദനമാണ് അദ്ദേഹത്തിൻെറ കൃതികളിലുടനീളം അലതല്ലിയതു്. വിഷാദാത്മകമായ കവിത ഇത്രയും കലാ

പരമായി ആവിഷ്ക്കരിച്ച മററൊരു കലാകാരനേയും കണ്ടെത്തുക പ്രയാസമാണ്. വേദനയുടെ ഹിമാലയ പർവ്വതം വിഴുങ്ങിയ മനുഷ്യസ്നേഹിയാണ് അദ്ദേഹം. പീഡാനുഭവത്തിൻെറ കോട്ടകൊത്തളങ്ങളിൽ കഴിഞ്ഞുകൂടേണ്ടി വന്നു. ആ സാഹിത്യകാരൻ മരണത്തെ സ്വാഗതംചെയ്തുകൊണ്ടുള്ള ഈരടികൾ മെനഞ്ഞെടുത്തുവെങ്കിൽ അതിൽ അത്ഭുതത്തിനു് അവകാശമില്ല. മറിച്ച് മോപ്പസാങ്ങിനേപ്പോലുള്ള ഒരു ജീവിതക്കൊതിയനാണ് ബ്രൗണിംങ്ങിനെപ്പോലുള്ള ഒരു ജീവിതവേദാന്തിയാണ്—വള്ളത്തോളിനെപ്പോലുള്ള ഒരു ശുദ്ധ സൗന്ദര്യത്തിൻെറ കവിയാണ്—സിസ്റ്റർ മേരിബനിഞ്ഞായേപ്പോലുള്ള ഒരു ശുഭാപ്തിവിശ്വാസത്തിൻെറ സന്ദേശവാഹകയാണ്—അങ്ങനെ പറഞ്ഞതെങ്കിൽ ആവക കൃതികൾ പണ്ടേ മണ്ണിനടിയിലാകുമായിരുന്നു. ഇതാണ് കൃതികളിലെ സത്യസന്ധതയെന്നു് നമ്മൾ വ്യവഹരിക്കുന്നതും.

## സത്യത്തിൻെറ കലവറ

സാഹിത്യത്തിൻെറ വേരുകൾ സത്യത്തിൻെറ കലവറയിൽനിന്നു് വെള്ളവും വളവും വലിച്ചെടുത്തേ മതിയാവൂ. എങ്കിലേ നിലനിൽക്കു. സത്യത്തോട് ആദരവു കാണിക്കാത്ത കലാകാരൻ മിന്നാമിനുങ്ങിനെപ്പോലെ ഒന്നു മിന്നിമറയുക മാത്രമേ ചെയ്യൂ.

സാഹിത്യകൃതികളിൽ സത്യസന്ധതയുണ്ടായിരിക്കണമെങ്കിൽ സത്യസന്ധമായ ജീവിതത്തെ കലാകാരൻ

പടത്തിയെടുക്കണം. ചുരുക്കത്തിൽ സത്യസന്ധമായ ജീവിതത്തിൻെറ വ്യാഖ്യാനമായിരിക്കണം കലാസൃഷ്ടികളിൽ ആവിഷ്കരിക്കേണ്ടതു്.

സത്യത്തിന്നു് സാഹിത്യത്തിലും ജീവിതത്തിലും അമിതമായ സ്ഥാനമുണ്ടു്. ജീവിതത്തിൽ സത്യത്തെ ആദരിച്ചവരേ വിജയിക്കൂ.

ഒരു സംഗതി കൂടി. സാഹിത്യത്തിൽ കാപട്യക്കാരൻെറയും നീതിമാൻെറയും ജീവിതം ചിത്രീകരിച്ചു വിജയിക്കാം. എന്നാൽ ജീവിതത്തിൽ, സത്യത്തെ ആദരിച്ചവരേ വിജയിച്ചിട്ടുള്ളൂ.

മൂന്നു്

# ജീവിതത്തിൻെറ നാഡിമിടിപ്പ്

മനുഷ്യനെ പഠിക്കുക: അതാണു് ഏററവും വലിയ ജീവനുള്ള കവിത; നാലുവർഷത്തെ കാവ്യനിർമ്മിതികൊണ്ടു്, മുപ്പത്തിയാറുവഷത്തെ സാഹിത്യനിമ്മാണത്തിൽ ഏർപ്പെട്ടു് വിജയം കൈവരിച്ച ഷേക്സ്പിയറോടൊപ്പം കീത്തിയും പദവിയും സമ്പാദിച്ച കീററ്സിൻെറ വിശ്വാസമാണു് മുകളിൽ ചേർത്തതു്. തീരാത്ത ദുഃഖത്തിലും ഒടുങ്ങാത്ത കഷ്ടപ്പാടിലുംകൂടി ജീവിതം വലിച്ചുനീക്കിയ നിരാശനായ ആ കാമുകൻ ധീരനായ കവിയായി മാറിയതു് ഈ ജീവിത വേദാന്തത്തിൽകൂടിയാണുതാനും.

മനുഷ്യനു വ്യക്തിപരമായും സാമൂഹ്യമായും മനുഷ്യവർഗ്ഗം എന്ന നിലയിലും തൻേറതായ ചില ജീവിതവീക്ഷണങ്ങൾ ഉണ്ടായിരുന്നേ മതിയാവൂ. കലാകാരനാകുമ്പോൾ അതിനു്, അത്യധികമായ ആഴവും പരപ്പും ഉറപ്പും ഉണ്ടായിരിക്കണം. വ്യക്തിക്കു് തൻേറതായ പ്രവർത്തനങ്ങൾ തൻേറതായ സ്ഥാപിതതാല്പര്യങ്ങളുടെ വൃത്തത്തിനുള്ളിലാക്കിയാലും തകരാറില്ല. പക്ഷേ കലാകാരൻ മനുഷ്യൻെറ പുരോഗതിയുടെ വഴിത്താര തെളി

ച്ചുകൊടുത്തേ മതിയാവൂ. ടാഗോറിൻെറ ഗീതാഞ്ജലി അയ്യപ്പസ്തോത്രത്തേക്കാളും നല്ലതാണെന്ന കാര്യത്തിൽ തക്കമില്ല; സംസ്കാരത്തെയും മാനുഷിക പുരോഗതിയേയും ഭൗതികമൂല്യത്തെയും അവഗണിച്ചുകൊണ്ടു് കാര്യങ്ങളെപ്പററി വിചിന്തനം ചെയ്യുമ്പോൾ ഡാർവിൻെറ ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ പദപ്രശ്നത്തേക്കാളും ഉയർന്നതാണെന്നു് മനുഷ്യനുമനസ്സിലാകണമെങ്കിൽ സാമാന്യബുദ്ധി വേണമെന്നു മാത്രം.

മനുഷ്യജീവിതത്തിന്റെ ചക്രവാളത്തിലേയ്ക്കു ടോർച്ചുടിച്ചു നോക്കുവാൻ സാഹിത്യകാരനു കഴിവുണ്ടു. ജീവിതത്തിൻെറ വികാസ പരിണാമങ്ങളുടെ ചരടുവലി നടത്തുവാൻ കലാകാരനു കഴിയും. മനുഷ്യൻെറ ആന്തരിക ദുഃഖങ്ങളെ അകററുവാൻ സാഹിത്യകാരനു കഴിയുന്നതുപോലെ മററാർക്കും സാധ്യമല്ല. കലാകാരനോടു് മനുഷ്യജാതിയ്ക്കു പൊതുവേ ഉണ്ടാകുന്ന ആദരവ് അവരിലെ ഈ മഹത്തായ സർഗ്ഗശക്തിയുടെ പേരിൽത്തന്നെയാണു്.

ജീവിതത്തിൻെറ സ്ഥായിയായ രസം കരുണമാണു്; മഹത്തായ കലാസൃഷ്ടിയുടെയും അതുതന്നെ. കരുണരസത്തിലൂടെ മാത്രമേ വികാര വിശുദ്ധീകരണത്തിനു മനുഷ്യനു സാധ്യമാകുവെന്നു് ആദ്യകാല ചിന്തകന്മാർ മനസ്സിലാക്കിയിരിക്കണം. സോഫോക്ലിസിൻെറ നാടകങ്ങൾ ഈ സത്യത്തിൻെറ വെളിപാടുകളാണു്. മാത്രമല്ല ഭാരതീയ സാഹിത്യത്തിലേക്കു് എത്തിനോക്കുമ്പോഴും ഈ പ്രവണത വ്യക്തമായി കാണാം. വാല്മീകി

യുടെ മനസ്സാക്ഷിയിൽ വേദന തളംകെട്ടി നിന്നപ്പോഴാണു് പാടുവാൻ അദ്ദേഹത്തിന്റെ ഹൃദയത്തിനു പ്രേരണകിട്ടിയതു്. ശോകത്തിൽനിന്നു ശ്ലോകമുണ്ടായി എന്ന പ്രമാണം തന്നെയും വാല്മീകി പ്രതിഭയിൽ അടിച്ചുനനച്ചെടുത്തതാണു്.

മനുഷ്യൻ ജനിക്കുന്നതു് അവന്റെ അറിവോടും സമ്മതത്തോടും കൂടിയല്ല; ഭൂമിയിലേക്കു് പിറന്നു വീഴുമ്പോഴും മനുഷ്യൻ കാലും കൈയ്യും ഇട്ടടിച്ചു് നിലവിളി കൂട്ടുകയാണു്. മരിക്കുമ്പോഴും ഇതുതന്നെ തുടരുന്നു. കരച്ചിലിൽ ആരംഭിച്ചു് വേദനയിൽ അവസാനിക്കുന്ന ഈ കാലയളവാണു് ഒരു വ്യക്തിയുടെ ജീവിതം. ആ ജീവിതത്തിൽ സമരവും സംഘട്ടനവും, സങ്കടവും സങ്കല്പവും സുഖവും, സമാധാനവും ഇടകലർന്നിരിക്കും. ചിലപ്പോൾ പലതും ഒത്തുകൂടി കുഴഞ്ഞുമറിയുന്നു. മററു ചിലപ്പോൾ ഒന്നു് മറെറാന്നിനെ കീഴടക്കി ആധിപത്യം നേടുന്നു.

ഈ സത്യങ്ങൾ എല്ലാ ബുദ്ധിജീവികൾക്കും അറിയാം. എന്നിട്ടെന്തേ അവർ ജീവിതത്തെ വെറുക്കുവാൻ മററുള്ളവരെ പഠിപ്പിക്കാത്തതു്? പല ബുദ്ധിജീവികളും ജീവിതക്കൊതിയന്മാരാണു്. ഏററവും കൂടുതൽ അറിവുള്ളവരാണു് ഏററവും കൂടുതൽ വേദനിക്കുന്നതും. അതുകൊണ്ടുതന്നെയാണു് അവർ ആ നൊമ്പരത്തിനു മീതെ നേരിയ ഒരു മറവിയുടെ തിരശ്ശീല വലിച്ചിട്ടു് ജീവിതത്തിന്റെ അധരത്തിൽനിന്നു ബോധപൂർവ്വം തേൻ കുടിക്കുന്നതു്. ബുദ്ധിരാക്ഷസന്മാരുടെ ഹൃദയം മിക്ക

പ്പോഴും ഓരോ പടക്കളമായിരിക്കും. ശാന്തമായിക്കിട ക്കുന്ന കടലിനെപ്പോലെ അവരും പ്രവർത്തിക്കുന്നുവെന്ന് സാരം.

മനുഷ്യൻ മൗലികമായി ജീവിതത്തെ ഇഷ്ടപ്പെട്ടു ന്നില്ല. ഈ സത്യം ധിക്കാരികളായ ചിന്തകന്മാർക്ക് എല്ലാം വ്യക്തമായി അറിയാം. എന്നിട്ടും അവഗണി ക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ മൊത്തത്തിലുള്ള സമാ ധാനത്തെ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ തങ്ങൾ കടപ്പെട്ടവരാണെന്ന ചിന്താഗതിയാണ് കലാ കാരന്മാരെ ഈ നില അവലംബിപ്പിക്കുവാൻ പ്രേരിപ്പി ച്ചതു്.

ജീവിതവിജയം നേടുവാനുള്ള കുറുക്കുവഴികൾ സാ മാന്യജനതയ്ക്കു് കാണിച്ചുകൊടുക്കുവാൻ സാഹിത്യകാ രൻ കടപ്പെട്ടവനാണു്. 'എ'യിലെ മാനസികഭാവത്തെ തന്റെ സങ്കല്പസൃഷ്ടിയായ 'ബി'യിൽ ആരോപിച്ചു് 'ബി'യുടെ സ്വഭാവത്തെ പ്രവൃത്തിയിലൂടെ പറഞ്ഞുകാട്ടി അവനിലെ തെററുകളും കുററങ്ങളും നേട്ടങ്ങളും ബലഹീ നതകളും 'എ'യ്ക്കു മനസ്സിലാക്കിക്കൊടുക്കുവാൻ സാഹി ത്യകാരനു് കഴിയും. തികച്ചും യുക്തിയുടെ വെളിച്ച ത്തിൽ സാഹിത്യത്തെ മാററി നിറുത്തി പരിശോധിക്കു കയാണെങ്കിൽ 'എ'യുടെ "അസ്സൽ" ജീവിതത്തെക്കുറി ച്ചു കലാകാരൻ ഒന്നുംതന്നെ പറയുന്നില്ല. മറിച്ചു് പകർപ്പിലൂടെ അസ്സലിനെ പഠിപ്പിക്കുകയും ആനന്ദി പ്പിക്കുകയും കരയിപ്പിക്കുകയും ഉണർത്തുകയും ഉയർത്തു കയുമാണു് ചെയ്യുന്നതു്.

'ബി'യിൽ നിന്നും 'എ' പലതും പഠിക്കുന്നു. സാഹിത്യത്തിൽനിന്നു് മനുഷ്യൻ എല്ലാം ദൂഷണം ചെയ്യുന്നുവെന്നു് ചില കലാകാരന്മാർ പറയുവാനുള്ള കാരണത്തിന്റെ കരട്ടുപതിപ്പു് കിടക്കുന്നതിവിടെയാണു്. സംഗതികളുടെ അടിസ്ഥാനപരമായ കാരണങ്ങൾ കാണാൻ കഴിവുള്ളവർ മാത്രമേ ജീവിതത്തിന്റെ ഉള്ളറയിൽനിന്നു് കല ഉടലെടുക്കുന്നുവെന്നു് അറിയാൻ കഴിയൂ.

കലാകാരൻ തന്റെ സൃഷ്ടിയിലൂടെ സഹൃദയരിൽ കടത്തിവിടുന്ന വികാരം നിറഞ്ഞ ആനന്ദാനുഭൂതി സ്വാർത്ഥാത്മകമാണോ? സംശയമാണു്. വായനക്കാരിലെ അഹന്തയുടെ വെവിട്ടുതടിച്ചു്, അഹന്തയുടെ പൊള്ള—വിഗ്രഹത്തെ ഉലച്ചിട്ടേ കല ഉള്ളിൽ കടന്നു കയറൂ. കലാസ്ഥാപനത്തിന്റെ അടിസ്ഥാനം ആത്മവ്യക്തിത്വത്തിന്റെ വിസ്മൃതിയാണു്. അവനവന്റെ സങ്കുചിതമായ ചിത്ത വൃത്തികളുടെ ലഘുസീമകൾ മാഞ്ഞുപോവുകയും മനുഷ്യസാമാന്യത്തിന്റെ അവ്യക്തമായ ചൈതന്യപരധികളോളം അവൻ വികസിക്കുകയും ചെയ്യുമ്പോളാണു് കലാസന്താനമായ അനന്താനന്ദം അവനിൽ മറനീക്കി പ്രകാശിക്കുന്നതു്. ജീവിതധർമ്മത്തിന്റെ അടിയിലാണു് കല കാരാരയിറക്കുന്നതു്. അതവന്റെ ജീവിതസത്തയെ വലുതാക്കി, അവന്റേതെന്നു് അവൻ സങ്കല്പിച്ച ലഘു ജീവിത ധർമ്മത്തിനു് വിപരീതമായി പ്രവർത്തിക്കുന്നു. തന്റെ ചെറിയ സത്ത വലുതാവുന്ന, അഥവാ ഇല്ലാതാവുന്ന ആ

അവസരത്തിലാണ് മനുഷ്യൻ കലയുടെ ആനന്ദം അനു ഭവിക്കുന്നതു്. ഇതാണ് യഥാർത്ഥവ്യക്തി (സുകുമാർ അഴിക്കോട്ട്) ജീവിതത്തിൽ നിന്നും ഒരു പ്രത്യേക സംഭവത്തിന്റെ ചെറിയ ഒരു കീറ് എടുത്തു് അതിൽ സങ്കല്പത്തിന്റെ സഹായത്താൽ മിനുക്കു പണിചെയ്തു് അവയെ പൂർണ്ണമാക്കുന്നു. അങ്ങനെ പുതിയതായ ഒരു നവചൈതന്യത്താൽ പൊതിയപ്പെട്ട പഴയതായ ആ നരുങ്ങിയ സംഭവത്തിന്റെ പുതിയ തിരിച്ചുവരവ് മനു ഷ്യനിൽ എന്തെന്നില്ലാത്ത ആഹ്ലാദം ജനിപ്പിക്കും. ഈ സന്ദർഭത്തിൽ യുക്തിവാദിയായി മാറാനോ, ഒരു നിരീക്ഷകനായി നോക്കി നില്ക്കുവാനോ വായനക്കാരൻ തയ്യാറാവുകയില്ല. വിവരണാതീതമായ ഒരു ലഹരി തലയ്ക്കുകയറിയ വായനക്കാരന് വെറും വികാരത്തിന്റെ വാഹനത്തിലേറി പറക്കുവാൻ അമിതമായ കൊതി യുണ്ടു്. ആ കൊതിയനെ തന്ത്രപരമായി കൈകാര്യം ചെയ്യുവാൻ സൂത്രശാലിയായ കലാകാരനു യാതൊരു പ്രയാസവുമില്ല. മനുഷ്യചേതനയെ ഏററവും വേഗ ത്തിൽ പിടിച്ചടക്കുവാൻ കലാകാരനു കഴിയും.

### യുവത്വത്തിന്റെ സൗന്ദര്യം

ജീവിതത്തിന്റെ അത്യഗാധതയിൽ ലയിച്ചുകിട ക്കുന്ന മുത്തുകളുടെ പ്രഭയാണ് കവിതയിലെ വെളിച്ച മായി മാറുന്നതു്. ഒരു വ്യക്തിയുടേയോ രാഷ്ട്രത്തിന്റേ യോ ആത്മാവിന്റെ വെളിച്ചത്തെ, ആ വ്യക്തിയ്ക്കോ ആ രാഷ്ട്രത്തിനോ എളുപ്പം കണ്ടുപിടിക്കുവാൻ സാദ്ധ്യ മല്ല. എങ്ങും പടന്നു പന്തലിച്ചു ജ്വലിച്ചു നില്ക്കുന്ന

ഒരു ദർശനം കലാകാരന് ഉള്ളതുകൊണ്ടു് രാഷ്ട്രത്തിന്റെ ആത്മാവിനെ കാണുവാൻ അവനു കഴിയും. ആ കഴിവു് ലോകത്തിൻെറ മുമ്പിൽ പ്രകടിപ്പിക്കുവാനും അവക്കു കഴിവുണ്ടു്. ജീവിതത്തിൻെറ എല്ലാ പടവുകളിലും കുടികൊള്ളുന്ന സത്യത്തിൻെറയും സൗന്ദര്യത്തിൻേറയും ചിത്രങ്ങളെ ചിത്രീകരിക്കുവാൻ സാഹിത്യകാരനു ശക്തിയും അതിനുള്ള ധീരതയും ഉണ്ടു്. ജീവിതം നിമ്മിച്ചിരിക്കുന്ന ഉപാധികളിലൂടെയാണു് കലാരൂപങ്ങളുടെ പൊടിവേരുകൾ അള്ളിപ്പിടിച്ചിരിക്കുന്നതു്.

## പൂവും ഇലയും

ചാസർ 'പൂവും ഇലയും' (Flower and the Leaf) എന്ന കവിത നിർമ്മിച്ചപ്പോൾ യുവത്വത്തിൻെറ സൗന്ദര്യം ചിത്രീകരിക്കുവാൻ ശ്രമിച്ചു. സൗന്ദര്യത്തിൻെറ വിലയെക്കുറിച്ചു് ഏതാണ്ടു് ഒരൂഹം കിട്ടുവാൻ ഈ കവിത ഉപകരിച്ചു. വിശാലമായ ജീവിതത്തിൻെറ ബൃഹത്തായ ചിത്രം അവതരിപ്പിക്കുവാനാണു് മിൽട്ടൻ ശ്രമിച്ചതു്. എന്നാൽ വാക്കുകളുടെമേൽ അത്ഭുതകരമായ സ്വാധീനശക്തിയുണ്ടായിരുന്ന ഷേക്സ്പീയർ ജീവിതത്തെ ബോധപൂർവ്വം ചിത്രീകരിച്ച കലാകാരനല്ല; എങ്കിലും ആശയ മൂല്യവും കലാമൂല്യവും ഉള്ള നാടകങ്ങൾ രചിച്ചു, നാടകസാമ്രാജ്യത്തിലെ ചക്രവത്തിയായി. ഇന്നേവരേയും ഷേക്സ്പീയറെ കവച്ചുവെയ്ക്കുവാൻ കരുത്തുള്ള ഒരു നാടകകൃത്തും ഉണ്ടായിട്ടില്ല. ഞാൻ വിശ്വസിക്കുന്നു, ഷേക്സ്പീയർ 'ഒഥെല്ലോ' എഴുതിയപ്പോൾ, അതിനേപ്പററിമാത്രം ധ്യാനിച്ചുകൊണ്ടായിരുന്നു

കഴിഞ്ഞുകൂടിയിരുന്നതെന്നു്. ഒരു ഋഷിയെപ്പോലെ, അവിടെയിരുന്നു മനനം നടത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരിയ്ക്കണം. ഒരു നിതാന്തചിന്തകൻെറ സ്വരമാണു് അദ്ദേഹത്തിൻെറ നാടകത്തിൻെറ അടിയൊഴുക്കു്. തൻെറ സൗന്ദര്യസൃഷ്ടിയിൽക്കൂടി നമുക്കു കലാപരമായ ആനന്ദാനുഭൂതി നൽകുന്ന ഇത്തരം ഒന്നാംകിട സാഹിത്യകാരന്മാർ ജീവിതത്തിൻെറ പൊള്ളുന്ന പ്രശ്നങ്ങളെ മനഃപൂർവ്വം ആവിഷ്കരിക്കാറില്ല. എങ്കിലും അവർ അതു തന്നെയാണു ചെയ്യുന്നതു് എന്നു മാത്രം. അങ്ങനെ പ്രചരണത്തെ ഉയർത്താതെ പ്രചരണം നടത്തുന്നു. കലകാരന്മാർ സൗന്ദര്യാനുഭൂതിയുടെ കലാപരമായ ആവിഷ്കരണത്തിലൂടെ മനുഷ്യരെ ആത്മവിസ്മൃതരാക്കുകയാണു് ചെയ്യുന്നതു്. 'കാവ്യം മാർഗ്ഗദർശനം ചെയ്യുന്ന ഒരുതരം തത്വചിന്തയാണു്; സ്വഭാവം, വികാരം, പ്രവൃത്തി എന്നിവയെ അനുസ്മരിച്ചുകൊണ്ടു് അതു് ആഹ്ലാദവും പ്രദാനം ചെയ്യുന്നു, എന്ന സ്റ്റ്റാബോയുടെ കാവ്യനിർവചനം ഇവിടെ ഓർമ്മിയ്ക്കത്തക്കതാണു്. തത്വചിന്തകനും കവിയും നിരൂപകനുമായ സന്തയന പറയുന്നതു നോക്കുക. 'വിചാരത്തെ പ്രകടപ്പിച്ചുകൊണ്ടല്ല ഛന്ദശാസ്ത്രം നിയമാനുസൃതവും ചമൽക്കാരപൂർണ്ണവും ആയ ഭാഷയാണു്. കാവ്യം, വാഗ്രൂപേണയുള്ള ആവിഷ്കരണമെന്ന നിലയിലും, പരിമിതിയെ വിട്ടുകൊണ്ടു ലോകം നിറഞ്ഞു് പ്രകാശിക്കുകയും നമ്മുടെ മനസ്സിൻെറ ബോധത്തെ അവാച്യമായ സൗന്ദര്യംകൊണ്ടു് സ്പർശിക്കുകയും ചെയ്യുന്ന

സൂക്ഷ്മമായ അഗ്നിയും ആന്തരമായ വെളിച്ചവും എന്ന നിലയിലും, കാവ്യത്തെപ്പററി ചിന്തിക്കുമ്പോൾ അതു ആത്മാവിൻെറ സ്തംഭനത്തിൻെറയോ കുഴപ്പത്തിൻെറയോ നടുവിലുള്ള നൈമിഷികമായ 'ഒരു ഹാർമണിയായും മതത്തിലേയ്ക്കുള്ള ഒരു പ്രേരണയായും ഭൗതികതത്തിൻെറ ഒരു സ്ഫുരണമായും കാണപ്പെടുന്നു.'

നാലു്

# ജീവിതത്തെപ്പററി ക്രീയാത്മകമായി ചിന്തിക്കുക

കാററടിക്കുന്നിടത്തെല്ലാം വേലി കെട്ടാൻ സാധ്യമല്ലല്ലോ. അതുപോലെ ജീവിതത്തെ സമഗ്രമായി വീക്ഷിക്കുവാൻ ഒരെഴുത്തുകാരനും കഴിവില്ല. എങ്കിലും ജീവിതത്തിൻെറ കയത്തിൽ മുങ്ങിത്തപ്പി നിവന്നു വന്നു് 'മുത്തുകൾ' മനുഷ്യവർഗ്ഗത്തിനു കാഴ്ചവെയ്ക്കുവാൻ കലാകാരനു കഴിയും. തത്വചിന്തകനും സാഹിത്യകാരനും ഈ പണിയാണു് പണ്ടു മുതലേ ചെയ്തുവരുന്നതു്. സാഹിത്യകാരനാണു് വിജയമകുടം ചൂടുന്നതു്, മിക്കപ്പോഴും. കലർപ്പില്ലാത്ത സത്യം കണ്ടുപിടിക്കുവാൻ അവനു കഴിഞ്ഞുവെന്നു് അതുകൊണ്ടർത്ഥമാക്കരുതു്; അതു സാധിക്കുമെന്നു തോന്നുന്നുമില്ല. സത്യത്തെക്കുറിച്ചു് ധ്യാനിക്കുക–നിരന്തരമായി ധ്യാനിക്കുക–എന്നതല്ലാതെ അതിനെ പൂർണ്ണമായി കീഴടക്കുവാൻ സാധ്യമല്ലല്ലോ. വികാരത്തിൻെറ ആവശ്യമനുസരിച്ചു് സങ്കല്പത്തിൻെറ വലയത്തിൽക്കൂടെ അരിച്ചെടുക്കപ്പെടുന്ന ബന്ധങ്ങളിലും സ്മരണകളിലും കൂടെയാണു് മനുഷ്യൻെറ

അനുഭവങ്ങൾ വാസ്തവത്തിൽ മാനുഷികങ്ങളായിത്തീരുന്നതു്. വികാരവും സങ്കല്പവും മൂലധനമായിട്ടുള്ളവരാണു് പ്രതിഭാശാലികൾ. തന്മൂലമാണു് സാഹിത്യകാരന്മാർ മററുള്ളവരെ പിന്നിലാക്കിയതു്. യഥാർത്ഥജീവിതത്തിലെ വേദനയ്ക്കു പററിയ പരിഹാരം, ആദർശപ്രേരിതമായ സങ്കല്പത്തിൽ കാണാം. ഈ നിഗമനത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കുമ്പോളാണു് കലാകാരൻെറ തല മററവരുടേതിനേക്കാൾ ഉയർന്നു നില്ക്കുന്നതു്.

## ശാസ്ത്രവും കലയും

ചിന്തയുടെ പ്രഥമവും വ്യാവർത്തകവുമായ ലക്ഷണം വസ്തുതകളെ നേരിടുകയാണു്. ഇതിനു തത്വചിന്തകന്മാരാണു് മുന്നണിയിൽ. വർത്തമാനകാലത്തിലെ കലർപ്പില്ലാത്ത ശരികൾ പെറുക്കിത്തിരിഞ്ഞു കാണിക്കുന്നവരാണു് ശാസ്ത്രകാരന്മാർ. പക്ഷേ ഇവരുടെ കരുക്കൾ വിററു് പണം വാങ്ങാൻ അവർക്കു കഴിവില്ല. എന്നുതന്നെയുമല്ല, അറിവു വെറുതെ വിതരണം ചെയ്യുവാനുള്ള ചാലുകൾപോലും അവർക്കില്ല. അതു് ചെയ്യുന്നതു് കലാകാരന്മാരാണു്. ഉള്ളതു് പൊലിപ്പിച്ചു് വില്ക്കുവാൻ കൂടി കഴിവുള്ളവരാണു് കലാകാരന്മാർ.

ജീവിതത്തിനു മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ വേണ്ടി ബുദ്ധിമുട്ടി പണിയെടുക്കുന്നവർ ശാസ്ത്രകാരന്മാരും തത്വചിന്തകന്മാരുമാണെങ്കിലും ആ പ്രവൃത്തിയിൽ ഉഷാററായി പണിയെടുക്കുവാനും വിജയത്തി

ന്റെ കിരീടം ചൂടുവാനും സാഹിത്യകാരനാണ് സാധി ക്കുന്നതു്.

**മൂന്നു ഘടകങ്ങൾ**

എപ്പോഴും എവിടെയും സാഹാനുഭൂതിയോടുകൂടി പെരുമാറുവാൻ കവിക്കു കഴിയും. മനുഷ്യന്റെ ഇന്നോ വരെയുള്ള ചിന്തയുടെ ഫലമായി ശക്തി, ലോകത്തിന്റെ ആദികരണമാണെന്ന നിഗമനത്തിൽ ചെന്നെത്തി. ശക്തിയുടെ രണ്ടു ഭാവങ്ങളിൽ ഒന്നു് വസ്തുവും മറേറതു ചലനവുമാണ്. ചലനത്തെ ത്വരിതപ്പെടുത്തുവാൻ കലാകാരനു കഴിയും. വസ്തുവുമായുള്ള സൃഷ്ടിയിലാണ് ശാസ്ത്രകാരൻ. മാനസികമായ ജീവിതത്തിനു് കലാകാരൻ പ്രാധാന്യം നൽകുന്നു. സമുദായം മുഖ്യമായി ഒരു ശരീരമല്ല, പ്രത്യുത ഒരു ബൃഹത്തായ മനസ്സാണ് എന്നതാണ് ഷായഫ്ളേയുടെ മതം.

ബുദ്ധിശക്തി സമുദായത്തിലെ നിയമകത്താവും, ഇച്ഛാശക്തി പ്രവത്തകനും, നിരൂപണശക്തി ന്യായാധിപനുമാണ്. ഈ മൂന്നു ഘടകങ്ങളുടേയും മേൽ ആധിപത്യമുള്ള പ്രതിഭാശാലികൾ സംസ്കാരത്തിന്റെ മുന്നോടികളായതിൽ ഒട്ടും അത്ഭുതത്തിനവകാശമില്ല. വികാസത്തിന്റെ പ്രധാനകാരണം ഭാവിയെപ്പററി ആലോചിച്ചു വേണ്ട മുൻകരുതലുകൾ ചെയ്യുവാനുള്ള മനുഷ്യന്റെ സാമത്ഥ്യമാണ്. ഭാവിയെപ്പററി പ്രവചിക്കുവാൻ കലാകാരനു കഴിവുണ്ടു്. ജീവിതത്തിന്റെ മുന്നിലൂടെ കടന്നുവരുന്ന 'നാളെ'യുടെ ചിത്രം ഇന്നേ പകരുവാൻ കലാകാരനു് കഴിയും. അതുകൊണ്ടാണ് വരുംകാല

ത്തിൻെറ കാതിൽ തട്ടത്തക്കവണ്ണം ഉറക്കെ സംസാരിക്കുന്ന മനുഷ്യാത്മാക്കളാണ് പുസ്തകങ്ങൾ എന്ന നിഗമനത്തിലെത്തിച്ചേരുവാൻ തത്വചിന്തകനും കവിയും നിരൂപകനും കൂടിയായ ബ്രൗണിംഗിന്ന് കഴിഞ്ഞത്ത്.

"ഞങ്ങൾ, കവികൾ യുവത്വത്തിൽ സന്തോഷത്തോടെ സാഹിത്യസപര്യ ചെയ്യുന്നു. എന്നാൽ, ഒട്ടവിൽ നിരാശയിലും അതിലപ്പുറം ഭ്രാന്തിലുമാണ് സാഹിത്യസേവനം പര്യവസാനിക്കുന്നത്", എന്ന് കോളിൻസ് എന്ന കവി പറയുകയുണ്ടായി. ഭ്രാന്തുപിടിച്ച ഭാവനയാണിവിടെ വിളയാടുന്നത്. വികാരത്തിൻെറ രൂപക്കൂട്ടിലാണ് ആ കവി ജീവിച്ചതും. ഇത്തരം കവികളെയാണ് പ്ലേറ്റോ അടിച്ചു പുറത്താക്കണമെന്ന് പ്രഖ്യാപിച്ചതും.

നമ്മുടെ വിചാരം മാംസത്തിൻെറ അതിർത്തിയെ ഉല്ലംഘിച്ചുകൊണ്ട് പ്രവഹിക്കുന്നില്ലെങ്കിൽ കാവ്യം നമ്മെ ചലിപ്പിക്കുകയില്ലെന്നു 'യീററസ്' പറയുവാൻ കാരണവും ഇത്തരം കവികളുടെ കലാസൃഷ്ടിയുടെ വായനയായിരിക്കണം.

## മനുഷ്യസ്നേഹത്തിൻെറ സങ്കീർത്തനം

മനുഷ്യൻ ആദ്യകാലങ്ങളിൽ അസാമുദായികനും സ്വാർത്ഥപരനുമായിരുന്നു. അവൻെറ ഹൃദയത്തിൽ ചലനമുണ്ടാക്കി, ഉണർത്തി, ഉത്തേജിപ്പിച്ച്, ഉയർത്തു

വാൻ സാഹിത്യകാരനാണ് പണിയെടുക്കുന്നതു്. മനുഷ്യസ്നേഹത്തിൻെറ മനോഹരമായ ഗാനങ്ങൾ മനുഷ്യരുടെ ചുണ്ടുകളിൽ വററാതെ സൂക്ഷിച്ചതും ഇവരാണ്. ജീവിതമൂല്യത്തിനും സാംസ്കാരികമൂല്യത്തിനും വിലയിടിയാതെ കാത്തുപോന്നതും അവരാണ്. ജീവിതത്തെ ജീവിതയോഗ്യമാക്കിയതു് ഈ ഭാവനാസമ്പന്നരാണ്.

അഞ്ച്

# സാഹിത്യകാരൻ ജീവിതപ്രശ്നങ്ങളെ അവഗണിച്ചാൽ

അപ്പോളോ ഡോറസ്സിനെപ്പോലെയും ഓസ്ക്കാർ വെൽഡിനെപ്പോലെയും കല കലയ്ക്കു വേണ്ടി മാത്രമാണെന്നു് വിശ്വസിക്കുന്നവർ ഇന്നു് വിരളമാണു്. എങ്കിലും ഇത്തരം കലാകാരന്മാർ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ടു്. വിശുദ്ധാനുഭൂതി ഇവരുടെ കുത്തകയാണു്. ശുദ്ധ കലാവാദികളാണു തങ്ങളെന്നും തന്നെയുമല്ല, കലാകാരനെന്ന പദവി അർഹിക്കുന്നതു് തങ്ങൾക്കു മാത്രമാണെന്നും ഇവർ ആത്മാർത്ഥമായി കരുതിയിരുന്നു.

## പ്രതിച്ഛായ

കല ജീവിതത്തിന്റെ പ്രതിച്ഛായയാണല്ലോ. അതു് അവർ അംഗീകരിച്ചില്ല. മാത്രമല്ല ജീവിതപ്രശ്നങ്ങളുമായി കലയ്ക്കു് കാര്യമായ ബന്ധമൊന്നും ഇല്ലെന്നു് വിശ്വസിക്കുകയും ചെയ്തു. പുകവലിയുടെ സ്ഥാനമാണു് സാഹിത്യത്തിനു നൽകിയതു്.

ഈ വിശ്വാസക്കാർ കേരളത്തിലും ഉണ്ടായിരുന്നു. കഥകളിയുടെ നിർമ്മാതാക്കൾ മനുഷ്യനുമായി കലയ്ക്കു്

ഒരു നാഭിനാള ബന്ധമുണ്ടെന്ന കാര്യം അംഗീകരിച്ചില്ല. എന്നു മാത്രമല്ല ദിവ്യമായ ഒരു സംഗതിയാണു് കല യിൽ കുടികൊള്ളുന്നതെന്നു് വിശ്വസിക്കുകയും ചെയ്തു. അമാനുഷിക വ്യക്തികളെ കഥാപാത്രങ്ങളാക്കി; ദേവന്മാരെയും പിശാചുക്കളെയും അവതരിപ്പിച്ചു; ഒപ്പം പഴയ പുരാണ കഥാപാത്രങ്ങളെയും. ഈ പുരാണ കഥാപാത്രങ്ങളിൽ പലതും മനുഷ്യജീവിതത്തിൻെറ പ്രകാശമായിരുന്നു. അത്തരം പാത്രങ്ങളെ അവഗണിയ്ക്കുകയും ഭീകരതയും യുദ്ധവും നിറഞ്ഞ രംഗങ്ങൾ മാത്രം കഥകളിലൂടെ ആവിഷ്കരിക്കുവാൻ അവർ കിണഞ്ഞു ശ്രമിക്കുകയും ചെയ്തു.

തന്നെയുമല്ല ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ മാത്രം ഈ കലയെ ആസ്വദിച്ചാൽ മതിയെന്നുകൂടി അവർ സങ്കൽപ്പിച്ചുപോരുകയും ചെയ്തു. ഇന്നു് കഥകളിയെ പഴയ കലാരൂപം എന്ന നിലയിലാണു് ഉയർത്തിക്കാണിക്കുന്നതു്.

## കലാ മൂല്യം

കലാമൂല്യത്തിനും പ്രധാന്യം കൊടുത്തുകൊണ്ടു്; പ്രചരണമൂല്യത്തിനും ആശയങ്ങൾക്കും ആദർശങ്ങൾക്കും പുത്തൻ ചിന്താഗതികൾക്കും സ്ഥാനം കൽപ്പിച്ചുകൊടുക്കുക മാത്രം ചെയ്തുകൊണ്ടു", കലാസൃഷ്ടികൾ നിർമ്മിച്ചാൽ ആ ശ്രമത്തെയും ആ തീരുമാനത്തെയും ശുദ്ധ കലാകാരന്മാർ എതിർക്കുകയില്ല. എങ്കിലും കലയെ സങ്കീർണ്ണമാക്കി സാമാന്യജനതയുടെ മദ്ധ്യത്തിൽനിന്നു് ഇളക്കിപ്പറിച്ചെടുത്ത കഥകളി നിർമ്മാതാക്കളുടെ ചിത്ര

ങ്ങൾ ഇന്നു ചില്ലറ സാമാനങ്ങൾ പൊതിയുവാൻവേണ്ടി കച്ചവടക്കാർ ഉപയോഗിക്കുന്നുവെന്നു മാത്രം.

എന്തുകൊണ്ടാണ് ഇങ്ങനെ ജീവിതപ്രശ്നങ്ങളിൽ നിന്നു കലയെ പൂർണ്ണമായി മാററിനിറുത്തുവാൻ തുനിഞ്ഞതെന്ന കാര്യം നമ്മൾ ബോധപൂർവ്വം ചർച്ച് ചെയ്യേണ്ടതാണ്. ചില തന്ത്രപരമായ അടവുകൾ ഇതിനകത്തുണ്ട്. ഇവിടെ അതിനു വലിയ പ്രസക്തിയില്ലാത്തതുകൊണ്ട് അതുപേക്ഷിക്കുന്നു.

**വിജ്ഞാനം സമ്പാദിക്കണം**

സാഹിത്യകാരന്റെ സൗന്ദര്യബോധത്തിൻെറ പ്രകടിതരൂപമാണു കല. സാഹിത്യകാരന്മാർ തലമുറയായി മനുഷ്യവർഗ്ഗം കണ്ടെത്തിയ വിജ്ഞാന സത്തയെ ഉൾക്കൊണ്ടുകൊണ്ട് എഴുതുവാൻ ശ്രമിച്ചാലേ നൂതനസൃഷ്ടികൾ അവരിൽനിന്ന് ഊറന്നു വീഴൂ. പകർപ്പെഴുത്തു സാഹിത്യകാരൻെറ ജോലിയല്ലല്ലോ.

ജീവിതം പുരോഗമിക്കുംതോറും നവംനവങ്ങളായ ആശയങ്ങളും ഉത്ഭവിക്കും; ക്രാന്തദർശിയായ കലാകാരന് വിഷയം കിട്ടാതെ വിഷമിക്കേണ്ടതില്ല. ജീവിതപ്രശ്നങ്ങളുടെ ഊരാക്കുടുക്കുകൾ ഹൃദയത്തെ വലിച്ചു മുറുക്കുമ്പോൾ അതു് വിട്ടുവിച്ചുകൊണ്ട് കലാസൃഷ്ടി നടത്തണമെങ്കിൽ അസാധാരണമായ ശക്തിവിശേഷം വേണം —ഏതെങ്കിലും ഒന്നിൽ എല്ലാം കാണുകയും അതിന്റെ പേരിൽ ഭ്രാന്തുപിടിക്കുകയും ചെയ്തിരിക്കണം.

മനുഷ്യജീവിതത്തെ ആശ്രയിക്കാത്ത കലാകാരനു്, വെള്ളം കോരികൾക്കും വെറകുവെട്ടികൾക്കും ചെയ്യാവു

ന്നത്ര സംഭാവനപോലും നമ്മുടെ സാംസ്കാരികരംഗത്തു് ചെയ്യുവാൻ സാധിക്കുകയില്ല. മനുഷ്യപുരോഗതിയുടെ കലവറയിലേയ്ക്കു് നൂതനചൈതന്യം പകൻകൊടുക്കുവാൻ, തൂലികയുമായി മനുഷ്യരുടെ ഇടയിൽചെന്നു വീഴരുതു്.

## ആത്മവിശ്വാസത്തിൻെറ തള്ളിച്ചയിൽ

പൊള്ളുന്ന ജീവിതപ്രശ്നങ്ങളെ സാഹിത്യകാരൻ എടുത്തു് പെരുമാറിയേ പററുകയുള്ളു എന്നൊരു നിർബന്ധം ആരും പിടിക്കുന്നില്ല, അങ്ങനെയൊരു ദുർവാശി ആരും കൈക്കൊള്ളുകയുമരുതു്. അതുപോലെ തന്നെ മനുഷ്യൻെറ മധുരതരമായ സങ്കല്പങ്ങളെക്കൊണ്ടു മാത്രം കലാസൃഷ്ടികൾ നെയ്യുന്നവരുണ്ടു്. ശുഭാപ്തിവിശ്വാസത്തിൻെറ അൾത്താരയിൽ പൂജയർപ്പിക്കുവാൻ മാത്രം താല്പര്യമുള്ള കലാകാരനിൽനിന്നു അത്രയേ പ്രതീക്ഷിക്കുവാൻ സാദ്ധ്യമാവുകയുള്ളു.

എന്നാൽ ജീവിതം കയ്പും മധുരവും നിറഞ്ഞതാണു്. വേദനയും യാതനയും, ആനന്ദവും അത്ഭുതവും ജീവിതത്തിൽ കാണാം. അവ കൈകാര്യം ചെയ്യണമെങ്കിൽ ആന്തരികമായി നല്ല കരുത്തുണ്ടായിരിക്കണം. ഉറച്ച ചിന്തയും തളരാത്ത മനസ്സാക്ഷിയും ആവശ്യമാണതിനു്. എന്തിനേയും അഭിമുഖീകരിക്കാനുള്ള ധീരതയും ഒപ്പംവേണം; ആത്മവിശ്വാസത്തിൻെറ തള്ളിച്ചയിൽ നീന്തിത്തുടിക്കുവാൻകൂടി കഴിവുണ്ടായിരിക്കണം. പ്രതിഭാശാലികൾ, ആത്മവിശ്വാസത്തിൻെറ

ഒടുങ്ങാത്ത പ്രവാഹത്തിൽ നിന്നാണു് കലാനിർമ്മാണ പ്രവത്തനത്തിനുവേണ്ട വിദ്യുച്ഛക്തി സംഭരിക്കുന്നതു്.

ആദ്യത്തെ കൂട്ടർ വെറും ആനന്ദവാദക്കാരായിരുന്നു. ആനന്ദം പരമലക്ഷ്യവുമായിരുന്നു അവർക്കു്. ഇന്നു് ഹ്യൂമനിസത്തിലേയ്ക്കു് മനുഷ്യജാതിയെ വളത്തിക്കൊണ്ടുപോകുവാൻ പാടുപെടുന്നതുപോലെ ആനന്ദത്തിൻെറ മദ്യശാലയിലേയ്ക്കു് അന്നത്തെ വായനക്കാരെ കൂട്ടിക്കൊണ്ടുപോകുവാൻ അത്തരം കലാകാരന്മാർ ശ്രമിച്ചിരുന്നു.

സാമൂഹ്യ ജീവിതത്തിൻെറ കിടങ്ങുകളിലേയ്ക്കു് ചാടിയിറങ്ങുവാൻ മടിക്കുന്ന കലാകാരനെ കാലം തോണ്ടിയെറിയും. ലാവണ്യാത്മകതയിൽ നനച്ചെടുത്ത കൃതികളൊന്നും സ്ഥായിയായി നിലനില്ക്കുകയില്ല. ആശയങ്ങൾ ഇല്ലാത്ത കലാസൃഷ്ടികൾ കാലത്തിൻെറ കാററടിയേൽക്കുമ്പോൾ തകർന്നു തരിപ്പണമാകും; നുറുങ്ങുകൾ ചിതറിപ്പറന്നു പോവുകയും ചെയ്യും.

ജീവിതമൂല്യങ്ങൾ സാമൂഹ്യജീവിതത്തിൽ നിന്നാണു് ഉരുത്തിരിയുക. സമൂഹത്തിൻെറ സ്വഭാവത്തിൽ മാററം വരുത്തുവാൻ അവ ശ്രമിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ സംസ്കാരത്തിൽ മാറാത്തതും മായാത്തതുമായ മുദ്ര പതിപ്പിക്കുവാൻ കലാകാരനു ശക്തിയുണ്ടു്. ഈ അമാനുഷികമായ കഴിവാണു് അവൻെറ ശക്തികേന്ദ്രം. ജീവിതത്തെ കാമുകിയായിട്ടു്, അമ്മയായിട്ടു്, ഭാര്യയായിട്ടു്, കൂട്ടുകാരിയായിട്ടു്, കൊണ്ടുനടക്കുവാൻ കലാകാരനു കഴിയും. അത്തരം കഴിവു് കാണിക്കുകകൂടി പകർന്നുകൊടുക്കുകയാണു് കലാരൂപങ്ങളിലൂടെ

അവർ ചെയ്യുന്നതു്. ജീവിതം കൊടുങ്കാററുപോലെ വ്യക്തികളുടെ നേരെ ആഞ്ഞടിക്കുമ്പോൾ എങ്ങിനെ പെരുമാറിയാൽ വീഴാതെ നില്ക്കാമെന്നു് സാഹിത്യകാരൻ തൻെറ വായനക്കാരെ പഠിപ്പിക്കും.

**പുസ്തകം ഒരു ഉത്തമ മിത്രം**

പ്രയാസങ്ങൾ മനുഷ്യനെ ചിന്തിക്കുവാൻ പ്രേരിപ്പിക്കും; മനനത്തിനു് കൃതികൾ സഹായകരമാണു്. അവ മൂലം പെട്ടെന്നു് തീരുമാനങ്ങൾ എടുത്തുകൊണ്ടു് രക്ഷപ്രാപിക്കുവാൻ സാധ്യതയുണ്ടു്. അനവധി മഹാന്മാരെ ഓരോ പുസ്തകങ്ങൾ ഓരോ കാലത്തു നല്ലവണ്ണം സഹായിച്ചിട്ടുണ്ടു്.

റസ്കിൻെറ ഒരു പുസ്തകം ഗാന്ധിജിയുടെ വികാരവിചാരങ്ങളിൽ വലിയ മാററങ്ങൾ വരുത്തി. ആ മഹാൻ അതു തുറന്നു സമ്മതിച്ചിട്ടുമുണ്ടു്.

വ്യക്തിപരമായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതു ചിന്തകൊണ്ടു മാത്രമല്ല. സമരത്തിൻെറ തീച്ചൂളയിൽ നില്ക്കുമ്പോൾ നൊക്കിനുണയുവാനുള്ള മധുരസങ്കല്പങ്ങൾ വ്യക്തികൾക്കു് ഉണ്ടെങ്കിൽ ആശ്വാസകരമാണു്. യുദ്ധക്കളത്തിൽവച്ചു് ആവിപറക്കുന്ന പ്രേമലേഖനങ്ങൾ എഴുതിയ ധീരനായ കാമുകനാണല്ലോ നെപ്പോളിയൻ!

ഇരുളിൽ തപ്പിത്തടഞ്ഞു നടക്കുന്ന മനുഷ്യാത്മാവിനെ രക്ഷിക്കുവാനും കൃതികൾക്കു കഴിയും. നല്ലൊരു ജീവിതം കഴിക്കുവാൻ കൊതിക്കുന്നവർ നല്ലൊരു പുസ്തകം എപ്പോഴും സൂക്ഷിക്കുകയും വായിക്കുകയും അതിലെ ചിന്താശകലങ്ങളെപ്പററി ചിന്തിക്കുകയും ചെയ്യണം.

ബൈബിളും ഖുറാനും രാമായണവും മഹാഭാരതവും വായിക്കുന്നതുകൊണ്ടുള്ള നേട്ടവും ഇവിടെയാണ് കുടികൊള്ളുന്നത്. മനുഷ്യാത്മാവിന്റെ ശുദ്ധീകരണത്തിൽ ഏതെങ്കിലും ഒരു 'മാതൃക' സഹായിക്കണം. ഒരു ഈശ്വരനില്ലെങ്കിൽ മറെറാരു ഈശ്വരനെ സൃഷ്ടിക്കണമെന്നു പറയുന്നതും ഇതുകൊണ്ടാണ്.

പ്രശ്നങ്ങളുടെയും, നേട്ടങ്ങളുടെയും, തകരാറുകളുടെയും സമാഹാരമാണ് ജീവിതം. ഇവയില്ലെങ്കിൽ ജീവിതത്തിൽ ചിന്ത ആവശ്യമില്ല. പക്ഷേ ചിന്തക്ക് എത്രമാത്രം ജീവിതവിജയം ഉണ്ടാകുകയും ചെയ്യും. അതിനു മഹത്തായ കൃതികൾ മനുഷ്യരെ സഹായിക്കും. ജീവിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യാത്ത കൃതികളാണ് സാഹിത്യകാരൻ മെടഞ്ഞെടുക്കുന്നതെങ്കിൽ അതിനു് മനുഷ്യവർഗ്ഗം 'കഥകളി'യുടെ സ്ഥാനം മാത്രമേ കൊടുക്കുമായിരുന്നുള്ളു.

## സാഹിത്യം ജനങ്ങളിൽ നിന്നകന്നു പോകരുത്

സാഹിത്യകാരൻ മാനുഷികമൂല്യങ്ങളിലേക്ക് മുഖം തിരിച്ചു വയ്ക്കണം. കലയുടെ സാങ്കേതികവശങ്ങളെക്കുറിച്ച് കടിപിടി കൂട്ടുന്നതിനേക്കാൾ ആവശ്യം ജീവിതത്തിന്റെ ക്രമീകരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിലായിരിക്കണം.

ജീവിതം പഴയതിനേക്കാൾ സങ്കീർണ്ണമായിത്തീർന്നിരിക്കുകയാണിന്നു്. തന്മൂലം ഒരു അഴിച്ചുപണി നടത്തണം. അതുമാത്രം പോര, കുറേക്കൂടി ജീവിതമൂല്യങ്ങളോടും സ്വാതന്ത്ര്യത്തോടും സമാധാനത്തോടും മമത

കാണിക്കുന്ന മനോഭാവത്തോടുകൂടിയ മനുഷ്യരെ വാർത്തെടുക്കുവാൻ അവർ ശ്രമിക്കണം ബോധപൂർവ്വം ശ്രമിക്കണം, എന്നു പറയുമ്പോൾ പ്രചരണത്തിൻെറ വിലങ്ങുതടികൾ ഉയർത്തിക്കാട്ടണമെന്നല്ല, കലാമൂല്യത്തോടൊപ്പം വിചാരാംശത്തിനും സ്ഥാനം കൊടുക്കണമെന്നാണ് അർത്ഥമാക്കുന്നതു്. വിശ്വാസത്തകർച്ചയുടെ ഈ കാലഘട്ടത്തിൽ കലാകാരന്മാർക്കു് അതിനുള്ള ആത്മവിശ്വാസം ഉണ്ടാകുമോ? മനശാസ്ത്രപണ്ഡിതനായ മാക്ഡൂഗൾ ഇന്നത്തെ മനുഷ്യസമുദായത്തിന്റെ പടം വരയ്ക്കുന്നതു നോക്കാം. 'മനുഷ്യവർഗ്ഗത്തിൻെറ ആത്മാവു് അത്യന്തം വേപമാനമായിരിക്കുന്നു. പാശ്ചാത്യപരിഷ്ക്കാരത്തിനു ദീനം പിടിച്ചു. വിരുദ്ധങ്ങളും ദുർന്നിവാരങ്ങളുമായ ആഗ്രഹങ്ങളാൽ വ്യാകീർണ്ണനായ ഒരു മനോരോഗിയെപ്പോലെയാണ് അതിൻെറ ഇന്നത്തെ അവസ്ഥ. ഒരു മനോരോഗിയെ സുഖപ്പെടുത്തേണ്ടതെങ്ങനെയോ, അതുപോലെ മാത്രമേ നമ്മുടെ സംസ്കാരത്തെയും സുഖപ്പെടുത്താൻ പററൂ. സന്മാർഗ്ഗോപദേശങ്ങൾ കൊണ്ടോ ചില്ലറ സമ്മാനങ്ങൾ കൊണ്ടോ അതു സാധ്യമല്ല. രോഗിയുടെ പ്രശ്നങ്ങളെ എന്നപോലെ ലോകത്തിൻെറ പ്രശ്നങ്ങളെയും ധൈര്യപൂർവ്വം നേരിടുകയും അതിൻെറ ചിത്തവൃത്തിയുടെ അടിസ്ഥാന പ്രവർത്തനങ്ങളെത്തന്നെ പരിശോധിച്ചു ഒരു പുതുക്കിപ്പണി നടത്തുകയും വേണം;' ഉടനടി വീണ്ടും ഒരു ജലപ്രളയം ഉണ്ടാക്കുകയാണ് വേണ്ടതു്; ഒരു നോഹ, ഒരു പെട്ടകവും ഒരു കുടുംബവുമായി മാത്രം രക്ഷപെടട്ടെ, എന്നു് പറഞ്ഞു മാറുവാൻ ഇന്നു് ആർക്കും വയ്യ. ഇനി ഒരു

യുദ്ധപ്രളയമുണ്ടായാൽ ഒരു നോഹയും ഒരു കുടുംബവും ബാക്കിയുണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല.

അതിനാൽ പുത്തനായ ഒരു തത്വശാസ്ത്രം നമ്മൾ ഉയർത്തിപ്പിടിക്കണം. ഹ്യൂമനിസം ആയിരിക്കണം അതു് എന്ന കാര്യം എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. മനുഷ്യവർഗ്ഗ സ്നേഹത്തെ കേന്ദ്രീകരിച്ചുകൊണ്ടു് സാഹിത്യ സൃഷ്ടികൾ നടത്തണം. ജീവിതസമരത്തിൽപ്പെട്ടു മുറിവേററ ആളുകളെ രക്ഷയുടേയും ആശ്വാസത്തിൻെറയും സങ്കേതങ്ങളിലേയ്ക്കു കൂട്ടിക്കൊണ്ടുപോകുവാനുള്ള ധാർമ്മികമായ ചുമതല എഴുത്തുകാരൻേറതാണു്.

## ജീവിതനിരൂപണം

സകല ഉത്തമകലാസൃഷ്ടികളിലും ജീവിതനിരൂപണാംശമുണ്ടു്. ലോകത്തിലെ അത്ഭുതങ്ങളും സൗന്ദര്യവിലാസങ്ങളും നമുക്കു വ്യാഖ്യാനിച്ചുതരുന്ന പുരോഹിതനാണു് കവിയെന്നു്, വേഡ്സ്വർത്തിനെ മുൻനിർത്തി കവിയും അതിലുപരി നിരൂപകനും കൂടിയായ മാത്യു ആർനോൾഡ് പറയുകയുണ്ടായി. പുത്തൻ ആശയങ്ങൾ നവീനമായ രീതിയിൽ—വേഷത്തിൽ അവതിരിപ്പിക്കുവാൻ കഴിയുന്നതു സാഹിത്യകാരന്മാർക്കാണു്. അവർ സാമൂഹ്യ ജീവിതത്തിലേക്കു് വെളിച്ചം ചൊരിയും. അവ മനുഷ്യൻെറ സാമൂഹ്യബോധത്തിൻെറ അടിത്തട്ടിലേക്കു് ഇറങ്ങിച്ചെല്ലും; ആരും അറിയാതെ തന്നെ പ്രചരണം നടത്തും; അതു മതി.

താൻ ഉൾപ്പെടുന്ന മനുഷ്യസമുദായത്തിൻെറ നയങ്ങളും ആദർശങ്ങളും വിശ്വാസങ്ങളും സ്വന്തം പ്രാപ്തിക്കനുസരിച്ചു രൂപപ്പെടുത്തുവാനുള്ള ചുമതല ഓരോ പ്രതിഭാശാലിക്കും ഉണ്ടു്. അതിനുള്ള സ്വാതന്ത്ര്യ അവനു സ്വായത്തമാണുതാനും. ഈ ചിന്താസ്വതന്ത്ര്യം കലാകാരൻെറ മൗലികാവകാശമാണ്. ഈ സ്വതന്ത്ര്യമായ നിലപാടു് കലാകാരൻ സ്വീകരിക്കുന്നതുകൊണ്ടു് അവർക്കു് അർത്ഥവും കീർത്തിയും പ്രയോജനവും ഉണ്ടാകും. എന്നുമാത്രമല്ല, സമൂഹത്തിൻെറ പുരോഗതി ശീഘ്രതരമാക്കുകയും ചെയ്യും; കല നമ്മെയും വലിച്ചുകൊണ്ടു വളർച്ചയുടെ പാതയിലൂടെ നീങ്ങും. മനുഷ്യസ്നേഹികളും ധൈര്യശാലികളും ആയിരിക്കണം എഴുത്തുകാർ. ധിക്കാരികളായ ചിന്തകന്മാരും അമിതമായ ആത്മവിശ്വാസമുള്ള പ്രസംഗകന്മാരും കലാകാരൻെറ സ്നേഹിതന്മാരായിരിക്കണം. ഇവരെല്ലാംകൂടി ഒത്തുപിടിച്ചാലേ മനുഷ്യവർഗ്ഗത്തെ സുന്ദരമായ നാളയുടെ കവാടത്തിലേക്കു് ആനയിക്കുവാൻ സാധിയ്ക്കൂ.

**ദുഃഖിതനായ കലാകാരൻ**

ജീവിതത്തിലെ വിവിധങ്ങളായ വിഷമാവസ്ഥകളുമായി കൂട്ടിമുട്ടാത്ത ഉത്തമ കലാകാരന്മാർ ഇല്ല. അത്തരം ഭീകരമായ രംഗങ്ങളുടെ നടുവിലൂടെ നടന്നു കയറിയിട്ടുള്ള നിരീക്ഷകനായ ഭാവനാസമ്പന്നനേ മനുഷ്യജാതിയെ ഉന്നതിയിലേക്കു് ഉയർത്തുവാൻ ഒക്കൂ. ജീവിതത്തിൻെറ തീപിടിച്ച ആവശ്യങ്ങളുമായി മനസ്സുവെന്തു ചാമ്പലായ മനുഷ്യൻ നിലനില്പിനുവേണ്ടി അധർമ്മം

ചെയ്താൽ, അവൻെറ പ്രവൃത്തിയുടെ ബാഹ്യരൂപം മാത്രം ഉയർത്തിക്കാട്ടി അവൻെറ മുഖത്തു തിന്മയുടെ ടാറടിക്കുകയല്ല ഒരു സാഹിത്യകാരൻ ചെയ്യേണ്ടതു്. അതിനു പിറകിൽ അലയടിച്ച വികാരവിചാരങ്ങളുടെ ഉറവുചാലുകൾ മററുള്ളവരെക്കൂടി കാണിച്ചു് നന്മയും തിന്മയും തമ്മിൽ തൂക്കിനോക്കി ആ മനുഷ്യനെ വിലയിരുത്തുവാൻ നമുക്കു് അവസരം നൽകുകയാണു് വേണ്ടതു്. മനുഷ്യമഹത്വത്തിലേക്കു് എത്തിനോക്കുന്ന മനുഷ്യാത്മാവിനു് എവിടംവരെ യാത്രചെയ്യുവാൻ കഴിഞ്ഞു, അതാണു കണക്കിലെടുക്കേണ്ടതു്.

കവി ഒരു കഥാപാത്രത്തിൻെറയും വക്കീലാവരുതു്. അവർ തന്നെ സ്വയം വിചാരണയ്ക്കു വിധേയരാവട്ടെ. സ്വയം ശിക്ഷിക്കുകയും ശിക്ഷ അനുഭവിക്കുകയും വേണം. 'മാഡംബൊവാറി' എന്ന വിശ്വ പ്രസിദ്ധിയാർജ്ജിച്ച നോവലിലെ നായികയുടെ അസന്മാർഗ്ഗികമായ നടപടികൾക്കു് ഉത്തരവാദി ആ നോവൽ നിർമ്മാതാവാണെന്നു് നമ്മൾ വാശിപിടിച്ചു വാദിക്കരുതു്. വിവരം കുറഞ്ഞ മലയാളികളായ വായനക്കാരിൽനിന്നു കാളിദാസൻെറ വ്യക്തിത്വത്തെ കുട്ടിക്കൃഷ്ണമാരാർ രക്ഷിക്കുന്നതു നോക്കുക: 'കാളിദാസൻെറ മേഘസന്ദേശം മനുഷ്യൻെറ മനസ്സിൽ ആർത്തിപിടിച്ചു തഴയ്ക്കുന്ന കാമാവേശത്തെയാണു് ചിത്രീകരിക്കുന്നതെന്നു് ഇന്നു ചിലരെങ്കിലും മനസ്സിലാക്കിവരുന്നുണ്ടു്. കാമഭോഗപരമായ മനോരാജ്യം വിചാരിച്ചിരിക്കുന്ന അത്തരം ഒരു മനസ്സിലൂടെ അതിനുമുമ്പു പരിചയപ്പെട്ടിട്ടുള്ള എല്ലാ യൗവന

KOTTAYAM PUBLIC LIBRARY KOTTAYAM

പ്പുളപ്പുകളും—ദ്രവിലാസാനഭിജ്ഞകളായ നാടൻ പെൺകിടാങ്ങൾ മുതൽ വിരുതേറിയ വിടൻതേവടിച്ചിമാർവരെ—അണിയണിയായി കടന്നു പോകുന്നു. ആഭോഗ്യസൌഭാഗ്യങ്ങളുടെ ഘോഷയാത്രയാണ് മേഘസന്ദേശത്തിന്റെ പൂർവ്വഭാഗമാകെ. ഇതെല്ലാം ദിവ്യനായ ഒരു യക്ഷനെ മുൻനിർത്തിയാണ് കാളിദാസൻ വർണ്ണിച്ചിട്ടുള്ളതെന്നു വെച്ച് അദ്ദേഹം അവിടെ 'മനുഷ്യകഥാനുഗായി'യല്ലാതെ പോയോ?

## ആദവും കൂട്ടുകാരിയും

ആദിമ മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ചുള്ള മതപരമായ വിശ്വാസത്തെക്കുറിച്ചുള്ള കഥ നോക്കുക. ദൈവം സ്വസാദൃശ്യത്തിൽനിന്നു മനുഷ്യനെ സൃഷ്ടിച്ചു. എന്നിട്ട് അവനു ജീവനും ആത്മാവും നൽകി; ഏദൻ തോട്ടത്തിലേയ്ക്കു് ഒരു കൂട്ടുകാരിയേയും കൂട്ടിവിട്ടു. കലാകാരന്മാരും ഇതാണ് ചെയ്യുന്നതു്. അവർ സ്വസാദൃശ്യങ്ങളിൽ കഥാപാത്രങ്ങളെ മെനഞ്ഞെടുക്കുന്നു, അവയ്ക്കു ജീവൻ നൽകുന്നു. തന്റെ കഥാപാത്രങ്ങളെ അവർ സ്വതന്ത്രരായി വിടണം. എല്ലാ നല്ല സൃഷ്ടികർത്താക്കളും അതാണു ചെയ്യുന്നതു്. സ്വാതന്ത്ര്യം കിട്ടിയ ഈ പുതിയ മനുഷ്യൻ സ്വന്തമായി വിതയ്ക്കട്ടെ; വിതച്ചതു് കൊയ്യട്ടെ. 'നിന്റെ പ്രവൃത്തികൾ നിന്നെ വേട്ടയാടും', എന്ന നിയമം തന്നെ അവരെയും ഭരിക്കും.

വിധിയെ എതിർത്തു തോല്പിക്കുന്ന ധീരന്മാരെ നമ്മൾ മാലയിട്ടു സ്വീകരിക്കണം. എഴുത്തുകാർ സൃഷ്ടി

ക്കുന്ന കഥാപാത്രത്തിന്റെ കാര്യത്തിലായാലും ഇതു തന്നെ വായനക്കാർ ചെയ്യും. ദൈവം മനുഷ്യരെ സൃഷ്ടിച്ചു സ്വതന്ത്രരാക്കി വിട്ടതുപോലെ സാഹിത്യകാരന്മാരും ആളുകളെ സൃഷ്ടിച്ചു സ്വതന്ത്രരാക്കി വിടുന്നു. കെന്നഡിയും ഗാന്ധിജിയും ടോൾസ്റ്റോയിയും ദൈവത്തിന്റെ സൃഷ്ടികളാണ്. ചരിത്രത്തിന്റെ താളുകളിലൂടെ അവർ എക്കാലവും നിൽക്കും. അതുപോലെതന്നെ ഹെലനും ഹാംലെററും, കർണ്ണനും കുന്തിയും, അന്നാകരീനിനയും കാലാകാലത്തോളും ജീവിക്കുന്നവരായിരിക്കും. അപ്പോൾ ഈശ്വരനെപ്പോലെ തന്നെ കലാകാരന്മാരും സൃഷ്ടികർത്താക്കളാണ്.

## പ്രവാചകന്മാർ

മനുഷ്യജാതിയുടെ കാണപ്പെട്ട പ്രവാചകന്മാരാണ്—ദൈവദൂതന്മാരാണ പ്രതിഭാശാലികൾ. അനുഭവത്തിലൂടെ കതിരിട്ടു പൊന്തുന്ന സത്യത്തെ ആവിഷ്കരിക്കുവാൻ ത്രാണിയില്ലാത്ത ഒരു കലാകാരനും കാലത്തിന്റെ പ്രവാഹത്തെ അതിജീവിക്കുവാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളെ തന്റെ കൂടെ ചിന്തിപ്പിക്കണമെങ്കിൽ ഉൾക്കരുത്തുള്ള സാഹിത്യകാരൻ പിറവിയെടുക്കണം. 'ജനങ്ങളെക്കൊണ്ടു തന്റെ കൂടെ ചിന്തിപ്പിക്കാത്ത സാഹിത്യകാരൻ എന്തു സാഹിത്യകാരനാണ്? ചിന്തിപ്പിച്ചാൽ മാത്രം പോരാ അനുഭവിപ്പിക്കുകയും വേദനിപ്പിക്കുകയും ഇച്ഛിപ്പിക്കുകയും വേണം. പക്ഷേ, അതിനുള്ള വഴി ജനങ്ങളോടൊപ്പം ചിന്തിക്കൽ മാത്രമാണ്. മഹാകവി സ്വയം സൃഷ്ടമായ ദന്തഗോപുരത്തിൽ തന്റെ ഏകാ

ന്താനുഭൂതികളെ ചൂണ്ടലിട്ടു കൊണ്ടിരുന്നാൽ മതിയോ? മുതലാളിത്ത മത്സരത്തിൻ ഫലമായി വ്യക്തിയുടെ ഒററപ്പെടലും വ്യക്തിത്വത്തിൻെറ തന്നെ പിളർപ്പും സർവ്വസാധാരണമായിട്ടുള്ള ഇക്കാലത്തു് 'ജനങ്ങളോടൊപ്പം ചിന്തിക്കുക' എന്നതിനു് വിശേഷിച്ചും അർത്ഥമുണ്ടു്. ഇന്നു് ഒററപ്പെടാനേററവും എളുപ്പമുള്ള ജീവി കലാകാരനാണു്. കലയുടെ സമൂഹോദ്ദേശം നിറവേററണമെങ്കിൽ സ്വന്തം ജനതയുടെ സഞ്ചിതാനുഭൂതികളും അഭിലാഷങ്ങളുമായി, ഗർഭശിശുവിനു മാതാവിൻെറ രക്തപരിവത്തനത്തോടുള്ളപോലെ, ഒരു നാളീനാളബന്ധം കലാകാകാരൻ സ്ഥാപിച്ചേ കഴിയൂ. ഇതെങ്ങിനെ കഴിയുമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടാകാം. 'ജനത' തന്നെ ഏതാണെന്ന കാര്യത്തിൽ പലരും പല മാതിരി അഭിപ്രായക്കാരാണു്. പക്ഷേ, ഒന്നു തീർച്ച; തൻെറ കൂടെ ആരാരൊക്കെ ചിന്തിക്കണമെന്നു കലാകാരനാഗ്രഹിക്കുന്നുവോ അവരുടെ നിലയിലേയ്ക്കു് ഇറങ്ങിച്ചെന്നു്, അവരുടെ കൂടെ ചിന്തിച്ചു കൊണ്ടു വേണം അയാൾ തുടങ്ങാൻ; അവസാനിക്കരുതു്; അവരുടെ കൂടെയായിരിക്കരുതു്. അവരെ തനിക്കു് ഇഷ്ടമുള്ള കുററിയിൽ പിടിച്ചു കെട്ടിയിടുവാൻ സാഹിത്യകാരനു് കഴിയണം. കരുത്തനായ കലാകാരനു് ആ കഴിവുണ്ടു താനും.

തിര്യക്കു ജീവിതത്തിൽനിന്നു മനുഷ്യനു് വ്യതിരിക്തനാകുവാൻ സാധിച്ചതു് അവൻെറ അനുഭൂതികളെ ആവിഷ്കരിക്കുവാൻ സാധിച്ചതുകൊണ്ടാണു്. മനുഷ്യ

വർഗ്ഗത്തിൻെറ അന്തർവൃത്തികളുടെ, അനുഭവങ്ങളുടെ, 'സമഷ്ടി'എന്നുതന്നെ കലയെപ്പററി പറയാം. സങ്കല്പം, വിചാരം, വികാരം, അനുഭവം, അനുഭവത്തിലൂടെയുള്ള അറിവ്, വികാരാനുഭൂതി ഇവയാണ് കലാകാരനെ അവൻേറതായ ലോകത്തിലേയ്ക്കുയർത്തുന്നതു്.

ജനിക്കുമ്പോൾ നമുക്ക് അറിവില്ല, സാമർത്ഥ്യമില്ല, പ്രാപ്തിയുമില്ല. നാം അപ്പോൾ സാമൂഹ്യമായി ആശ്രയത്വത്തിൽ കഴിഞ്ഞുകൂടുന്നു. ശിക്ഷണം, പരിശീലനം, ധാർമ്മികമായ അച്ചടക്കം, ഇതിൻെറ പാതയിലൂടെ യാത്രചെയ്താണു നമ്മൾ പകതയുള്ള വ്യക്തികളായി മാറുന്നതു്. സംസ്കാരസമ്പാദനം, സാമർത്ഥ്യസമ്പാദനം, ജ്ഞാനലബ്ധി ഇവ മനുഷ്യരുടെ വളർച്ചയിലെ അടയാളങ്ങളാണു്; വളരുവാനുള്ള-മാനസികവികാസം വീണ്ടും തുടരാനുള്ള മാർഗ്ഗങ്ങളാണു്. ചീത്തയിൽനിന്നു് നല്ലതിലേയ്ക്ക് ഉന്നം വച്ചു് ഉയരുവാൻ ആളുകൾ ഈ കാലഘട്ടത്തിൽ ശ്രമിക്കുന്നു. ഭാവിയെപ്പററി പ്രവചിക്കുവാൻ മാത്രമുള്ള കരുത്തു കൈവരുമ്പോഴേ ഒരാൾക്കു് എഴുത്തുകാരനായി മാറുവാൻ സാധിയ്ക്കുകയുള്ളൂ. പ്രതിഭാശാലി ഏതുരംഗത്താണു് പ്രവാചകനെപ്പോലെ ചിന്തിക്കുന്നതു്, ആ സ്ഥലത്തുവച്ചാണവർ യഥാർത്ഥ സൃഷ്ടികർത്താക്കളാകുന്നതു്. ഇവിടെയാണു എഴുത്തുകാരൻെറ വളർച്ചയുടെ ഉന്നതതലം കിടക്കുന്നതു്.

### പ്ലേറേറാ, അരിസ്റ്റോട്ടൽ, ബർഗ്സൻ

സാഹിത്യകാരൻ ജീവിതമൂല്യങ്ങളോടു് ആദരവു കാണിക്കണം. എന്തിനാണീമൂല്യങ്ങളെന്നു് പറയുക?

ജീവിതത്തിന് സ്വതേയുള്ള വില, ഇതു് രണ്ടുവിധം വരും. ഒന്ന്, സ്വതേ ജീവിതത്തിൽ ലയിച്ച് കിടക്കുന്നവയും മററുള്ള അന്യവസ്തുക്കളുമായുള്ള സമ്പർക്കത്തിലൂടെ പടൎന്നുകിടക്കുന്നവയും. കലയും ജീവിതവും തമ്മിൽ കോൎത്തിണങ്ങിക്കിടക്കുന്ന സാഹിത്യസൃഷ്ടികളെ പരിശോധിയ്ക്കുമ്പോൾ രണ്ടാമത്തെ വകുപ്പിന്റെ വ്യക്തമായ ചിത്രം നമുക്കുകിട്ടും. ജീവിതം തന്നെ ദിവ്യമായ ഒരു മണ്ഡലത്തിലേക്ക് ഉയരും, കലാകാരന്റെ സ്പർശമേൽക്കുമ്പോൾ.

**കവിത അനുകരണമാണ്**

ജീവിതത്തിന്റെ നിലീനസൗന്ദര്യത്തെ അനാച്ഛാദനം ചെയ്യുന്നതാണ് കവിത. ഇവിടെയാണ് കവികൾ ലോകത്തിലെ പ്രഖ്യാപിതരല്ലാത്ത നിയമനിർമ്മാതാക്കളാണെന്ന് പ്രഖ്യാപിക്കുവാൻ ഷെല്ലിയ്ക്ക് ആന്തരിക പ്രചോദനം നല്കിയ ബീജങ്ങൾ ഒഴിഞ്ഞുകിടക്കുന്നതും. കവിത പ്രകൃതിയുടെ അനുകരണമാണെന്ന അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രവും കവിത പകപ്പിന്റെ പകർപ്പാണെന്ന പ്ലേറ്റോയുടെ നിർവചനവും പ്രകൃതിസൗന്ദര്യത്തിൽനിന്നു കലാകാരൻ അഴക് വാരിയെടുത്തു അവയ്ക്കിഷ്ടമുള്ള രൂപങ്ങൾ ഉണ്ടാക്കുന്നതു കണ്ടിട്ടു ഉണ്ടായതാണ്. ഈ ആശയഗതി 'അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതി' എന്ന പൌരസ്ത്യ പണ്ഡിതവാക്യത്തിലും അലയടിയ്ക്കുന്നുണ്ട്. എങ്കിലും പ്രകൃതിസത്യവും ജീവിതസത്യവും സാക്ഷാൽ സത്യങ്ങളല്ല, സത്യാഭാസങ്ങളാണ് എന്ന പ്ലേറ്റോയുടെ നിഗമനമാണ് കവികൾ

മനുഷ്യജീവിതത്തിന്റെ ഭദ്രതയെ തകക്കുന്നവരാണെന്ന അദ്ദേഹം പറയുവാൻ കാരണം. മനുഷ്യനിലെ മൃഗീയഭാവങ്ങളെ ഉത്തേജിപ്പിക്കുവാൻ കവികൾക്ക് കഴിയും. കവിത പ്രാകൃതമായ മനസ്സിൽനിന്നേ പുറത്തു വരൂ. [കവിയെ മാത്രമാണ് ഇവിടെ കണക്കിലെടുക്കുന്നതു്—എഴുത്തുകാരും സാഹിത്യകാരന്മാരും ഈ വലയത്തിൽനിന്ന് പുറത്തു ചാടിയവരാണ്.]

കലാപ്രചോദനത്തിനു പിന്നിൽ ഒരമേയ തത്വസംഹിതയുണ്ടെന്ന ബർഗ്സന്റെ (One moment of intuition preceded twelve volumes of Philosophy) വാദഗതിയും പ്ലേറേറായുടെ ഫിലോസഫിയും തമ്മിൽ ഏററു മുട്ടുക തന്നെ ചെയ്തു. ഇന്നു ബർഗ്സനാണ് വിജയ മകുടം കലാനിരൂപകന്മാർക്കു നൽകുന്നതു്.

മനുഷ്യജീവിത പ്രശ്നങ്ങളിൽ നിന്ന് സാഹിത്യകാരൻ ഒരു നൂറു നാഴിക അകലെത്തന്നെയാണെന്ന് വിശ്വസിച്ച പ്ലേറേറായ്ക്കു് തെററു പററിയെന്ന് ഇന്നു നമ്മൾ കരുതുന്നു. മനുഷ്യന്റെ ശ്വാസോച്ഛ്വാസത്തിലും ഇന്നു കലയുടെ അണുക്കൾ അടങ്ങിയിരിക്കുന്നു. പുത്തൻ വീക്ഷണഗതികൾ, സംസ്കാരത്തിന്റെ പുതിയ നാമ്പുകൾ, സമാധാനത്തിന്റെയും ശാന്തിയുടെയും പുതിയ രശ്മികൾ മുതലായവ ആദ്യമായി കാണുന്നതു് കലാസൃഷ്ടിയിലാണു്. "ഭൗതിക ജീവിതത്തിന്റെ സുവിശേഷമാണ് കവിതയിൽ കാണുന്നതു്" എന്നു ഗോയ്ഥേ പ്രഖ്യാപിക്കുകയുണ്ടായി. അതിനു ശേഷമാണു ഭൗതിക ജീവിത സുഖത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള കലാസൃ

ഷ്ടികൾ വിശ്വസാഹിത്യത്തിൽ ഏറിയേറി വന്നതു്. ഹാരിയററു്ബീഷ്സ്റ്റോവ് എഴുതിയ 'അങ്കിൾ ടോംസ് ക്യാബിൻ പുറത്തു' വന്നതിനു ശേഷമാണു്, അമേരിക്കയിൽ, അടിമത്വത്തിനെതിരായ ഒരു പൊതു മനോഭാവം അലതല്ലിയതു്. ഗോർക്കിയുടെ 'അമ്മ' റഷ്യയിൽ സാർ ചക്രവത്തിമാരുടെ ഭരണത്തിനെതിരായുള്ള സമരത്തിൻെറ ഊഷ്മാവു വദ്ധിപ്പിച്ചു. ആധുനിക മനുഷ്യസമുദായത്തിൻെറ പൊള്ളത്തരങ്ങളെ എലിയട്ടു് വ്യക്തമായി ചിത്രീകരിച്ചു. ചൈനയിലെ കൃഷിക്കാരുടെ ജീവിതത്തിൻെറ ഏടുകൾ നഗ്നമായി, കലാപരമായി ആവിഷ്കരിക്കുവാൻ പേൾ ബക്കിനു കഴിഞ്ഞു. ടോൾസ്റ്റോയ് 1917-ലെ ചരിത്രപ്രാധാന്യമുള്ള ഒക്ടോബർ വിപ്ലവത്തിനു വിത്തു വിതച്ചു. പാസ്റ്റർനാക്കു തൻെറ 'ഡോ. ഷിവാഗോ' എന്ന നോവലിലൂടെ മാനുഷിക മൂല്യത്തിനു വേണ്ടിയുള്ള ശബ്ദം ഉയർത്തി; മെററീരിയലിസത്തിൻെറ ജീർണ്ണിപ്പു കണ്ടു് മനം മടുത്തിട്ടാണു് അദ്ദേഹം അങ്ങിനെ ചെയ്തതു്.

### ആത്മാവിനെ അന്വേഷിക്കുന്നു

മനുഷ്യവർഗ്ഗം അണ്വായുധങ്ങൾ താഴ്ത്തുവച്ചുകൊണ്ടു് മനുഷ്യാത്മാവിൻെറ സ്വരത്തിനു് പ്രാധാന്യം വീണ്ടും നൽകിത്തുടങ്ങിയിരിക്കുന്നു. നമ്മൾ വീണ്ടും സ്പിരിററിലേയ്ക്കു മുഖം തിരിച്ചുവെച്ചു പ്രയാണം ആരംഭിക്കണമെന്നതിൻെറ സൂചനയാണു് ഇന്നത്തെ മിക്ക പ്രതിഭാശാലികളുടെയും ശബ്ദത്തിലുള്ളതു്.

ആറ്

# നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം—സാഹിത്യത്തിൽ

മനുഷ്യനിൽ രണ്ടുതരം ആത്മാക്കളുണ്ടെന്നു് ഒരു കൂട്ടം ചിന്തകന്മാർ വാദിയ്ക്കുന്നു. ഒന്നു്, താണ ആത്മാവു് **(Lower self)**, രണ്ടു, ഉയൻ്ന ആത്മാവു് **(Higher self)** ആദ്യത്തേതു് തിന്മയെന്ന സിംബലം സ്വീകരിച്ചു; രണ്ടാമത്തേതു് 'നന്മ'യെന്ന പേരിൽ അറിയപ്പെട്ടു.

മനുഷ്യൻ മൃഗത്തിൻെറ അവസാനത്തെ കണ്ണിയാണു്. ജന്തുവിൻെറ എല്ലാ സ്വഭാവ വിശേഷങ്ങളുടേയും ജീൻസ് അവനിൽ ഉണ്ടു്. മെൻഡലിസം ഈ സത്യം പരീക്ഷണത്തിൽ നിന്നു് നിരീക്ഷിച്ചെടുത്തതാണു്. ഇതു ശരിയാണെന്നു് ഇന്നു് എല്ലാ ശാസ്ത്രകാരന്മാരും സമ്മതിയ്ക്കുന്നു. അങ്ങനെ മനുഷ്യനിൽ തിന്മയും നന്മയും ഉണ്ടെന്നുസാരം. അവ തമ്മിൽ എപ്പോഴും കൂട്ടിയടിയ്ക്കും. സമരവും സംഘട്ടനവുമാണു് വളർച്ചയുടെ ലക്ഷണം. തിന്മയില്ലെങ്കിൽ 'നന്മ'യെന്ന ഒന്നിനു നിലനില്ക്കാനാവില്ല. തിന്മയില്ലെങ്കിൽ നന്മയെപ്പററി പറഞ്ഞിട്ടു കാര്യമില്ലല്ലോ.

36565

## നന്മയും തിന്മയും

നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനമാണ് സാഹിത്യത്തിലെ മുഖ്യമായ പ്രമേയം. പ്രകൃതിയോട്ട് മല്ലിടുകയാണാത്മാവ്. മനുഷ്യനിൽ ആവശ്യമില്ലാതെ സമരങ്ങൾ ഉണ്ടാക്കുമതു്. വിശ്രമാവസരങ്ങളെ താണ ആത്മാവ് മോശമായി ഉപയോഗിക്കും. ഇങ്ങനെയൊക്കെ സംഭവിയ്ക്കുന്നതു താണ ആത്മാവ് ഉയന്ന ആത്മാവിനെ കീഴടക്കിക്കഴിയുമ്പോഴാണ്. നന്മയുടെ മേൽ തിന്മ വിജയം കൈവരിച്ചുകഴിഞ്ഞാൽ, തിന്മയുടെ ശബ്ദം ധിക്കാരപരമായിമാറും. പിന്നെ ഏകാധിപതിയുടെ സ്വരത്തിലെ അതു സംസാരിക്കൂ. ശബ്ദകോലാഹലം ഉണ്ടാക്കി മനുഷ്യൻെറ ആത്മസത്തയെത്തന്നെ അതു തകർത്തിക്കളയും.

ഈ ലോകം ഭിന്നതയുടേതാണ്—സമുദായത്തിൽ, രാഷ്ട്രത്തിൽ, മതത്തിൽ, കുടുംബത്തിൽ എല്ലായിടത്തും അനൈക്യമുണ്ട്. അതു മത്സരത്തിനു എളുപ്പം കളമൊരുക്കും ഈ പ്രവണതയുടെ അണുക്കൾ വ്യക്തിയിലും ഉണ്ടെന്നാണല്ലോ നമ്മൾ നേരത്തെ പറഞ്ഞതും.

നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിൽ നിന്നും തീക്ഷ്ണമായ അനുഭൂതികൾ, മനുഷ്യനിലെ കാഴ്ചക്കാരനും മനസ്സിൻെറ സൂക്ഷിപ്പുകാരനുമായ കാവൽമാലാഖയ്ക്കു്—മനുഷ്യനിലെ പ്രതിഭാശാലിയ്ക്കു് ഒപ്പിയെടുക്കുവാൻ കഴിയും; അതു ആവിഷ്കരിയ്ക്കുകയും ചെയ്യാം. നന്മ തോൽക്കുകയും തിന്മ ജയിക്കുകയും ചെയ്യുമ്പോഴാണ് ട്രാജഡി ഉണ്ടാകുന്നതു്. ഒരു യഥാർത്ഥ

കലാകാരൻ തിന്മയുടെ വിജയത്തിൻെറ ആസ്ഥിവാരത്തിന്മേലാണ് തൻെറ ട്രാജിക്ക് കഥാപാത്രങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്നതും. നന്മയാണ് സമരത്തിൽ ജയിയ്ക്കുന്നതെങ്കിൽ കോമഡി ഉണ്ടാകും.

## നന്മയും തിന്മയും തമ്മിലുള്ള സമരം

എന്നാൽ മറെറാരുതരം സാഹിത്യരൂപങ്ങൾ കൂടിയുണ്ട്; നന്മയും നന്മയും തമ്മിലുള്ള സംഘട്ടനം; അതെങ്ങനെയാണ് സംഭവിയ്ക്കുക? ഒരിക്കലും ഒന്ന് മറെറാന്നിനോട് പൂർണ്ണമായവിധത്തിൽ സമമായിരിയ്ക്കുകയില്ലല്ലോ. നന്മയും സത്യവും ആപേക്ഷികമാണ്. അങ്ങനെ ഏററക്കുറച്ചിലുള്ള രണ്ടു നന്മകൾ തമ്മിൽ കൂട്ടിയടിച്ചാൽ, ഒന്നുകിൽ അവർ രാജിയാവണം; അല്ലെങ്കിൽ രണ്ടുപേരും കുറേശ്ശെ നശിക്കും. രാജിയായാൽ അവിടെ മനുഷ്യനിലെ ഉയന്ന ആത്മാക്കളുടെ ആലിംഗനം നടന്നുവെന്നു നമുക്കു കരുതാം. മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ അതു് ഭീകരമായ ഒരു അന്ത്യം തന്നെ. ഇത്തരം അന്ത്യങ്ങളെ അന്തസ്സായി ചിത്രീകരിക്കുന്ന ചില സാഹിത്യാകാരന്മാരുണ്ടു്. അവരുടെ അത്തരം കൃതികൾ ദൈവത്തെപ്പോലെ ആയുസ്സുള്ളവയാണ്. സോഫോക്ലീസ്സിൻെറ നാടകങ്ങളിൽ പലതും ഇതിൻെറ തുറന്ന ഉദാഹരണങ്ങളാണ്. യഥാൎത്ഥ ട്രാജഡിയുടെ കാതലും 'നന്മ'യും നന്മയും തമ്മിലുള്ള സംഘട്ടനമായിരിക്കും.

മനുഷ്യൻെറ ആന്തരികമായ ശക്തികൾ തമ്മിൽ ഉഗ്രമായ വടംവലികൾ നടത്തുന്നതു് അങ്ങനെ തന്നെ

ചിത്രീകരിക്കുന്ന സാഹിത്യകാരൻ ലോകത്തിൻെറ പൊതുസ്വത്താകും. ഒരു രാഷ്ട്രത്തിൻെറമാത്രം എഴുത്തുകാരനോ ഒരു സമുദായത്തിൻെറ മാത്രം സാഹിത്യകാരനോ ആയി അദ്ദേഹം ചുരുങ്ങുകയില്ലെന്നർത്ഥം. ടോൾസ്റ്റോയി ലോകവന്ദ്യനായ സാഹിത്യകാരനായിരുന്നതുകൊണ്ടാണ് അദ്ദേഹം തൻെറ സാഹിത്യചിന്തകൾ ക്രോഡീകരിച്ചകൃതിയിൽ ഇങ്ങനെ സൂചിപ്പിച്ചതു്. മനുഷ്യജീവിതത്തെ അവനറിയാതെ മുന്നോട്ടു നയിച്ചുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക ശക്തിയെപ്പററിയുള്ള ഉൾക്കാഴ്ച എപ്പോൾ ലഭിക്കുന്നുവോ അപ്പോൾ ഉയർന്ന വർഗ്ഗത്തിൻെറ കലയെന്നും താഴ്ന്ന വർഗ്ഗത്തിൻെറ കലയെന്നും ഉള്ള ആ വിഭജനം ഇല്ലാതാകും. പിന്നെ ഏകീകൃതവും സാർവ്വജനീനവും സമത്വ സുന്ദരവുമായ ഒരു കലയേ ഉണ്ടായിരിക്കുകയുള്ളു. ഈ ഉൾക്കാഴ്ചയോടു പൊരുത്തമില്ലാത്ത വികാരങ്ങളെ ആവിഷ്ക്കരിക്കുന്ന കല— മനുഷ്യരെ സംയോജിപ്പിക്കുന്നതിനു പകരം വിയോജിപ്പിക്കുന്ന കല—അന്നു തിരസ്കൃതമാകും. ഇന്നു് അനർഹമാംവണ്ണം മേന്മ നടിച്ചുനിൽക്കുന്ന കക്ഷിസ്വഭാവമുള്ള കല അന്തസ്സാരശൂന്യമായ ഒന്നായി അന്നു വിഗണിക്കപ്പെടും.

ഇവിടെ നമ്മൾ അന്തർവീക്ഷണമെന്നു സൂചിപ്പിക്കുമ്പോഴും ആത്മവീക്ഷണം എന്നു പറയുമ്പോഴും ഒന്നുതന്നെയാണു് അർത്ഥമാക്കുന്നതു്. ഈ വീക്ഷണത്തെ പാടെ അവഗണിക്കുന്നവർ ഭൗതിക വാദികളാണു്. അതിനെ ധിക്കരിക്കാത്തവർ ഭൗതികവാദികളല്ലെന്നു

പറയുകയാണ് കൂടുതൽ ശരി. മനുഷ്യനു പിടിച്ചട ക്കുവാൻ സാദ്ധ്യമല്ലാത്ത ചിലതുണ്ടെന്നു വ്യക്തികൾക്കു തോന്നുമ്പോഴാണ് അവർ അന്തർമുഖചിന്തനത്തിനു ഒരുക്കു കൂട്ടുന്നതു്.

**അനുഭൂതി**

എല്ലാ കലാകാരനും എന്തോ നിർവചനങ്ങൾക്കതീതമായ ഒരു അനുഭൂതിവിശേഷം ഉണ്ടാകാറുണ്ടെന്നും അതാണ് കലാസൃഷ്ടികൾക്ക് ഉത്തേജനം നൽകുന്നതെന്നും പറയാറുണ്ട്. ഇതിനെ ദിവ്യാനുഭൂതിയെന്നു വിളിക്കാം. ഈ ദിവ്യാനുഭൂതി ഉണ്ടെന്നു സമ്മതിക്കുന്നവർ അന്തർമുഖചിന്തകന്മാരുടെ കൂട്ടത്തിൽ താനെ ഉൾപ്പെടും. അത്രയും വിശാലമായ അർത്ഥത്തിലാണ് ആ പ്രയോഗവും.

ഭൗതികവാദത്തിനു ഒരു തത്വശാസ്ത്രമുണ്ട്. അതിനപ്പുറം പോകാൻ പാടില്ല. മറിച്ച് അന്തർ വീക്ഷണഗതിക്കാർക്ക് ഒരു പ്രത്യേകമായ തത്വശാസ്ത്രമില്ല. ഒരു പ്രത്യേകമായ തത്വശാസ്ത്രത്തിലൊതുങ്ങി നിൽക്കുന്നതല്ല സത്യം. പരിപൂർണ്ണ ജീവിതസത്യം ഗവേഷകന്മാരുടെ പിടിയിൽ ഒതുങ്ങുകയുമില്ല. മനുഷ്യൻെറ മാനസികമായ വളർച്ചക്ക് അവസാനമില്ല. അററം ഉള്ളതു് പരിമിതം ആണല്ലോ?

എല്ലാ കലാസൃഷ്ടികളുടേയും അടിത്തട്ടിൽ കെട്ടിക്കിടക്കുന്നതു് ഈ ദിവ്യാനുഭൂതിയാണ്. മതത്തിൻെറ പിറകിലുള്ളതും ഇതുതന്നെ. ബുദ്ധൻെറ നിർവൃതിയും കലാകാരൻെറ അനുഭൂതിയും ഒന്നുതന്നെ; വേഷത്തിൽ

മാത്രം മാററമുണ്ടു്. കലാകാരനും പുരോഹിതനും ഒരു പോലെ സഞ്ചരിക്കുന്നതു് ഈ മേഖലയിൽവെച്ചാണു്. കലയുടെ രക്തത്തിൽ സത്യത്തിൻെറ അണുക്കളെ കടത്തിവിടാൻ കലാകാരൻ തയ്യാറാകുവാൻ കാരണം, എല്ലാററിനും ഉപരി ഒരു പ്രതിഭാശാലി പ്രവചാകനും മനുഷ്യസ്നേഹത്തിൻെറ പ്രചാരകനും കൂടിയായിരിക്കണമെന്നു വിശ്വാസമാണു്. കലാകാരൻെറ മനസ്സിൻെറ അടിത്തട്ടിൽ, താൻ ജീവിത നിരൂപകനും, ജീവിത വ്യഖ്യാതാവും ജീവിത പ്രകാശകനും പുതുജീവിതത്തിൻെറ നിമ്മാതാവും ആയിരിക്കണമെന്ന പ്രചരണപരമായ ഒരു പ്രതിഭാസം പ്രബലമായി കുതിച്ചൊഴുകുന്നുണ്ടു്. കലാസൃഷ്ടിയുടെ മുഖഭാവത്തിൽ വായനക്കാരൻ ഇതു മനസ്സിലാക്കരുതെന്നു് മാത്രം.

## കൃതിയുടെ ഞരമ്പുകളിലൂടെ

കലപ്പ വിദ്യാത്ഥിവർഗ്ഗത്തിൻെറ കയ്യിൽ കൊടുത്തേ മതിയാവൂ എന്നു മനസ്സിൽ ആഗ്രഹമുള്ള ഒരു സാഹിത്യകാരൻ, തൻെറ കൃതിയുടെ പുറംചട്ടയിൽ പേനയും പുസ്തകവും താഴത്തുവെച്ചശേഷം കലപ്പയും കാളയുമായി പാടത്തേയ്ക്കു് പോകുന്ന കലാശാല വിദ്യാത്ഥികളുടെ പടം വരച്ചു വെയ്ക്കരുതു്. അതു കൃതിയുടെ ഞരമ്പിലൂടെ പടർന്നു പന്തലിച്ചു് പരന്നു കിടക്കണം. അവയുടെ അണുക്കൾ വായനക്കാരുടെ ബോധമണ്ഡലത്തിൽ മെല്ലെ മെല്ലെ ഒററക്കു് കയറി കൂടണം. ആ അണുക്കൾ അവിടെവെച്ചു് അസ്വസ്ഥരാവുകയും തന്മൂലം ഇണചേരുകയും ചെയ്യും. അങ്ങനെ വായനക്കാരൻ

പുതിയ ആശയങ്ങളും സങ്കല്പങ്ങളും ഉൾക്കൊള്ളും. ഇതുകൊണ്ടാണ് കലാകാരൻ ജീവിതവേദാന്തിയായിരിക്കണമെന്നും അതു് പുറമേ കാണിക്കരുതെന്നും പറയുന്നതു്. നല്ല നാളയുടെ പടം വരച്ചു കാണിക്കണം കലാകാരൻ. ബർട്രാൺഡ് റസ്സലിന്റെ ശബ്ദമുയരുന്നതു നോക്കുക—"ജീവിതത്തെ പുരോഗമിപ്പിക്കുന്ന ഒരു തത്വചിന്തയുടെയോ മതത്തിൻെറയോ ആവശ്യം ലോകത്തുണ്ടു്. എന്നാൽ ജീവിതത്തെ പുരോഗമിപ്പിയ്ക്കുന്നതിനു്, വെറും ജീവിതമല്ലാത്ത ഒന്നിനു് നാം വില കല്പിക്കണം; മൂല്യം നൽകണം—ജീവിതത്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്ന ജീവിതം യഥാർത്ഥ മാനുഷിക മൂല്യമില്ലാത്ത മൃഗീയ ജീവിതമാണു്. ജീവിതം പൂർണ്ണമായി മാനുഷികമായിരിക്കണമെങ്കിൽ അതു് മനുഷ്യജീവിതത്തിനു അപ്പുറത്തു വർത്തിക്കുന്നതും വ്യക്തിഗതമല്ലാത്തതും മനുഷ്യവർഗ്ഗത്തിനുപരിയായിട്ടുള്ളതും ആയ ഒന്നിനെ, ഈശ്വരനെ, സത്യത്തെ, ഏററവും ഭംഗിയായി പുരോഗമിപ്പിക്കുവാൻ ജീവിതത്തിനുമാത്രം അതിനെ വിനിയോഗിക്കുന്നവനല്ല. അവർ അനശ്വരമായ ഒന്നിനെ മനുഷ്യജീവിതത്തിൽ കടത്തിക്കൊണ്ടുവരുന്ന ശ്രമത്തെ ലക്ഷ്യമാക്കുന്നു." ("Principles of Social Reconstruction"—Russel)

സാഹിത്യം സങ്കല്പത്തിൽനിന്നും യാഥാർത്ഥ്യത്തിലേക്കും കെട്ടുകഥകളിൽനിന്നു് ജീവിതത്തിലേക്കും കാലുമാറി കുത്തിയ കാലാമാണിതു്. പക്ഷേ അവിടെ തത്വശാസ്ത്രം കൊടികുത്തി വാഴുവാൻ അനുവദിക്കരു

തെന്നമാത്രം. എല്ലാററിനുമുപരി കല കലതന്നെയായിരിക്കണം. കല ജനതയുടെ ഇടയിൽക്കൂടി കടന്നുപോകണമെങ്കിൽ ആനന്ദം അവരിൽ കടത്തിവിടണം; അതു നിലനില്ക്കണമെങ്കിൽ ആശയമൂല്യത്തിനു പ്രാധാന്യം നല്കുകയും ചെയ്യുന്നു.

**സമരവും സമാധാനവും**

അറിവിനുവേണ്ടിയുള്ള ഇന്നത്തെ പരിശ്രമം ഏറിയകൂറും പരീക്ഷണപരമാണു്. ആദ്യകാലത്തു് പുത്തൻ ആശയങ്ങൾ ഉത്ഭവിക്കുന്നതു് ധ്യാനത്തിൽ നിന്നാണു്. പരലോകത്തെക്കുറിച്ചു സുന്ദരസങ്കല്പങ്ങൾ കെട്ടിപ്പടുത്തുകൊണ്ടു മതപ്രചാരകന്മാർക്കു് ആളും അർത്ഥവും ഉണ്ടാകുവാൻ കഴിയും. കലാകാരൻെറ ചുമതല അതല്ല. എന്നുമാത്രമല്ല—അത്തരക്കാരെ പരാജയപ്പെടുത്തുകയും കുറേക്കൂടെ ശുഭകരമായ ഒരു സാമൂഹ്യജീവിതത്തിനു ചേർന്ന മാർഗ്ഗങ്ങൾ മനുഷ്യവർഗ്ഗത്തിനു കാണിച്ചുകൊടുക്കുകയുമാണു് സാഹിത്യകാരൻ ചെയ്യേണ്ടതു്. ഈ ലോകത്തിലുള്ള തകരാറുകളും ദൂഷ്യങ്ങളും പരിഹരിക്കുവാനുള്ള ചിന്താപദ്ധതി മനുഷ്യനു കാണിച്ചുകൊടുക്കുവാൻ കടപ്പെട്ടവനാണു എഴുത്തുകാരൻ. അനുഭവത്തിൽ നിന്നു കുരുത്തതും, പരീക്ഷണം കൊണ്ടുറച്ചതുമായ ഒരു ജീവിത തത്വശാസ്ത്രം എഴുത്തുകാരനു് അവതരിപ്പിക്കുവാൻ കഴിഞ്ഞാൽ അവനും അവനോടൊപ്പം അവൻെറ സാഹിത്യ സൃഷ്ടികളും നിലനില്ക്കും.

**അദ്ധ്വാനം**

പ്രയത്നം കൂടാതെ വിജയം ലഭിക്കാവുന്ന ഒന്നല്ല മനുഷ്യജീവിതം. സമാധാനത്തെക്കാളും സമരത്തിനാ

ണ് അവിടെ വില. തകരാറുകൾ കൂടുതലും സമാധാന മാർഗ്ഗങ്ങൾ കുറവുമാണവിടെ. പരിഹരിക്കുവാൻ— പ്രശ്നങ്ങൾ അനവധിയാണ്. തീക്ഷ്ണമായ പ്രതിബന്ധങ്ങളെ അഭിമുഖികരിക്കാതെ ഒരു വ്യക്തിക്കും മുന്നേറുക സാദ്ധ്യമല്ല. ഉഗ്രമായ പോരാട്ടം നടത്തിയവർ മാത്രമേ വിജയം പിടിച്ചു പററിയിട്ടുള്ളു. മുന്നോട്ട് കുതിച്ചു കയറുവാൻ ഒരു മാർഗ്ഗവും വ്യക്തിയുടെ മുമ്പിലില്ലാതാകുമ്പോഴാണ് അവൻെറ ചിന്ത ഉഗ്രതരമാകുന്നതു്. പ്രയാസങ്ങൾ മനുഷ്യനെ ചിന്തിക്കുവാൻ പ്രേരിപ്പിക്കും. ഞെരുക്കങ്ങളും പ്രതിബന്ധങ്ങളും ഏറിയേറിവരുംതോറും ചിന്ത ഫണമുണർത്തി ചീററിത്തുടങ്ങും. തീപിടിച്ച ചിന്താശകലങ്ങൾ അത്തരം തലച്ചോറുകളിൽ നിന്നാണ് ചിതറിവീണതു്.

## സാഹിത്യകാരൻെറ കടമ

ഇവിടെല്ലാം മനുഷ്യൻ എങ്ങിനെ പെരുമാറുമെന്നു പ്രവർത്തിയിലൂടെ സാഹിത്യകാരൻ തൻെറ കൃതിയിലൂടെ വരച്ചുകാണിക്കും. അവ സാമാന്യജനതയെ കോൾമയിർ കൊള്ളിക്കും. അത്തരം കലാരൂപങ്ങളിൽ മനഃസൂന്നിക്കൊണ്ടു് അത്തരം നിമിഷങ്ങളിലൂടെ ശീഘ്രഗതിയിൽ വലിഞ്ഞു കയറിപ്പോകുവാൻ ആളുകൾക്കു കഴിവുണ്ടാകുകയും ചെയ്യും.

ഇങ്ങനെ മനുഷ്യനെ നന്നാക്കുവാൻവേണ്ടി മാത്രമാണോ സാഹിത്യകാരന്മാർ എഴുതുന്നതു്. എനിക്കു തോന്നുന്നു ഷെല്ലിയ്ക്കും, കീററ്സിനും, ചങ്ങമ്പുഴയ്ക്കും കവിത രചിക്കാതെ ഒരു നിമിഷംകൂടി ജീവിക്കുവാൻ

സാദ്ധ്യമല്ലാത്ത ചില നിമിഷങ്ങൾ ഉണ്ടായിട്ടുണ്ടെന്നു്. അപ്പോഴാണു് അവരെല്ലാം കവിത എഴുതിപ്പോയതും.

ടോൾസ്റ്റോയ് 'യുദ്ധവും സമാധാനവും' എഴുതിയപ്പോഴും, 'അന്നാകരീന' രചിച്ചപ്പോഴും, അവ മനുഷ്യവർഗ്ഗത്തിനു് ആനന്ദവും അറിവും കൊടുക്കുവാൻ വേണ്ടിയാണെന്നു് ബോധപൂർവ്വം വിശ്വസിച്ചിരുന്നുവോ? ഇല്ലെന്നാണു് തോന്നുന്നതു്. അവ എഴുതാതിരുന്നാൽ അദ്ദേഹം ആന്തരികമായി ചത്തു് തുലയുമായിരുന്നു. ഇടപ്പള്ളി 'മണിനാദം' എന്ന കവിത രചിക്കുവാൻ ശ്രമിച്ചിരുന്നില്ലെങ്കിൽ, അതിനു കഴിഞ്ഞിരുന്നില്ലെങ്കിൽ ആ കവിതയുടെ പിറവിസമയത്തിനുമുമ്പു സ്വന്തം ചേതന ഭ്രാന്തിൻെറ വക്കിലേയ്ക്കെത്തുമായിരുന്നു. ഒപ്പം പിച്ചും പേയും പറയുകയും ചെയ്യുമെന്ന കാര്യം തീർച്ച. ചിലപ്പോൾ അപ്പോൾ തന്നെ ആത്മഹത്യനടന്നെന്നും വരാം.

വാഗ്മിത്വത്തെ പിടികൂടി അതിനെ കഴുത്തു ഞെക്കി കൊന്നുകളയുക എന്നു പ്രഖ്യാപിച്ച വെർലെയിൻ, കഥയെന്നതു് ഒരാൾ സമ്പൂർണ്ണമായി താൻ തന്നെയാകുന്നു അനിയന്മാരെ, എന്നു വീറോടെ വാദിക്കുകയുണ്ടായി. കലാകാരൻ തൻെറ ആത്മാവിൻെറ പ്രകടന പ്രവണതയെ ശമിപ്പിക്കുകയാണു കലാസൃഷ്ടി വഴി ചെയ്യുന്നതെന്നു സാരം.

എങ്കിൽ സാഹിത്യകാരൻ ജീവിതത്തിൻെറ നന്മതിന്മകളേയോ ജീവിത പ്രതിഭാസങ്ങളെയോ ധിക്കരി

ച്ചാൽ തെററന്താണ്? കല കലയ്ക്കുവേണ്ടി എന്ന ചിന്താഗതി ഈ മനോഭാവത്തിൽനിന്ന ഉത്ഭവിച്ചതാണ്. കലാകാരന് അവനോട്ട് മാത്രമാണ് ഉത്തരവാദിത്വം എന്ന നിഗമനം ആധുനികകാലത്തു വീണ്ടും ഉയർത്തെഴുന്നേററതു് ഇത്തരം പ്രതിഭാസങ്ങളുടെ അധിപ്രസരത്തിലെ ധൂമപടലങ്ങൾ വീശിയടിച്ചതുകൊണ്ടാണ്. ആത്മാൎത്ഥതയും ഒരു നിമിഷത്തെ ബോധത്തെ അതിസൂക്ഷ്മമായി അനുകരിക്കുന്നതുമാണ തൻെറ കാവ്യരീതിയെന്നുകൂടി വെർലെയിൻ വ്യക്തമാക്കുകയുണ്ടായി. വെർലെയിന്റെ കാവ്യരീതിയുടെ നിമ്മാണത്തിന് അദ്ദേഹത്തിലുണ്ടായിരുന്ന ഘടകങ്ങൾ ആർതർ സിമൺസ് എടുത്തു കാണിക്കുന്നുണ്ട്. 'ഇന്ദ്രിയങ്ങളുടെ ഗ്രഹണസാമർത്ഥ്യം; ഇതുപോലെ ലളിതമായി വികാരപരതയ്ക്കുള്ള കെൽപ്പ്; തനിക്ക അനുഭവിക്കുവാൻ കഴിയുന്ന ഓരോ വികാരത്തെയും ജനിപ്പിക്കുന്ന തരത്തിലുള്ള പീഡിതമായ ഒരു ജീവിതരീതി; തല്ക്കാലനിമിഷത്തെ അനുഭവങ്ങളിൽ മുഴുകുന്ന ശീലം; മുന്നോട്ടും പിന്നോട്ടും നോക്കുന്നതിനുവേണ്ട ശേഷിയുടെ കുറവ്; സ്നേഹിക്കുന്നതിനും പാപസമ്മതത്തിനുമുള്ള കൊടിയ ആവേശം; ഭൂഭാഗക്കാഴ്ചയുടെ ലളിതങ്ങളായ ഈഷദ്ഭേദങ്ങളെ ചിത്രീകരിക്കുന്നതിനും അന്തരീക്ഷം ധ്വനിപ്പിക്കുന്നതിനും കെൽപുള്ളതും വിസ്ലറുടെ ചിത്രകലാരീതിയോട്ട് ഔപമ്യമുള്ളതുമായ കലാരീതി; തൻെറ സ്വഭാവസാരള്യത്തിൻെറ നേരിട്ടുള്ള ഫലമായ ഭാഷ; ഈ ഭാഷയുടെ ആത്മബോധം അതിന നൽകിയ പരമമായ പദലാളിത്യം; ദൈവസൃഷ്ടികൾ സകലവും തീക്ഷ്ണതാപൂർവ്വം തേടി

നടന്നതിനുശേഷം സ്നേഹാവേശം, ദൈവത്തെ വഴി മദ്ധ്യേവച്ചു കണ്ടുപിടിച്ചു് അദ്ദേഹത്തിനുമുമ്പിൽ പൊടിയിൽ മുട്ടുകുത്തുവാനിടവരുന്നതു്, പ്രായേണ ഭയങ്കരമായ ഒരു അനൗദ്ധത്യം-ഇതെല്ലാം 'തന്റെ കവിതയിലൂടെ തന്റേതായ ആത്മാവിൻെറ നോവുകൾ ചിത്രീകരിച്ചുവെന്നുമാത്രം. അതിനപ്പുറത്തു് മററൊരു തത്വശാസ്ത്രവും വെർലെയിനു് ഇല്ല.

വക്തിപരമായ പ്രശ്നങ്ങൾക്കു നിവാരണമുണ്ടാക്കുന്നതു ചിന്തയാണു്; ചിന്ത ഉഗ്രതരമാകുമ്പോൾ—ഹൃദ നിറയുമ്പോൾ മനസ്സാക്ഷി ചൂടുപിടിക്കും. മനസ്സു് അസ്വസ്ഥമാകും. ഉള്ളിലുള്ളവയെ പുറത്തേക്കു് പ്രവഹിപ്പിച്ചേ ആ അഭിനിവേശം കെട്ടടങ്ങൂ. സംഘട്ടനത്തിൻെറയും മത്സരത്തിൻെറയും വടംവലികളുടേയും വൈഷമ്യം ഒഴിച്ചുവിടനായി വ്യക്തികൾ കിനാവുകൾ കണ്ടുതുടങ്ങും. സ്വപ്നം ആശയുടെ (സഫലമാകാത്ത) സഫലീകരണമാണു് എന്ന ഫ്രോയിഡിൻെറ തത്വസാസ്ത്രം ഉദിച്ചതു് ഈ പ്രദേശത്തുവെച്ചാണു്. സ്വപ്നങ്ങൾക്കു പിറകേ സങ്കല്പങ്ങളായി വികാരപരമായ ആദർശസൃഷ്ടികൾ ഉണ്ടാകും; വികാരാനുഭൂതിയും വിചാരത്തിൻെറ മേഖലയിലേക്കു ചുഴലിക്കാററുപോലെ അടിച്ചുകയറും. ആകെ താറുമാറാകും. അങ്ങനെ വൈരുദ്ധ്യത്തിൽനിന്നു് കലാകാരൻ തൻെറ പ്രതിഭയുടേയും അനുഭവജ്ഞാനത്തിൻെറയും കരുത്തുകൊണ്ടു ക്രമസമാധാനം പാലിക്കുവാൻ ശ്രമിക്കും—സംവിധാന ഭംഗി തന്നെയാണല്ലോ കലയുടെ കാതലും. അങ്ങനെ കലരൂപം പ്രാപിക്കുകയാണു്.

**താളക്രമം വരുത്തുക**

അസ്വസ്ഥമായ ജീവിതത്തിന് താളക്രമം വരുത്തുകയാണ് കലാസൃഷ്ടികൾ ചെയ്യുന്നത്. ഷെല്ലി വാനമ്പാടിയെക്കുറിച്ച് കവിത രചിച്ചപ്പോൾ തന്നിലെ കലാകാരന്റെ ആത്മവത്തയുടെ പ്രതിനിധിയായിട്ട് വാനമ്പാടിയെ സങ്കല്പിച്ചു. നീലാകാശത്തിന്റെ കീഴിൽക്കൂടി—വെള്ളിമേഘങ്ങളെ മുട്ടിയുരുമ്മിക്കൊണ്ട് ആ വാനമ്പാടി പറന്നുയർന്നു. കലാകാരൻ സർവ്വതന്ത്ര സ്വതന്ത്രനായിരിക്കണമെന്നും ഒരു രാഷ്ട്രത്തിന്റേയും സ്വന്തമല്ല, അവൻ എന്നുമെന്ന ആശയമാണ് അതിലൂടെ വ്യക്തമാക്കിയതും.

പറഞ്ഞേ മതിയാവൂവെന്നു തോന്നിയ കുറേ കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. എനിക്കു പാടുവാൻ കഴിവില്ലെങ്കിൽ ഞാൻ മരിച്ചുവീഴും, എന്നു ഹൃദയം തുറന്നു പറഞ്ഞ കവികൾ ലോകത്തിന്റെ എല്ലാ ഭാഗത്തും ഓരോ കാലഘട്ടത്തിലും ഉണ്ടായിട്ടുണ്ട്.

**നന്മയും തിന്മയും**

ഓരോ മനുഷ്യനിലും, മുമ്പു സൂചിപ്പിച്ചതുപോലെ, രണ്ടുതരം ആത്മാവുകളുടെ ശബ്ദം നിരന്തരം ഉയരുന്നു—നന്മയും തിന്മയുമെന്നു നമ്മൾ കരുതുന്നവതന്നെയാണവ. സാഹിത്യകാരന്റെ ശ്രദ്ധ വ്യക്തികളെ കൂടുതൽ നന്മയുടെ ഉടമകളാക്കുകയാണ്. മനുഷ്യസ്നേഹത്തിന്റെ കാഹളം സാഹിത്യസൃഷ്ടിയുടെ ചുണ്ടിലൂടെ ഉയരണം. വ്യക്തിയുടെ വളർച്ചയെന്ന കർമ്മത്തിന്റെ ഋണഭാഗവും ധനഭാഗവും ആണ്—(Negative and Positive) തിന്മ

യും നന്മയും. ഇവ ഓരോ വ്യക്തിയിലും ഉണ്ടായിരിക്കും. ഹ്യൂമനിസത്തിൻെറ കറൻ്റ നന്മയിൽനിന്നു തിന്മയിലേക്കു ഒഴുകണം.

വ്യക്തികളുടെ നവീകരണമാണു് സാഹിത്യകാരൻെറ ലക്ഷ്യം തൻെറ അന്തകരണത്തിൻെറ വിളിയുടെ പ്രചോദനം അനുസരിച്ചു അവർ പെരുമാറണം. അതിന്നതക്ക സാമൂഹ്യ പരിത:സ്ഥിതി പലപ്പോഴും കണ്ടില്ലെന്നുവരും. എങ്കിൽ എല്ലാററിനേയും അവഗണിച്ചുകൊണ്ടു്, ആത്മവിശ്വാസത്തോടുകൂടി ജീവിതമൂല്യത്തെ മുറുകെപ്പുണർന്നുകൊണ്ടു് മുന്നോട്ടു പോകുവാൻ സാമാന്യമനുഷ്യനെ യോഗ്യനാക്കുവാൻ സാഹിത്യകാരനു കഴിയും, കഴിയണം.

very important

ഏഴു്

# സാഹിത്യകാരനും മോശയും

## ഉപനിഷത്തും സാഹിത്യവും

മനുഷ്യരുടെ മാനസികമായ വ്യാപാരങ്ങളെക്കുറിച്ചു വ്യക്തമായ പരിശോധന നടത്തുവാൻ കഴിവുള്ളവരാണു കലാകാരന്മാർ. അതിനുവേണ്ട ശക്തി അവരിൽ അന്തർലീനവുമാണു്. മനുഷ്യൻെറ ജീവിതത്തെ ഭദ്രമാക്കുന്നതിനു് ഏററവും പ്രധാനപ്പെട്ട—ഏററവും ആവശ്യമുള്ള—ഏററവും വിശിഷ്ടവും ദിവ്യവുമായ ഘടകവും—അവനു് എല്ലാ സമയത്തും കൊത്തിക്കൊറിക്കുവാൻ ഉപകരിക്കുന്ന ഒരു പിടി വിശ്വാസപ്രമാണങ്ങളാണു്. മരണം വന്നു വാതിലിൽ മുട്ടുമ്പോഴും ശത്രു വന്നു പോരിനു വിളിക്കുമ്പോഴും കൂട്ടുകാർ വിട്ടിലേയ്ക്കു ആഹ്ലാദിച്ചു വരുമ്പോഴും, സമ്മേളനരംഗത്തും, സംഭാഷണസമയത്തും, എല്ലാം ഉപയോഗിക്കുവാൻ ഉപകരിക്കുന്ന ഒരു പിടി തത്വശാസ്ത്രം വ്യക്തികൾക്കു് ഉണ്ടെങ്കിൽ അവർ ഒരിക്കലും തളരേണ്ടിവരുകയില്ല. കഴിഞ്ഞകാലാനുഭവങ്ങളിൽ മുക്കി നനച്ചു വീണ്ടും വീണ്ടും വെടിപ്പാക്കിയ ഒരു വേദാന്തമായിരിക്കണമതു്.

**ആശയസംഹിത**

എല്ലുറപ്പുള്ള ഇത്തരം ഒരു ആശയസംഹിത ഓരോ എഴുത്തുകാരനും ഉണ്ടായിരിക്കണം. കഥയിലും നോവലിലും കവിതയിലും അവനെപ്പോഴും തന്റേതായ ഈ തത്വശാസ്ത്രം കൊടികുത്തി നിറുത്തണമെന്നല്ല ഇപ്പറഞ്ഞതിനർത്ഥം. അവൻ ആടിയുലയാതിരിക്കുവാൻ—അവന്റെ കാലുകൾ ഇടറാതിരിക്കുവാൻ വേണ്ടി മാത്രം.

പരിതസ്ഥിതി വലിയ പ്രേരണാശക്തി എല്ലാ കലാകാലന്മാരിലും ചെലുത്തും. ജീവിതത്തിലെ പുത്തൻ പ്രതിഭാസങ്ങളോട് ആളുകൾക്ക് എന്തെന്നില്ലാത്ത ഒരു ഭ്രമം തോന്നും. പഴമക്കാർക്കാണെങ്കിൽ അറപ്പും. വെറുപ്പിന്റെയും പ്രേമത്തിന്റെയും മദ്ധ്യത്തിൽ കഴിഞ്ഞുകൂടുന്ന സാഹിത്യകാരൻ അങ്ങോട്ടും ഇങ്ങോട്ടും ഉലയരുത്.

മനസ്സിന്റെ സമനില തെററിയാൽ അതോടെ കലാകാരന്റെ വിജയപ്രാപ്തിയും അസ്തമിച്ചു. വീണ്ടും ഉദിക്കാവുന്നിടത്താണ് അസ്തമിക്കുന്നതെന്നു മാത്രം.

സ്വന്തമായി ഒരു ജീവിത വേദാന്തം ഇല്ലാതെ വന്നാൽ, കാലികപ്രശ്നങ്ങൾ കലാകാരന്റെ ചുററും വന്നു നൃത്തം ചെയ്യുമ്പോൾ അവൻ കുഴയും. തള്ളേണ്ടതിനേയും കൊള്ളേണ്ടതിനേയും വേർതിരിക്കുക സാദ്ധ്യമല്ല. തന്മൂലം ജീവിതത്തിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ നിന്നു സാഹിത്യകാരൻ വഴുതിപ്പോകും. മിക്കവാറും സ്ഥാപിത താല്പര്യക്കാരുടെ തടങ്കൽപ്പാളയത്തിൽ വീണു കിടക്കേണ്ടിവരും. മനുഷ്യവർഗ്ഗത്തിന്റെ

ഏററവും അഗാധമായ അനുഭൂതികളേയും നൊമ്പരങ്ങളേയും ആശയാഭിലാഷങ്ങളേയും ആവിഷ്കരിക്കുവാൻ സാധിക്കാതെ വരുകയും ചെയ്യും. ഇത്രയും പറഞ്ഞുവെച്ചതു് ഈ ചിന്താഗതിയുടെ മറുവശം കാണാനുള്ള സൗകര്യത്തിനാണു്.

## ഉദ്ദേശം മുഴച്ചു നില്ക്കും

കല ഉദ്ദേശ്യസാദ്ധ്യത്തിനുള്ള ഒരു ഉപാധിയാണു്. എല്ലാവരും അതു സമ്മതിക്കും. ഉദ്ദേശ്യം മുഴച്ചു നില്ക്കരുതു്. കലാകാരൻെറ ശബ്ദമാണിതു്. പക്ഷേ രാഷ്ട്രീയത്തിൻെറ അതിപ്രസരം ഭൂലോകത്തിൽ ഉണ്ടായി. എല്ലാ മണ്ഡലത്തിലും രാഷ്ട്രീയ പാർട്ടികളുടെ കൊടികൾ ഉയർന്നു. ബാൻഡും വെടിക്കെട്ടും കഥാപ്രസംഗവും നാടകവും പാർട്ടിയുടെ സമ്മേളനത്തിൽ സ്ഥലംപിടിച്ചു. മതം രാഷ്ട്രീയത്തിൻെറ കുപ്പായം അണിഞ്ഞു. അഥവാ രാഷ്ട്രീയം മതത്തെ കോപ്പിയടിച്ചു. ഇതോടെ പ്രചരണത്തിന്ന് എന്തെന്നില്ലാത്ത വിലകേറി. വോട്ടിൻെറ ബഹളമായി. കലാകാരനെ മൈക്കിൻെറ മുമ്പിലേക്കു ഓടിച്ചു; സാമ്പത്തിക ശക്തികൾ ഓടിച്ചാൽ ഓടാത്ത മനുഷ്യരില്ല; പക്ഷെ കലാകാരന്മാരിൽ പലരും അതിനു പിറകെ ഓടി. കലാകാരനെക്കാൾ മനുഷ്യൻ ഉയർന്നു നില്ക്കുകയും കലാസൃഷ്ടിയെക്കാൾ ജീവിതത്തിൻെറ സാമ്പത്തികവശത്തിനു പ്രാധാന്യം കല്പിക്കുകയും ചെയ്യുപ്പോൾ കല തികച്ചും പ്രചരണപരമായി. ഒരു രാഷ്ട്രീയപാർട്ടിയുടെ നേതാക്കളുടെ പേരും പെരുമയും വ്യാപ്തത്തിലാക്കി. ഒരു കൂട്ടരുടെ നേട്ടങ്ങളും മററു

ഒരു കൂട്ടരുടെ നേട്ടങ്ങളും മററു പക്ഷക്കരുടെ കോട്ടങ്ങളും ഈരടിയിലായി. പ്രചരണം കൊണ്ടുപിടിച്ചു.

ജീവിതമൂല്യങ്ങളെ പാടേ അവഗണിച്ചു, സാംസ്കാരികമായ പ്രവണതകളെ മാനിക്കാതായി. മാനുഷിക സ്നേഹത്തിൻെറ മഹിമയെ ആദരിച്ചില്ല.

**ചേർച്ചയല്ല ലക്ഷ്യം**

ചേർച്ചയേക്കാൾ വിടവുകൾ ആവശ്യമെന്നു കരുതുന്നവരാണു രാഷ്ട്രീയ പാർട്ടികൾ. ഒന്ന് മറെറാന്നിൽ ലയിക്കാതിരിക്കണമെങ്കിൽ രണ്ടുവശത്തേയ്ക്കു തിരിഞ്ഞു മുന്നേറണം. ഒരിക്കലും യോജിക്കാൻ പാടില്ലായെന്ന തത്വത്തോടെയാണു ഗിരി പ്രസംഗങ്ങൾ നടത്തുന്നതു്.

ജീവിതത്തിൻെറ കാതലായ പ്രശ്നങ്ങളിൽനിന്നും മനുഷ്യനെ അവർ അകററി! മോശ മനുഷ്യവർഗ്ഗത്തിനു് പത്തു കല്പനകൾ കൊടുത്തു. ജീവിതത്തിന്റെ കെട്ടുറപ്പിനും മനുഷ്യർ തമ്മിൽ തമ്മിൽ സ്നേഹിക്കുവാനും സഹകരിക്കുവാനുമാണു് അന്നു് അതു ചെയ്തതു്. പക്ഷേ വെറും കല്പനകൾ അടിച്ചു വിട്ടാൽ വായിച്ചുതള്ളുകയല്ലാതെ അംഗീകരിച്ചു അനുഭവത്തിലാക്കുവാൻ മാത്രം മനസംസ്കാരം ഇന്നത്തെ മനുഷ്യനില്ല. ജന്തുവാസനയിപ്പോഴും അവനിൽ അലയടിക്കുന്നുണ്ടല്ലോ. മനുഷ്യൻ ദേവനിൽ എത്തുമ്പോൾ മാത്രമേ അവനിലെ മൃഗീയമായ സ്വഭാവത്തിൻെറ ജീൻസുകൾ അററുപോകു. എങ്കിലും ചില കാലങ്ങളിൽ ചില വ്യക്തികളിൽ അതു പിന്നെയും തുടരുമെന്നുമാത്രം.

മോശ കക്കരുതെന്നു്, കൊല്ലരുതെന്നു് പറഞ്ഞു; അതും നേരിട്ടു്. ജനത അതിനെ ധിക്കരിച്ചു. സ്നേഹിച്ചവയെ വെറുക്കുവാൻ മനുഷ്യനു് വല്ലാത്തൊരു കൊതിയുണ്ടു്. കോഴി കുഞ്ഞുങ്ങളെ പിന്നെന്തിനാണു് കൊത്തിത്തിരിക്കുന്നതു്? രക്ഷകനെ അനുയായികൾക്കു തകർത്താൽ കൊള്ളാമെന്നു മോഹമുണ്ടു്. ക്രിസ്തുവിനേയും, ലിങ്കനേയും, ഗാന്ധിജിയേയും, സോക്രട്ടീസിനേയും മനുഷ്യർ കൊന്നു കുഴിച്ചുമൂടി എങ്കിലും അവരെല്ലാം വീണ്ടും ഉയൎത്തെഴുന്നേററു ഇന്നും അവർ നമ്മോടുകൂടിയുണ്ടു്.

ഇന്നു മോഷ്ടിക്കരുതെന്നു വെറുതെ നിന്നു കല്പിച്ചാൽ അന്നു മോശയ്ക്കു കിട്ടിയതിനേക്കാൾ ഭയാനകമായ പ്രതിഫലമേ കിട്ടൂ; റൊക്കം കിട്ടുമെന്നുമാത്രം. മോഷ്ടിക്കരുതെന്നു പറഞ്ഞവർ ജനദ്രോഹക്കുടിയാകും. എന്താണു കാരണം? കളവും കൊലയും ആപേക്ഷികമാണു്. ഒരു പാർട്ടിയുടെ നിലനിൽപിനു വേണ്ടി മറെറാരു പാർട്ടി പ്രവൎത്തകനെ കൊല്ലാം, അപമാനിക്കാം, വസ്ത്രാക്ഷേപം നടത്താം മതത്തിലെ പഴയ എല്ലാ തട്ടിപ്പുകളും പാർട്ടികളിലും അണിനിരന്നു. മതം പോലെ സംഘടിപ്പിക്കപ്പെട്ട കമ്യൂണിസ്റ്റ് പാൎട്ടിയാണു് ഈ പകൽക്കൊള്ളക്കാർ. മതത്തെ ധിക്കരിച്ചിട്ടു്, അതിനേക്കാൾ ഭീകരമായ മറെറാരു മതം അവർ ഉണ്ടാക്കി. കാണാൻ ഭംഗിയുണ്ടെന്നുമാത്രം.

ആത്മാവിന്റെ മൊത്തക്കച്ചവടക്കാരായിരുന്ന മതസംഘടനകളെങ്കിൽ, ശരീരം തൂക്കിവിററു കാശുമാ

രുന്ന തനി ഭൗതികവാദികളായ കച്ചവടക്കാരാണിവർ. ആദ്യത്തെ കൂട്ടർ കവർച്ചനടത്തിയപ്പോൾ മനുഷ്യപ്രയത്നത്തെ ദൂഷണം ചെയ്യുന്ന വിശ്വാസത്തിൽ കൂടിയായിരുന്നു. ഇവർ വധയന്ത്രംവച്ച് മനുഷ്യജീവിതത്തെ നിയന്ത്രിച്ച് കൂട്ടക്കവർച്ച നടത്തുന്നു.

ഈ കവർച്ചയ്ക്കു ഹല്ലേലൂയ്യാ പാടുവാൻ ഒരു പററം വാടകസാഹിത്യകാരന്മാരുണ്ട്. സ്വർഗ്ഗത്തിൽനിന്നു മന്നാ പൊഴിയുമെന്നു പണ്ടു പുരോഹിതന്മാർ പറഞ്ഞുവെങ്കിൽ, ഇവർ തങ്ങളുടെ പാർട്ടിത്തലവന്മാരുടെ അരമനകളിൽനിന്നു് അരിയും തുണിയും, പന്നിയും പണവും പറന്നുവരുമെന്നു പറഞ്ഞു.

റഷ്യയുടെ സമരഗാനത്തിൻെറ തുടക്കം 'ഉണരുവിനുണരുവിനുലകിലെ മർദ്ദിതജനമേ......' എന്നാണു്. ഈ ഇനത്തിൽ പെടാത്ത കവിതയെല്ലാം അവരുടെ വീക്ഷണത്തിൽ കവിതയേ അല്ല. അല്ലെന്നു പറയുവാൻ ഒരു പററം നിരൂപകന്മാരെ നേരത്തെ ഒരുക്കിനിറുത്തിയിരിക്കും. മാർക്സിൻെറ 'മൂലധനം' കലാമൂല്യമുള്ള കൃതിയാണു്. ഗീതാഞ്ജലിയോ? അതു വെറും ആവശ്യമില്ലാതെ തുന്നിക്കെട്ടിയെന്നുമാത്രം—ഈ നിഗമനത്തിൽ എത്തുകയും ചെയ്യും പ്രചരണമില്ല, പ്രകടനപരമായ ഉദ്ദേശ്യം ഇല്ല, സാമാന്യക്കാർക്കു മനസ്സിലാവുന്ന ആശയങ്ങളില്ല. വിവേകം കുറഞ്ഞവർക്കു നല്ലവണ്ണം മനസ്സിലാകാത്ത കൃതികൾ ആ പേരിനു് അർഹമാകുമോ? അല്ലെന്നു് ഉടൻ പറയുകയുമായി.

## സാഹിത്യകാരൻെറ കടമ

ഈ പശ്ചാത്തലത്തിൽവേണം സാഹിത്യകാരന്റെ കടമയെക്കുറിച്ച് ചിന്തിക്കുവാൻ. അവനു വലിയ ചുമതലയുണ്ടെന്നാണെൻെറ വിശ്വാസം. മനുഷ്യനെ, എല്ലാവിധ പാരതന്ത്ര്യത്തിൽനിന്നും പിടിച്ചു മാററുവാൻ എഴുത്തുകാരൻ തയ്യാറാവണം. കെട്ടുകൾ പൊട്ടിച്ച് പുറത്തുചാടുന്ന മനുഷ്യൻ, വീണ്ടും കെട്ടുകളുടെ കലവറകളിലേയ്ക്കാണു ചെന്നുവീഴുന്നതിന്ന്. സ്വാതന്ത്ര്യചിന്തയ്ക്കു് അമിത പ്രാധാന്യം ആധുനികയുഗത്തിൽ ഉണ്ടെന്നു് പറയുന്നു? ആരു് ചിന്തിക്കും? ചിന്താസ്വാതന്ത്ര്യത്തിനെതിരെ ഏകാധിപതികൾ ഒരു കാലത്തും ഇത്ര ഭീകരമായവിധത്തിൽ മൂടക്കു കല്പിച്ചിട്ടില്ല.

മാർക്സ് വളരുകയും വിജ്ഞാനം സമ്പാദിക്കുകയും ചെയ്തതു ഇംഗ്ലണ്ടിൽവെച്ചാണു്. ഡെമോക്രസി പൂക്കൾ വിടർത്തി നില്ക്കുന്ന ഏററവും വലിയ രാജ്യവും അതു തന്നെ. ആ നാട്ടിലിരുന്നാണു് ഗവേഷണങ്ങൾ അദ്ദേഹം ചെയ്തതു്. തൻെറ ചിന്തകൾ ക്രോഡീകരിച്ചതും അവയെ പുസ്തകരൂപത്തിലാക്കിയതും ആ വലിയ രാജ്യത്തിൽ വെച്ചു തന്നെ. മാർക്സിസം രൂപം കൊണ്ടതു് അവിടെ വെച്ചാണെന്നു സാരം. പക്ഷെ മാർക്സിസം ദയനീയമായി പരാജയപ്പെട്ടതും അവിടെ തന്നെയാണു്.

## ചിന്താസ്വാതന്ത്ര്യം

മാർക്സിൻെറ മേൽവിലാസത്തിൽ അധികാരത്തിലേറിയ ഭരണകൂടം കലാകാരൻെറ ചിന്താസ്വാതന്ത്ര്യ

പ്രകടനത്തെ നിരോധിച്ചു. തങ്ങൾക്കു രുചിക്കാത്ത കൃതികൾക്കു വെളിച്ചം നക്കിത്തിന്നു മരിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ടാക്കി.

ടോൾസ്റ്റോയിയെ സർ ചക്രവർത്തി ജീവിക്കുവാൻ അനുവദിച്ചു. മാത്രമല്ല, ആ വിശ്വസാഹിത്യകാരനെ നല്ലവണ്ണം വെറുക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നുവെങ്കിലും, ബഹുമാനിച്ചു. പക്ഷേ ടോൾസ്റ്റോയിയുടെ ജന്മഭൂമി, ടോൾസ്റ്റോയിയുടെ പിൻഗാമിയായ പാസ്റ്റർനാക്കിൻെറ കൃതിക്കു ശവകുടീരം ആഘോഷമായി പണിയുകയാണു ചെയ്തതു്.

സ്വാതന്ത്ര്യ ചിന്തയ്ക്കു് ഇന്നും മാന്യമായ ഒരു പദവി ഉണ്ടെന്നു പറയുക സാദ്ധ്യമല്ല. ഒരു വർഗ്ഗത്തിനോ കക്ഷിക്കോ സമുദായത്തിനോ വേണ്ടി മാത്രം സാഹിത്യകാരൻ എഴുതുകയാണെങ്കിൽ അവൻ ഇന്നു സാമ്പത്തികമായി ഉയരും. അല്ലെങ്കിൽ തളരും. സാർവ്വജനീനവും സാർവ്വലൗകികവും ആയ സാഹിത്യസൃഷ്ടികൾ ആധുനികകാലഘട്ടത്തിൽ ഉണ്ടാവാതിരിക്കുവാനും കാരണം ഇതു തന്നെ.

**പഴമയുടെ മെച്ചം**

ഇന്നും നല്ല നാടകങ്ങൾ വായിക്കണമെങ്കിൽ ഷേക്സ്പീയറിലേയ്ക്കോ സോഫോക്ലീസിലേയ്ക്കോ പോകണം. നോവലുകൾ വായിക്കണമെങ്കിൽ ടോൾസ്റ്റോയിയെപ്പോലെയുള്ളവരുടെ നേരേ തിരിയണം. കവിതയുടെ കാര്യത്തിൽ ഷെല്ലിയേയും കീററ്സിനേയും മിൽട്ടനേയും ഒക്കെ തിരക്കിപ്പോവുകയാണുത്തമം. ഉറച്ച തത്ത്വ

ശാസ്ത്രമാണ് വേണ്ടതെങ്കിൽ സോക്രട്ടീസിനെ തൊട്ടുമു ത്തി ആരംഭിക്കണം. പഴയ കാലത്തുണ്ടായ പ്രതിഭാ ശാലികളെ വെല്ലുവിളിക്കുവാൻ പുതിയ എഴുത്തുകാർക്കു് എന്തുകൊണ്ടു സാധിക്കുന്നില്ല? ഒരേ ഒരു മറുപടിയേ അതിനുള്ളു. ബുദ്ധനും ഗാന്ധിജിയുമൊന്നും ദിവസം തോറും ജനിക്കാറില്ലല്ലോ; അതുപോലെതന്നെ സാഹി ത്യരംഗത്തും സംഭവിക്കുന്നു.

സുഖമാണെല്ലാവരും ആഗ്രഹിക്കുന്നതു്. ഏതുവി ധത്തിലുള്ള പ്രതിബന്ധങ്ങളെയും മനുഷ്യൻ സ്വന്തം സുഖത്തിനായി തട്ടിയെറിയും, എന്നിട്ടു് മുന്നോട്ടു പോ കുവാൻ നോക്കും. അതാണു ചെയ്യേണ്ടതു്. അവരുടെ വഴി തെളിച്ചുകൊടുക്കേണ്ടതു സാഹിത്യകാരന്മാരായിരി ക്കണം. അതിനനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കുക യെന്നതാണൊന്നാമത്തെ കാര്യം. വിദ്യാഭ്യാസംകൊണ്ടു് സ്വതന്ത്രരായി മനുഷ്യർ മാറണം. എങ്കിലേ സമൃദ്ധ മായ ജീവിതം നയിക്കുവാൻ പററൂ. അങ്ങിനെ വ്യക്തി കൾ മഹത്വത്തിലേയ്ക്കു കുതിക്കും; കുതിക്കണം.

**പ്ലേറേറായുടെ ശബ്ദം**

ക്രാന്തദർശിയും തത്വചിന്തകനുമാണല്ലോ പ്ലേറേറാ. രാജ്യഭരണത്തെക്കുറിച്ചു് ഉജ്ജ്വലമായ വ്യാഖ്യാനം അദ്ദേ ഹം നൽകിയിട്ടുണ്ടു്. അതിൽ—ആദ്യമുണ്ടാകുന്നതു് അത്യുൽകൃഷ്ടമായ കുലീനഭരണമാണെന്നാണു സൂചി പ്പിച്ചിരിക്കുന്നതു്. പിന്നീടു് അതു് അധഃപതിക്കും. ക്രമേണ ധനിക ഭരണം, ലോവി ഭരണം, പ്രജാഭരണം, സ്വേച്ഛാഭരണം എന്നിവ വന്നുചേരുന്നു. വീണ്ടും കുലീന

ഭരണം വന്നുചേരും. പിന്നെയും മാററമുണ്ടാകും. പുരോഗതി ഒരു വൃത്തത്തിൻെറ ആകൃതിയിലാണ്.

ആധുനിക മനുഷ്യവർഗ്ഗത്തിൻെറ മൂന്നിലൊന്ന് ഏകാധിപത്യ ഭരണത്തിൻ കീഴിലാണ്. സ്വേച്ഛാധിപത്യ ഭരണത്തിൽനിന്നു ലോകജനതയെ സംരക്ഷിക്കുവാൻ സാഹിത്യകാരനു കടമയുണ്ട്. രാഷ്ട്രീയ ഭരണ ചക്രവാളത്തിനപ്പുറത്തായിരിക്കണം കലാകാരൻെറ കണ്ണ്. ഹ്യൂമനിസത്തിൻെറ ശബ്ദം അവനിൽനിന്നു് ഉയരണം. ഭൂമിയിലെ ദൈവപുത്രന്മാരാണ് ഉത്തമന്മാരായ, സർഗ്ഗശക്തിയുള്ള സാഹിത്യകാരന്മാർ. അവർ അന്ധകാരത്തിൻെറ ശക്തികൾക്കെതിരെ ഇളകിച്ചാട്ടുകതന്നെ ചെയ്യണം; ബോധപൂർവ്വം വേലചെയ്യണമെന്നർത്ഥം. അവരാണു മനുഷ്യജീവിതത്തെ ക്രമീകരിക്കുവാനായി പണിയെടുക്കേണ്ടതു്. മാനുഷ മൂല്യങ്ങൾ കാററിൽ പറന്നു പോവാതിരിക്കുവാൻ വേണ്ടി സാഹിത്യകാരന്മാർ പരിശ്രമിച്ചില്ലെങ്കിൽ നാശത്തിൻെറ ചുഴിയിലേയ്ക്കു മനുഷ്യജാതി തെറിച്ചു വീഴും എന്നുവെച്ചു സാഹിത്യകാരൻ ഉപനിഷത്തുകൾ മാത്രം നിർമ്മിക്കണമെന്നല്ല വാദം. മോശയെപ്പോലെ പത്തു കല്പനകളുമായി അവർ നടന്നുകൂടാ. മനുഷ്യജീവിതത്തിൻെറ ഉള്ളറകളിലേക്കു സാഹിത്യകാരന്മാർ നുഴഞ്ഞുകയറണം. കണ്ണട്ടകളെപ്പോലെ മനുഷ്യസമുദായത്തിലെ ദൂഷിച്ച രക്തം സ്വയം വലിച്ചു ചീന്തിയെടുക്കണം.

## ജീവിത വിമർശകന്മാർ

പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, ദൈവദൂതന്മാർ കാലുകുത്തുവാൻ മടിക്കുന്നേടത്തു ചെകുത്താന്മാർ ചാടിക്ക

യരും. ഡാനീയൽ ഡീഫോ സൂചിപ്പിച്ചതുപോലെ ദൈവം ഒരു പള്ളിസ്ഥാപിക്കുന്നിടത്തു പിശാചു് ഒരു കപ്പേള സ്ഥാപിക്കും. സ്വതന്ത്രമായ മനസ്സും ചിന്താശക്തിയും യുക്തിബോധവും മാനുഷികസ്നേഹവും ഉള്ള കലാകാരന്മാർ ജീവിതത്തിൻെറ പ്രകാശകന്മാരും വിമർശകന്മാരും വ്യാഖ്യാതാക്കളും ആണു്; അവ രങ്ങനെയാകുന്നതിനു പിറകിൽ ബോധപൂർവ്വമായ ഒരു പ്രക്രിയയില്ല. ഈ സത്യം പ്രത്യേകം ഓർക്കേണ്ടതുമാണു്. മറിച്ചു ഏകാധിപത്യരാഷ്ട്രങ്ങളിലെ വാടകയെഴുത്തുകാർ ആനന്ദമാകുന്ന ബലിച്ചോറു് കാണിച്ചു്, അതിലൂടെ പ്രചരണത്തിൻെറ—അന്ധവിശ്വാസത്തിൻെറ വിഷം ജനതയ്ക്കു നൽകി അവരെ മയക്കി പതനം വരുത്തുന്നു. സ്വതന്ത്രമായ ചിന്താഗതിയുടെ മേൽ കാട്ടാളഭരണം നടത്തുന്നു; സ്വതേതന്നെ സ്വാതന്ത്ര്യത്തിന്റെ ക്രൂടാരത്തിൽ വിലങ്ങുമായി മരവിച്ചു കഴിയുന്ന മനുഷ്യസമൂഹത്തിനു, ജീവജലം പകർന്നുകൊടുക്കേണ്ടതിനു പകരം, അവരെ സങ്കുചിതമായ ചിന്താവലയത്തിലാക്കി കൂച്ചുവിലങ്ങിടുക എന്ന കൃത്യമാണു് അവർ ചെയ്യുന്നതു്. മാർക്സിനെ ചുററിമാത്രം പ്രദക്ഷിണം നടത്തുവാനേ തങ്ങൾ തയ്യാറാകുകയുള്ളുവെന്നു് ഒരു വിഭാഗം കലാകാരന്മാർ അലറിത്തുടങ്ങിയാൽ ദുർബലനായ മനുഷ്യനു എന്തു ചെയ്യുവാൻ കഴിയും?

ഇവിടെയാണു കലാകാരൻെറ മദ്ധ്യത്തിൽനിന്നു പുതിയ വ്യാസന്മാരും ഉപനിഷത്തു കർത്താക്കളും മോശമാരും ഉണ്ടാകണമെന്നു പറയുന്നതിൻെറ സ്പിരിട്ടു് കുടികൊള്ളുന്നതു്.

## ആരോഗ്യകരമായ ഒരു ജീവിതം

പക്ഷേ ഒരു വിലങ്ങുപൊട്ടിച്ചു പുറത്തു ചാടുന്ന മനുഷ്യനു നമ്മൾ മറെറാരു വിലങ്ങ് സമ്മാനിക്കരുതല്ലോ. ആരോഗ്യകരമായൊരു ജീവിതത്തിനു തറക്കല്ലിടുവാനുതകുന്ന ചിന്താഗതികളെ സാഹിത്യകാരൻ അംഗീകരിച്ചാൽ മതി. തത്വ ചിന്തകനാകണമെന്നല്ല അർത്ഥം. സാഹിത്യകാരൻ മനുഷ്യജീവിതത്തിൻെറ സങ്കീർണ്ണഭാവങ്ങളിലേക്കു കണ്ണോടിക്കണം; ജീവിതത്തിന്റെ നാനാവശങ്ങളെക്കുറിച്ചും ചിന്തിക്കണം; തന്നാലാവുന്ന കാര്യങ്ങൾ സമഗ്രമായി മനസ്സിലാക്കണം. കാര്യങ്ങളുടെ അടിത്തട്ടിലുള്ള കാരണങ്ങൾ കാണണം. ആവശ്യമെന്നുതോന്നിയാൽ യുക്തിപൂർവ്വമായ പരിഹാരമാർഗ്ഗങ്ങൾ ഭംഗ്യന്തരേണ അവതരിപ്പിക്കണം. എല്ലു കട്ടിയുള്ള ഭാഗങ്ങൾ മെഴുകുപാകത്തിലാക്കി ജനതയുടെ കയ്യിൽ, തിരിവെച്ചു തെറുത്തു നൽകണം. സ്വന്തം മനസ്സാക്ഷിയുടെ പ്രേരണയാൽ ആ തിരിയിൽ തീ കത്തിക്കുവാൻ സാഹിത്യകാരനു കഴിയണം. സാഹിത്യകാരൻ നിർമ്മിച്ച ആ പ്രകാശത്തിലിരുന്നുകൊണ്ടു്, അന്തസ്സുള്ള ഒരു ജീവിതത്തിൻെറ ആത്മാവിനെ മെനഞ്ഞെടുക്കുവാൻ മനുഷ്യജാതിക്കു കഴിയണം.

കല സന്മാർഗ്ഗശാസ്ത്രത്തെ വഹിക്കണം. കലയുടെ ഉപാധികൾ രേഖകളും വർണ്ണങ്ങളുമാണു്. മനുഷ്യനെ നവീകരിക്കുവാൻ കലയ്ക്കേ കഴിയൂ. അതു മനസ്സാക്ഷിക്കു ഉള്ളുറപ്പുണ്ടാക്കും. മാനസിക മനുഷ്യൻെറ അപ്പവും വീഞ്ഞും സാഹിത്യമാണു്. അടിസ്ഥാനപരമായി വി

കാരത്തിലൂടെ നീന്തിത്തുടിക്കുന്നവരാണു മനുഷ്യർ. വികാരം വ്യക്തികളിൽ കടത്തിവിടുകയാണ് കലാകാരൻ ചെയ്യുന്നതു്. വികാരത്തിൻെറ ചുഴലിക്കാററിലൂടെ താഴ്ന്നും പൊങ്ങിയും ജീവിക്കുക രസകരമാണു്.

## ജീവിതമൂല്യങ്ങൾ

സംസ്കാരത്തിനു ദ്രുതഗതിയിൽ കേടുപാടുകൾ വന്നുകൊണ്ടിരിക്കുന്ന കാലമാണിതു്. ജീവിതമൂല്യങ്ങളെ ശിഥിലീകരിക്കുമിത്തരം പ്രവണതകൾ. വിശ്വാസ പ്രമാണങ്ങളുടെ നിറവും കെട്ടുത്തും; മനുഷ്യൻ ഭീരുവായി ചുരുങ്ങും. വികസിക്കുവാനുള്ള പ്രവണത ക്ഷയരോഗബാധക്കു വിധേയമാകും. ഇടിവെട്ടേററ തെങ്ങു പോലെ—മണ്ടപോയ ഒരു ജീവിതത്തെ—തലയററ ജീവിതത്തെ നയിക്കുന്ന മനുഷ്യരുടെ എണ്ണം ഭൂമിയിൽ പെരുകും. ദുഃഖത്തിൻെറ കാരാഗൃഹത്തിലിരുന്നു് എല്ലാവരേയും—എല്ലാററിനേയും അത്തരം ചീക്കുവീണ മനുഷ്യർ പഴിക്കും. മനുഷ്യൻെറ സ്വാതന്ത്ര്യ ചിന്തയുടെ നേർക്കു എല്ലാക്കാലത്തും പൈശാചിക സമരങ്ങൾ സാമൂഹ്യവിരുദ്ധശക്തികൾ അഴിച്ചുവിട്ടിട്ടുണ്ടു്. അവിടെയെല്ലാം വെച്ചു് മനുഷ്യത്വം ചതഞ്ഞരഞ്ഞിട്ടുമുണ്ടു്.

എങ്കിലും മനുഷ്യസ്നേഹികളായ, സംസ്കാരസമ്പന്നരായ പ്രതിഭാശാലികൾ പതറാത്ത ധീരതയോടെ സ്വാതന്ത്ര്യ ചിന്തയുടെ ദീപശിഖകൾ ഉയർത്തിപ്പിടിച്ചിട്ടുണ്ടു്. അതു അണയാതെ ഇന്നും സൂക്ഷിക്കുന്നവരും മററാരുമല്ല.

സോക്രട്ടീസ് തുടങ്ങിവെച്ചതാണീ മഹത്തായ സമരം. റസ്സലിൽ കൂടി ഇന്നും അതു നിലനില്ക്കുന്നു. ഞാൻ വിശ്വസിക്കുന്നു, ഒരു ഡസൻ ധിക്കാരികളായ സ്വതന്ത്ര്യചിന്തകന്മാർ ഇന്നും ലോകത്തിൻെറ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടപ്പുണ്ടെന്ന്. അവർ എല്ലാദേശത്തും സ്വതന്ത്ര്യമായ മനുഷ്യചേതനയുടെ വെന്നിക്കൊടി ഉയർത്തിപ്പിടിക്കുകതന്നെ ചെയ്യും.

അപ്പോഴും ഒരുവശത്തു യൂദാസുകൾ മാലാഖയുടെ വേഷത്തിൽ പിശാചിനെപ്പോലെ പണിയെടുക്കുന്നു. മറുവശത്തു ഗീതയുണ്ട്, ബൈബിളുണ്ട്, ഖുറാനുണ്ട്. പക്ഷേ അവ വർണ്ണക്കടലാസ്സിൽ പൊതിഞ്ഞു് ചോക്ലേററുപോലെ കുട്ടികൾക്കു കൊടുക്കുവാൻ ആളുകളില്ല. അതു ചെയ്യേണ്ട ചുമതല ആധുനിക സാഹിത്യസാമ്രാജ്യത്തിലെ കൃഷിക്കാർക്കാണു്.

സാഹിത്യകാരൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ ക്രിസ്തുവിൻേറയും ബുദ്ധൻേറയും റസ്സലിൻേറയും സോക്രട്ടീസിൻെറയും, ലിങ്കൻേറയും, കെന്നഡിയുടേയും, ലെനിൻേറയും ചിത്രങ്ങളുണ്ടായിരിക്കണം. മാർക്സിനെ അവഗണിക്കുകയുമരുതു്. എന്നിട്ട് മനസ്സിൻെറ സമനില തെററാതെ സൂക്ഷിച്ചാൽ മതി. എല്ലാററിനേയും ഉൾക്കൊണ്ടു്, സമചിത്തതയോടെ തീരുമാനമെടുത്തു് ആരുടേയും അടിമയാവാതെ ക്രാന്തദർശികൾ വേല ചെയ്യണം.

**സ്വാതന്ത്ര്യത്തിൻെറയും നീതിയുടെയും ബലിപീഠത്തിൽ**

നേതാക്കന്മാർ ജനതയുടെ ഇടയിലിറങ്ങി വേല ചെയ്യണം. സ്വാതന്ത്ര്യത്തിൻെറയും നീതിയുടെയും

ബലിപീഠത്തിൽ ജീവൻ ഹോമിക്കുവാൻ അവർ തയ്യാറാവണം. എങ്കിലേ അവരുടെ പ്രവർത്തനം വിജയിക്കൂ. ഇത്തരക്കാരെയാണ് സമത്ഥരായ സംഘാടകരായി ചരിത്രം വിധിയെഴുതുന്നതു്. സമത്ഥരായ സംഘാടകരോടൊപ്പം ചുണയും ആത്മാത്ഥതയും ഉള്ള സാമൂഹ്യരാഷ്ട്രീയ പ്രവത്തകർ ഉണ്ടാകണം. അതുകൊണ്ടു മായില്ല—നാടിൻെറ നാഡിമിടിപ്പും ജനതയുടെ ഹൃദയത്തുടിപ്പും കലാസൃഷ്ടികളിലൂടെ ആവിഷ്കരിക്കുന്ന കലാകാരന്മാരും നമുക്കുണ്ടാവണം. ഇവർ മൂവരുംകൂടി പണിയെടുത്താലേ ആധുനികമനുഷ്യൻെറ ജീവിതം ഭദ്രമാക്കാൻ കഴിയൂ. ഈ മൂന്നു കൂട്ടരുടേയും തലച്ചോറു് ബുദ്ധിജീവികളായ സാഹിത്യകാരന്മാരിലായിരിക്കണം.

കുരിശും മുൾമുടിയും ധരിച്ചു് ഗാഗുൽത്തായിലേക്കു മനുഷ്യവർഗ്ഗത്തിനുവേണ്ടി യാത്രചെയ്യുവാൻ സ്വതന്ത്രചിന്താഗതിക്കാരനായ എഴുത്തുകാരൻ ശ്രമിക്കണം.

യഥാത്ഥ ജീവിതത്തിൻെറ താമരമൊട്ടുകൾ സ്വാതന്ത്ര്യത്തിൻെറ കുളത്തിലേ കാണൂ. മഹത്തായ ജീവിതത്തിന്റെ ഹൃദയാന്തർഭാഗത്തുനിന്നു കുമിളകൾ പോലെ കടന്നു വരുന്ന വികാരാനുഭൂതികളിൽ നിന്നു കലാകാരൻ പ്രചോദനം തേടണം. എങ്കിലേ മനുഷ്യവഗ്ഗത്തിൻെറ ഭൗതികവും മാനസികവുമായ വളർച്ചയിൽ പ്രേരണ ചെലുത്തുന്ന സാഹിത്യസൃഷ്ടികൾ അവനു് മെനഞ്ഞെടുക്കുവാൻ കഴിയൂ. ഞെരുക്കങ്ങളിലൂടെയും വേദനകളിലൂടെയും കലാകാരൻെറ ആത്മാവു വലിഞ്ഞു കയറണം. യാതനയുടെ മരുഭൂമിയിൽകൂടി നടന്നു വലഞ്ഞിട്ടുള്ള

കലാകാരനേ വ്യക്തികളുടെ മുമ്പിൽ ആശയുടെ വീഞ്ഞു നിറഞ്ഞു നിൽക്കുന്ന ജീവിതത്തിൻെറ പാനപാത്രങ്ങൾ കാഴ്ചവെയ്ക്കാൻ കഴിയൂ. ഇടിയും മിന്നലും കൊടുങ്കാററും നിറഞ്ഞ ഒരു കാളരാത്രിയിലൂടെ നിരന്തരമായി യാത്ര ചെയ്തു ക്ഷീണിച്ച മനുഷ്യാത്മാവിൻെറ സ്വപ്നങ്ങളുടെ ആവിഷ്കരണമാണു കല. തീക്ഷ്ണമായ അനുഭവങ്ങളുടെ നിഴലിലാണ് സാഹിത്യകാരൻെറ അനുഭൂതികൾ മയങ്ങിക്കിടക്കുന്നതു്. അതിനു് അവൻ ജീവിതത്തോടു് ഏററുമുട്ടണം; ഏററുമുട്ടി ജീവിക്കണം; യഥാർത്ഥമായ ജീവിതത്തിൻെറ ഹൃദയസ്പന്ദനങ്ങൾ ശരിക്കും മനസ്സിലാക്കണം. ഷെല്ലിയും ആശാനും ചങ്ങമ്പുഴയും ബ്രൗണിങ്ങും ഷേക്സ്പീയറും ടോൾസ്റ്റോയിയും ഇബ്സനും യഥാർത്ഥമായ കലാകാരന്മാരായതു് ഇത്തരം അനുഭവങ്ങളിലൂടെ വളർന്നു വന്നതുകൊണ്ടാണ്. സ്വർഗ്ഗത്തേയും ഭൂമിയേയും ചുററിപ്പറക്കുന്ന ഇത്തരം കലാകാരൻെറ ഉത്കൃഷ്ട ഭാവനകളെ ബലവത്തായ ഒരു സ്ഥാപിത താല്പര്യക്കാരുടേയും കോട്ടക്കൊത്തളത്തിൽ ഒതുക്കുവാൻ വയ്യ. ഭൂമിയിൽ കാലുകൾ ഉറപ്പിച്ചുകൊണ്ടു വിണ്ണിൽ തല ഉയർത്തി നിൽക്കുന്ന കലാകാരൻ മനുഷ്യനിർമ്മിതമായ എല്ലാ സംഘടനകളേയും അവഗണിക്കുവാൻ ആത്മധൈര്യമുള്ള വ്യക്തിയാണ്.

ഒരു പ്രത്യേക ഉദ്ദേശ്യത്തെ മുൻനിറുത്തി കലാസൃഷ്ടി ചെയ്താൽ കലാകാരൻ പററേ പരാജയപ്പെടും. വളർച്ച നിന്ന ഒരു സിദ്ധാന്തത്തിൻെറ ചുവട്ടിൽ പിടക്കോഴികളെപ്പോലെ ചികഞ്ഞുകൊണ്ടു് നിൽക്കുന്ന പ

ണി കലാകാരൻേറതല്ല. അങ്ങനെ ആഹാരം സമ്പാദി ക്കുന്ന കലാകാരൻ കാലത്തിൻെറ കാറേററവ് മറിഞ്ഞു വീണു, തല പൊട്ടി, അകാലചരമം പ്രാപിക്കും. കലാ കാരൻ പക്ഷപാതിയല്ലെന്നു് വായനക്കാരനു് ആദ്യമേ തോന്നണം. ആ വിശ്വാസം അടിയുറച്ചു കഴിഞ്ഞാൽ കഥാപാത്രത്തോടൊപ്പം ചിന്തിക്കുവാനും വികാരംകൊ ള്ളുവാനും വായനക്കാരനു് എളുപ്പം കഴിയും. [കലാപ രമായ മൂല്യങ്ങളെ സംബന്ധിച്ചു് ഏതു സാഹിത്യകാ രനും പക്ഷപാതം ആകാം. അങ്ങനെ സംഭവിക്കുമ്പോഴേ വ്യക്തിമുദ്ര ഉണ്ടാവുകയുള്ളൂ.]

കലാകാരൻ ജീവിത വേദാന്തിയായി മാറണമോ? പ്രത്യക്ഷത്തിൽ ആകാൻ പാടില്ലെന്നാണെൻെറ ഉത്തരം. ആയാൽ കൃതിയുടെ വിലയിടിയും. കലാകാരൻ അവ ഗണിക്കപ്പെടും. സാഹിത്യം ഇൻറലക്ക്ചചല സത്തി ലേക്കു തെററിത്തെറിച്ചു വീഴും. ഇക്കാര്യം പ്രൊ. ജോ സഫ് മുണ്ടശ്ശേരി തൻെറ 'നാടകാന്തം കവിത്വ'ത്തിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. ശ്രീ മുണ്ടശ്ശേരി എ ഴുതുന്നു: 'യൂറോപ്യൻ കവിതകളിൽ തത്വജ്ഞാനത്തി നുള്ള സ്വാധീനശക്തിയെപ്പററി വ്യവഹരിച്ച കൂട്ട ത്തിൽ റൈമണ്ടു്ഷൂമി പറഞ്ഞുവെച്ചിട്ടുള്ളതു് ഇവിടെ ശ്രദ്ധേയമാണു്:

'കവിതയിൽ ആശയങ്ങളങ്ങനെ കുത്തിക്കേററാം. പക്ഷേ അവ ഒരിക്കലും ഗുണപാഠങ്ങളായിത്തീരരുതു്'.

ഏതാശയവും കാവ്യസാൽകരിച്ചേ അവത രിപ്പിക്കാവൂ എന്നർത്ഥമാണു് ഇപ്പറഞ്ഞതിന്നു്.

ഐ. എ. റിച്ചേർഡ്സ് എന്ന കാവ്യമർമ്മജ്ഞൻ പറഞ്ഞിട്ടുള്ളതു കുറേക്കൂടി ശ്രദ്ധേയമാണു്.

'കൂടിയേ കഴിയൂ എന്നുണ്ടെങ്കിലേ കവിതയിലേക്കു വലിയ വലിയ സിദ്ധാന്തങ്ങളെ ഇറക്കുമതി ചെയ്യാവൂ. ജീവിതത്തിൻെറ മൗലിക പ്രശ്നങ്ങളെച്ചൊല്ലിയ തത്വവിചാരം കാവ്യത്തിൽ അപകടകാരിയല്ല. പക്ഷേ ആ തത്വവിചാരം വൈകാരികാനുഭൂതിക്കുതകുന്നം കാവ്യശൈലിക്കു ബാധകമല്ലാതിരിക്കുകയും വേണം'.

സിദ്ധാന്തമോ ജീവിതവേദാന്തമോ പ്രകടമായി കാണരുതെന്നു സാരം. മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ സത്യങ്ങൾ കൃതികളുടെ അടിത്തട്ടിൽ മന്ദഗതിയിൽ ഒഴുകികൊണ്ടിരിക്കണം. പുസ്തകത്തിലെ സംഭവങ്ങൾ പേററിക്കൊഴിച്ചെടുക്കുവാൻ തയ്യാറാകുന്ന വായനക്കാരനു് ഒരു ജീവിതസന്ദേശം നൽകുവാൻ സാഹിത്യകാരനു കഴിയണം.

## ജനാധിപത്യമൂല്യങ്ങൾ

വ്യക്തികളെ സ്വതന്ത്രരാക്കി' വിടുക, സ്വതന്ത്രമായ കോടതികൾ നിലനിൽക്കുവാൻ അനുവദിക്കുക, ഒന്നിലധികം പാർട്ടികൾ ഉണ്ടാകുന്നതിൽ അതൃപ്തി പ്രകടിപ്പിക്കാതിരിക്കുക, ജനാധിപത്യമൂല്യങ്ങളേയും പാരമ്പര്യങ്ങളേയും മാനിക്കുക അങ്ങനെ ഡെമോക്രസി നിലനിറുത്തുക. പ്ലേറേറായുടെ ചിന്താഗതിയിലുള്ള കുലീനമായ ഭരണസമ്പ്രദായമാണിതു്. എവിടേയും ഏകാധിപത്യഭരണത്തിനുശേഷം ഇത്തരം ഭരണമാണുണ്ടാകുക. എഴുത്തുകാരൻ എന്നും ഡെമോക്രസിയുടെ ശബ്ദം

ഉയൎത്തണം. നല്ലൊരു നാളയുടെ പിറവിക്കുവേണ്ടിയുള്ള മണിനാദം അവരെന്നും ഉയൎത്തിക്കൊണ്ടിരിക്കണം. നിത്യമായ ജാഗ്രതവേണം.

എല്ലാ പ്രവാചകന്മാരും പ്രതിഭാശാലികളായിരുന്നുവെന്ന കാൎയ്യം ഓൎമ്മിക്കുക, വല്ലപ്പോഴും.

സാഹിത്യ സൃഷ്ടിയുടെ തായ്‌വേരുകൾ ഹ്യൂമനിസത്തിൻെറ ഉറവുചാലിൽ നിന്നുവെള്ളം വലിച്ചെടുക്കണം. എല്ലാ ഞരമ്പുകളിലും ആ തണുപ്പ് അനുഭവപ്പെടും. പക്ഷേ വായനക്കാരൻ ആ ഉറവുചാലുകാണുകയില്ല. അതേസമയം മഹത്തായ കൃതികളുടെ തണലിൽ ആശ്വാസം കണ്ടെത്തുകയും ചെയ്യും.

KOTTAYAM PUBLIC LIBRARY
KOTTAYAM

എട്ടു്

# സാഹിത്യവും ജീവിതവിമർശനവും

സാഹിത്യകാരനു് സാമൂഹ്യ—സാമ്പത്തിക—രാഷ്ട്രീയ കാര്യങ്ങളിൽ യാതൊരു ചുമതലയുമില്ലേ? സാമൂഹ്യജീവിത പ്രശ്നങ്ങളുടെ നിർദ്ധാരണത്തിൽ അവനു് ഒരു പങ്കുമില്ലേ? വർത്തമാനകാലത്തെ അരക്ഷിതാവസ്ഥയിൽ അവനു യാതൊരു ശ്രദ്ധയും വേണ്ടയോ? വേണമെന്നുതന്നെയല്ല, ഈവക രംഗത്തു് അവൻ ഉണർവ്വോടെ പ്രയത്നിക്കുകയും വേണം.

## വ്യക്തിത്വം

മനുഷ്യജീവിതത്തിൽ സഹകരണവും സംഘർഷവും സാർവ്വജനീനഭാവങ്ങളാണു്. മനുഷ്യപ്രവർത്തനങ്ങളിൽ ഭൂരിഭാഗത്തിലും അവ ഒന്നുചേർന്നു നിലകൊള്ളുന്നു. എല്ലാവർക്കും ഓരോ ആത്മവത്തയുണ്ടു്. തന്മൂലം അവർക്കു് അവരുടേതായ ഇഷ്ടാനിഷ്ടങ്ങളും കാണും. താല്പര്യങ്ങൾ വിഭിന്നമായിരിക്കും. ഈ വിഭിന്ന വീക്ഷണഗതിയിൽ നിന്നു ഉദാസീനതയുണ്ടാവാം. അതു വിദ്വേഷമായി മാറാം. സംഘർഷം അതിന്റെ പിന്നാലെ ഓടിയെത്തുകയുംചെയ്യും.

മനുഷ്യൻ കലഹപ്രിയനാണ്. അതാണവന്റെ സ്വഭാവപ്രകൃതി. സദാസമയവും ഈ പ്രവണത അവനിൽ കളിയാട്ടം. മനുഷ്യനിൽ അടിസ്ഥാനപരമായി തിന്മകളുടെ വേരുകളാണു ഓടിയിരിക്കുന്നതും. ആ തിന്മയെ നിയമംകൊണ്ടു വരിഞ്ഞുകെട്ടി—കാരാഗൃഹത്തിലാക്കി, നന്മയെ പുറത്തേക്കു അഴിച്ചുവിടണം. അവരുടെ മാനസികമണ്ഡലത്തിൽ കൃഷി ചെയ്യുവാൻ പ്രാപ്തിയുള്ളവർ കടന്നുവരണം–കലാകാരന്മാരാണു ഈ രംഗത്തു പണിയെടുക്കുവാൻ ത്രാണിയുള്ളവർ.

ആധുനികലോകം ഡെമോക്രസിയുടെ അപ്പസ്തോലന്മാർക്കു് അതുല്യമായ പദവിയും ആദരവും കല്പിച്ചുകൊടുത്തു. സാമ്പത്തികമത്സരം ആണു് മനുഷ്യവർഗ്ഗത്തെ ഒന്നാകെ സ്പർശിക്കുന്ന രോഗം. ഒപ്പം രാഷ്ട്രീയകക്ഷികൾതമ്മിലുള്ള ബലാബല പരീക്ഷയും. ഇത്തരം ചുറ്റുപാടിൽ അധികം അനുകൂലമായ പരിതഃസ്ഥിതിയെ അന്വേഷിക്കുകയാണു മനുഷ്യന്റെ ധർമ്മവും. ഈ സത്യം മുന്നിൽ കണ്ടുകൊണ്ടു് രാഷ്ട്രീയ പാർട്ടിക്കാർ തങ്ങളുടെ കരുക്കൾ ബോധപൂർവ്വം നീക്കി. അവർ കലാകാരന്മാരേയും ചിന്തകന്മാരേയും സാഹിത്യകാരന്മാരേയും വിലക്കെടുത്തു. അസാധാരണമായ പ്രതിഭാശക്തിയും ബുദ്ധിസാമർത്ഥ്യവും ഉള്ള ചിന്തകന്മാർ ഇങ്ങനെ ഓരോ ചേരിയിലേക്കു തിരിഞ്ഞുപോയാൽ മനുഷ്യനു വ്യക്തമായ—കറ പുരളാത്ത ഒരു പാതയിലൂടെ ജീവിതം പുരോഗമിപ്പിക്കുവാൻ കഴിയുകയില്ല. ഇവിടെയാണു സാഹിത്യകാരന്റെ നിശിതമായ വിമർശനത്തിന്റെ സ്വരം ഉയരേണ്ടതു്.

പരിപൂൎണ്ണമല്ല

സാഹിത്യകാരനും മനുഷ്യജീവിയാണു്. അവൻ പരിപൂൎണ്ണനല്ല. കുററവും കുറവുകളും അവനിലും ഉണ്ടാകാം. എങ്കിലും തങ്ങൾക്കു പറയുവാൻ ചില കാര്യങ്ങൾ ഉണ്ടായിരിക്കുകയും അതു ചെവിട്ടത്തടിച്ചതുപോലെ പറയുവാൻ സാധിക്കുകയും ചെയ്യുമ്പോൾ അവൻ സാഹിത്യകാരൻെറ പദവിയിലേക്കു് ഉയരും. ഈ ഒരു കഴിവു അവനെ സാമാന്യ മനുഷ്യനിൽനിന്നു വേർപെടുത്തി–ഒററപ്പെടുത്തി–ആദരണീയമായ സ്ഥാനത്തിലേക്കു് എത്തിക്കും.

ജീവിതത്തെ ശപിച്ച കലാകാരന്മാരുണ്ടു്. ജീവിതത്തേനുണ്ണാൻ വെമ്പിക്കുതിക്കുന്നവരുണ്ടു്. ജീവിതത്തിലെ സമരവശം മാത്രം ദൎശിക്കുന്നവരുമുണ്ടു്; ജീവിതത്തിൽ എല്ലാക്കാലവും സൗന്ദൎയ്യം മാത്രം ദൎശിക്കുകയും അതിലൂടെ ആനന്ദ പരവശരായി കഴിയുകയും ചെയ്യുന്നവരുമുണ്ടു്; ശുഭാപ്തി വിശ്വാസികളുണ്ടു്, പെസിമിസ്റ്റുകളുണ്ടു്, ജീവിതസമരത്തിലൂടെ മുന്നേറണമെന്നു് ആഗ്രഹമുള്ളവരുണ്ടു്. എന്തിനേയും എതിൎക്കുക ജീവിതതത്വമായി അംഗീകരിക്കുന്നവരുണ്ടു്. എതിൎപ്പു വിളിച്ചുവരുത്തി അതിൽനിന്നു മുതലെടുക്കുന്നവരുണ്ടു്; ചീത്തയായവരുണ്ടു്; നല്ലവരുണ്ടു്. എങ്കിലും എല്ലാവരിലും എല്ലാററിൻെറയും ഓരോ ജീൻസു് എങ്കിലും കാണും. അതിലേതെങ്കിലുമൊന്നു് വളൎന്നു വികസിച്ചു മററതിനെ അടിച്ചമൎത്തിയെന്നുവരും. ആ വളൎച്ച പ്രാപിഭാവമാണു് അവൻെറ പേൎസനാലിററിയിൽ മുന്തിനില്ക്കുന്നതെന്നുമാത്രം.

**മനഃസംസ്കാരം**

ഇങ്ങനെ ഓരോ നിലകളിൽ നില്ക്കുന്ന കലാകാരന്മാരും തങ്ങൾക്ക് അപ്പപ്പോൾ തോന്നിയ കാര്യങ്ങൾ തീ പറക്കുന്ന രീതിയിൽ അവതരിപ്പിക്കുന്നതു ശരിയല്ല. സാഹിത്യകാരൻെറ മനസ്സിന് സമനിലയുണ്ടായിരിക്കണം. അവനു കഴിയണം, നന്മയുടെ നേക്ക് നോക്കുന്ന മനോഭാവത്തോടെ തിന്മയേയും നോക്കുവാൻ. മനുഷ്യനെ മനുഷ്യനായി കരുതുവാനുള്ള മനഃസംസ്കാരം ഉണ്ടായിരിക്കേണ്ടതാവശ്യം. ജാതിക്കും വർഗ്ഗത്തിനും രാഷ്ട്രീയത്തിനും രാഷ്ട്രത്തിനും ഉപരിയായി ചിന്തിക്കുവാൻ കഴിയേണ്ടതുണ്ട്.

കലാകാരൻെറ മൂലധനം വികാരമാണ്. വികാരാനുഭൂതിയുടെ ഊഷ്മാവ് ഹൃദയത്തിൽ എത്തിയാലേ കലയുടെ ബീജങ്ങൾ മനസ്സിൻെറ താഴ്‌വരയിൽ കിളിർക്കൂ. പക്ഷേ ബുദ്ധിയുടെ നനവില്ലാത്ത സ്ഥലത്തു മുളക്കുന്ന വിത്ത് വളരുകയില്ല. വളവും വെള്ളവും കിട്ടാത്ത നെൽച്ചെടിപോലെ അതു് വാടിത്തളർന്നു കരിഞ്ഞുപോകും.

**പാകത**

വളരെക്കാലംകൊണ്ടു മാത്രമേ മനസ്സിന് പാകത ഉണ്ടാകൂ. 36-ാമത്തെ വയസ്സുമുതൽ കവിത എഴുതിത്തുടങ്ങിയ ആശാൻെറ കൃതികളിൽ ജീവിതവേദാന്തമുണ്ടു്. ജീവിതത്തെ വിലയിരുത്തി സംസാരിച്ചു, ബുദ്ധിക്കും വിചാരത്തിനും വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടുണ്ടദ്ദേഹം. പ്രേമം, മര്യാദ, ദയ, നന്ദി, സഹാനു

ഭൂതി, വിശ്വാസം രക്ഷകഭാവം ഇവയ്ക്കൊക്കെ ആശാൻ വലിയ വില കല്പിച്ചു.

മരിച്ചു് 36-ാമത്തെ വയസ്സിനുമുമ്പു് 65-ൽപ്പരം കൃതികൾ രചിച്ചു്, കേരളത്തിലെ മഹാകവിയായി ഉയന്നു് മരണമടഞ്ഞ ചങ്ങമ്പുഴയുടെ കൃതികൾ മുഴുവൻ വായിച്ചുനോക്കുക. ജീവിത വിമർശനം ആ കൃതികളിൽ ഉണ്ടു്; പക്ഷേ ഓരോ കവിതയിലും ഓരോവിധ തത്വശകലങ്ങളായിരുന്നു. അടിസ്ഥാനപരമായി ഒരു തത്വത്തിലും കവി ഉറച്ചു നിന്നിരുന്നില്ലെന്നു സാരം. ഭയം, വെറുപ്പു്, മാർദ്ദവം, ഈർഷ, ദയ, അസഹ്യത, സ്നേഹം, ദ്വേഷം, വിശ്വാസം, സംശയം, അസൂയ, ക്രൂരത, അവിശ്വാസം, സംഘർഷം, മയ്യാദ, എതിർപ്പു്, അഹന്ത, സഹാനുഭൂതി—എന്നിങ്ങനെ അനവധി ഭാവങ്ങൾ ഇടകലർന്നു പരന്നു കിടക്കുകയാണു ആ കവിതകളിലൂടെ. വ്യക്തമായ ഒരു ജീവിതവേദാന്തം എങ്ങുമില്ല. ജീവിതത്തെക്കുറിച്ചു സമഗ്രമായ ഒരു വിലയിരുത്തലും അതിലില്ല.

എന്നിട്ടും നമ്മൾ ആ കൃതികൾ ആസ്വദിക്കുവാൻ കാരണമെന്താണു്? സെൻറിമെൻറലിസത്തിൻെറ ഊഞ്ഞാലിലൂടെ മനുഷ്യനെ മണ്ണിൽനിന്നു വിണ്ണിലേക്കും, വിണ്ണിൽനിന്നു മണ്ണിലേക്കും ഇട്ടു് ഉഞ്ഞാലാടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. മാത്രമല്ല, ഈ കവിതയുടെ പിറകിലും ചങ്ങമ്പുഴയുടെ നിഷ്കളങ്കഹൃദയത്തിൻെറ ഉജ്ജ്വലത്തായ ഹൃദയസ്പന്ദനങ്ങൾ കേൾക്കാം. സത്യം തുറന്നുപറയുന്ന ഇത്തരം കവികൾ നമ്മുടെ ഹൃദയകവാട

ങ്ങൾ തുറന്നു പെട്ടെന്നു അകത്തുകയറി ഇരുപ്പുറപ്പിക്കു മെന്നു മാത്രം.

**പുരോഗതിക്ക്**

സാമൂഹ്യജീവിത പുരോഗതിക്ക് കലാസൃഷ്ടിയുടെ ഉള്ളടക്കത്തിൽനിന്നു വലുതായ സംഭാവന കിട്ടാറുണ്ട്. വസ്തുനിഷ്ഠമായി സംസാരിക്കുവാൻ കഴിയാത്ത സാഹിത്യകാരൻ മനുഷ്യവർഗ്ഗത്തിനു വലിയ ഉപകാരം ഒന്നും ചെയ്യുന്നില്ല. ആത്മനിഷ്ഠമായ കവിതകൾ രചിക്കുമ്പോൾ വ്യവസ്ഥയില്ലായ്മയുണ്ടാകും, എഴുത്തുകാരൻ നിയതസ്വഭാവമുള്ളവനല്ലെങ്കിൽ. പ്രപഞ്ചത്തെ ഉൾക്കൊള്ളുവാൻ തക്ക കഴിവുള്ള മനസ്സുകൾക്കേ തന്റെ കലാസൃഷ്ടിയിലൂടെ മനുഷ്യജാതിക്കു നന്മ വഷിക്കുവാൻ കഴിയൂ. മിൽട്ടണും യൂഗോയും ടോൾസ്റ്റോയിയും വലിയ മനസ്സുകളുടെ ഉടമകളായിരുന്നു. അതുകൊണ്ടാണു് വലിയ കൃതികൾ രചിച്ചതു്. കലയെക്കുറിച്ചും ജീവിതത്തെക്കുറിച്ചും അവർ നിരന്തരമായി ധ്യാനിച്ചിരുന്നു. കാവ്യനിർമ്മാണത്തിനു മനസ്സ് വല്ലാതെ കലമ്പൽ കൂട്ടിയപ്പോഴാണവർ എഴുതിയതു്. എഴുതിപ്പോയി എന്നർത്ഥം. അതുകൊണ്ടാണല്ലോ ആത്മാവിഷ്കരണമാണു സാഹിത്യമെന്നു പറയുന്നതും.

വസ്തുനിഷ്ഠമായി ജീവിതത്തെ കാണുവാനും വിലയിരുത്തുവാനും സാധിച്ചിട്ടുള്ള എഴുത്തുകാക്കാണു് മഹനീയമായ പദവി കൈവന്നിട്ടുള്ളതു്. സാഹിത്യത്തിന്റെ വേരുകൾ മനുഷ്യവർഗ്ഗത്തിന്റെ ജീവിതാന്തർഭാഗത്തിലൂടെ ഓടണം; ബഹുജനങ്ങളുടെ വികാരങ്ങ

ളേയും ചിന്തകളേയും ആശകളേയും പ്രതീക്ഷകളേയും കോൎത്തിണക്കി അവരെ ഉയൎത്തണം.

മതിയായ മാനസിക ശക്തിയും സംഘടനാപരമായ കെട്ടുറപ്പും മാനമായ നേതൃത്വവും മനുഷ്യവൎഗ്ഗത്തിനു ഇന്നില്ല. സ്വതേ സ്വാൎത്ഥതല്പരരാണു് വ്യക്തികൾ. അവർ അധികാരത്തിലേറിയാൽ ഉൾക്കാഴ്ച നഷ്ടപ്പെടും; അന്ധനെപ്പോലെ പെരുമാറും. രാഷ്ട്രീയ നേതാക്കന്മാരുടെ കാൎയ്യം പറയുകയേ വേണ്ട. അവൎക്കു് സ്വതേ തന്നെ ഉൾക്കാഴ്ചയില്ല. അധികാരലഹരി തലയ്ക്കുപിടിച്ചു കഴിഞ്ഞാൽ ചുററുപാടുകളെ വീക്ഷിച്ചു് വിലയിരുത്തുവാനുള്ള കഴിവുകൂടി നഷ്ടപ്പെടും. ഇവിടെ നല്ല മനുഷ്യർ നട്ടംതിരിയും. അവരെ നയിക്കേണ്ടതു ചിന്തകന്മാരാണു്. നേരത്തെ സൂചിപ്പിച്ചതുപോലെ ഒന്നാന്തരം പ്രതിഭാശാലികളും ധീരന്മാരായ രാഷ്ട്രീയ പ്രവൎത്തകരും സമൎത്ഥരായ സംഘാടകരും ഉണ്ടെങ്കിലേ ഭൂമുഖത്തു ജനാധിപത്യമൂല്യങ്ങൾ കേടുതട്ടാതെ നിലനിൽക്കൂ. എങ്കിലേ സ്വതേതന്നെ അനുസരണബോധവും അച്ചടക്കചിന്തയും ഇല്ലാത്ത പൊതുജനത്തെ കൊണ്ടുനടക്കുവാൻ കഴിയൂ. ആനയെപ്പോലെ പൊതുജനത്തെ നാം കൊണ്ടുനടക്കണം.

ഭൂതകാല ചരിത്ര സംഭവങ്ങളെ ശരിക്കു പഠിക്കുകയും വിശദീകരിക്കുകയും വൎത്തമാനകാലത്തിൻെറ സത്ത പിഴിഞ്ഞെടുക്കുകയും ചെയ്തുകൊണ്ടു് ഭാവിയുടെ പടംവരച്ചപ്രതിഭാശാലിയാണല്ലോ എച്ച്.ജി. വെത്സ്. അദ്ദേഹം പറയുന്നതു നോക്കുക: 'ലോകത്തിലാസ

കലം മനുഷ്യൻെറ ആദർശം സമത്വത്തിലേക്കും ഐക്യത്തിലേക്കും മുന്നോട്ട പോവുകയാണു്. ആധിപത്യം എന്നതു പൊളിഞ്ഞുപോയ ഒരാശയമാണു; പ്രശസ്തി വിശ്വസിക്കുവാൻ കൊള്ളരുതാത്ത ഒരാദർശവും. മനസ്സോട്ടക്കൂടിയോ അല്ലാതെയോ സാർവ്വലൗകികമായ ജനാധിപത്യത്തിനും സാഹോദര്യത്തിനും വേണ്ട പരിശീലനം തേടണം. അതിലും ദയനീയമായ ഒരു സ്ഥിതി നമുക്ക വന്നു ചേരാതിരിക്കുവാൻ' ഈ വക സത്യങ്ങളെ ക്കൂടി മുമ്പിൽ കണ്ടുകൊണ്ട വേണം സാഹിത്യകാരന്മാർ ജീവിതത്തെ വിമർശിക്കുവാൻ. ഭാവിയുടെ കരട്ട പതിപ്പു കൈയിൽ വച്ചുകൊണ്ട വേണം കലാസൃഷ്ടി നടത്തുവാൻ. ശാസ്ത്രീയ ബോധം കലാകാരനുണ്ടായിരിക്കണം. ചരിത്രത്തിൻെറ ഗതിവിഗതികളെക്കുറിച്ചു വേണ്ടത്ര ബോധം അവർക്കുണ്ടാവേണ്ടതു് ആവശ്യവും.

### ആശയങ്ങളുടെ ശക്തി

മനുഷ്യവർഗ്ഗത്തിന്റെ ജീവിതരീതികളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ആശയങ്ങൾ നമ്മൾ ഓരോരുത്തരുടേയും ഉച്ഛ്വാസവായുവിന്റെ സഹായത്താലാണ് നിലനില്ക്കുന്നതു്. നമ്മളുമായി രക്തബന്ധമുള്ള ചിന്തകളാണു്, നമ്മൾ അവതരിപ്പിക്കുക. തത്തമ്മയെപ്പോലെയല്ലല്ലോ വ്യക്തിത്വമുള്ള മനുഷ്യർ. നമ്മൾ അഴിച്ചു വിടുന്ന വിചാര തരംഗങ്ങൾ മററുള്ളവരുടെ വിചാരങ്ങളുമായി കൂട്ടിമുട്ടും; സംഘട്ടനം നടക്കും. ശക്തിയുള്ളവ ജയിക്കും. ജയിച്ചവ സർവ്വാധിപതിയായി വാഴും. അവ തിരിച്ചു വന്നു നമ്മെ ഭരിക്കും. നമ്മെ നിയന്ത്രി

ക്കുകയും നയിക്കുകയും ചെയ്യും. ആധുനിക മനുഷ്യസംസ്കാരത്തിന്റെ തിരുമുഖത്തു കാണുന്ന എല്ലാ ഭാവങ്ങളുടെയും പിറകിൽ ഭൂമിയിലെ ശക്തന്മാരായ ആളുകളുടെ പ്രമാണങ്ങളും ചിന്താഗതികളും പ്രേരണ ചെലുത്തിയിട്ടുണ്ടാവും.

സാഹിത്യകാരന്, വ്യക്തികളുടെ മാനസ്സികഭാവത്തെ അഴിച്ചു പണിയുവാൻ ശക്തിയുണ്ട്. വ്യക്തികളിലൂടെയാണല്ലോ ലോകം രൂപംകൊള്ളുക. അടിസ്ഥാനപരമായി പറയുകയാണെങ്കിൽ സാഹിത്യകാരൻ നല്ലവനും കഴിവുള്ളവനും സദാചാരമൂല്യങ്ങളോടും സംസ്കാരത്തോടും ആദരവും മമതയും ഉള്ളവനാണെങ്കിൽ—അവ കലാസൃഷ്ടികളിൽ പ്രതിഫലിപ്പിക്കുവാൻ അവനു ശരിക്കും കഴിയുകയും ചെയ്യുമെങ്കിൽ—ഭൂമിയിൽ കുറെക്കൂടി നല്ലൊരു ജീവിതം ഉണ്ടാകുവാനുതകുന്ന കർമ്മപരിപാടികൾ എഴുത്തുകാരന്റെ ശ്രമഫലമായുണ്ടാകും.

സാഹിത്യം സാമൂഹ്യജീവിതത്തിൽ നിന്നു മുളച്ചുവരുന്നുവെന്ന് പറയാറുണ്ട്. അതേസമയം സമൂഹത്തിനു പ്രയോജനപ്രദവുമാണു കല. വലിയൊരു വൈരുദ്ധ്യം ഇവിടെ അലയടിക്കുന്നു. തിരിയിൽനിന്നു കൊളുത്തിയ പന്തം പോലെയാണു കലാസൃഷ്ടികൾ; പന്തത്തിന്റെ പ്രകാശത്തിലാണ് തിരിയെ ആളുകൾ പിന്നീടു തിരിച്ചറിയുന്നതു്; സാമൂഹ്യജീവിതോദ്ധാരണത്തിനു കലയെ പ്രയോജനപ്പെടുത്താം. കലാകാരന്റെ അന്തസത്തയുടെ അഴകും ആരോഗ്യവും അവന്റെ ചിന്താരീതിക്ക് നിറപ്പകിട്ടു നൽകും. ലോകത്തെ നിർ

വികാരനായി നിന്നു വീക്ഷിക്കുവാൻ കഴിയും ഒരു ദാർശനികനു്. അതുപോലെ ഒരു നില അവലംബിക്കുവാൻ, ഒരു പുരോഹിതനോ, രാഷ്ട്രീയ പ്രവൎത്തകനോ, അദ്ധ്യാപകനോ സാധിക്കുമോ? അവർക്കെല്ലാം അവരുടേതായ താൽപര്യങ്ങൾ ഉണ്ടാകും. ഒരു പുരോഹിതൻ എത്ര നല്ല സാഹിത്യകാരനായാലും അദ്ദേഹം എല്ലാററിനുമുപരി ഒരു പുരോഹിതൻ തന്നെ.

എല്ലാ സ്ഥാപിത താൽപര്യങ്ങൾക്കും അതീതമായി നിന്നുകൊണ്ടു് ഈശ്വരനെപ്പോലെ മനുഷ്യവൎഗ്ഗത്തെ കാൺവാനും നിയന്ത്രിക്കുവാനും സാഹിത്യകാരനു് കഴിയണം. അല്ലെങ്കിൽ ബുദ്ധിയുള്ള നിരൂപകൻ അവരുടെ പൊള്ളത്തരം തുറന്നു കാണിക്കുകയും സാമാന്യജനത അതു മയസ്സിലാക്കി അംഗീകരിച്ചു് അത്തരം കൃതികളെ അവഗണിക്കുകയും ചെയ്യും.

സ്ഥാനവാസിഷ്ഠം—തത്വോപദേശങ്ങൾ നിറഞ്ഞ ഒരു കൃതിയാണു്. സത്യത്തിനു് അങ്ങേയററത്തെ പ്രാധാന്യം ഇതിൽ നൽകിയിട്ടുണ്ടു്. ധ്യാനത്തിൻെറ ഫലമാണു് ഈ കൃതി. അങ്ങനേ മുനിമാർ ചെയ്യുകയുള്ളു? പക്ഷെ ഒരു സ്ത്രീയേ അമ്മയായിട്ടോ, സഹോദരിയായിട്ടോ, കാമുകിയായിട്ടോ ഇതിൻെറ നിൎമ്മാതാവിനു കാണുവാൻ ശക്തിയില്ല. ഒരുദാഹരണം മാത്രം—'ചെരു ഞരമ്പു്, അസ്ഥിമുട്ടുകൾ ഇവ കലർന്ന മാംസപ്പാവപോലെയിരിക്കുന്ന സ്ത്രീയുടെ യന്ത്രലോലമായ ദേഹപഞ്ജരത്തിൽ ശോഭനമെന്നു് ഏതൊന്നു വിചാരിക്കപ്പെടാം. കണ്ണു തന്നെ വിയോജിപ്പിച്ചു നോക്കുക.

തൊലി, മാംസം, രക്തം, കണ്ണുനീർ മുതലായവ ഒന്നുചേ ൎന്നു കാണപ്പെടുന്ന ആ ചെറു ഗോളങ്ങളിൽ മനസ്സിനെ സന്തോഷിപ്പിക്കാനെന്തിരിക്കുന്നു. വെറുതെയല്ല ആളു കൾ മോഹിക്കുന്നതു്.

മേരുക്കുന്നിന്റെ താഴ്‌വരയിൽക്കൂടി ചുററി പുള ഞ്ഞൊഴുകുന്ന ജലപ്രവാഹംപോലെ, ഭൂഷണരസികത്വം ഏതൊരു തൈക്കൊങ്കക്കുന്നിൽ കാണപ്പെടുന്നുവോ, ആ കൊങ്കകൾ ഒടുവിൽ ചുടുകാട്ടിൽ വച്ചു ചോററുരുളപോ ലെ നായ്ക്കളാൽ വിഴുങ്ങപ്പെടുന്നു. തലമുടിക്കെട്ടാകുന്ന കരിംപുകയെ മേൽഭാഗത്തു ധരിച്ചും, തൊട്ടുകൂടാൻപാടി ല്ലാത്തവണ്ണം മോഹനതേജോവിലാസത്തോടുകൂടിയുമിരി ക്കുന്ന പാവാഗ്നിജ്വാലകളായ സ്ത്രീകൾ പുരുഷന്മാരെ തൃണംപോലെ വേഗത്തിൽ ദഹിപ്പിച്ചുകളയുന്നു. ഒററ നോട്ടത്തിൽ സരസകളെങ്കിലും പരമാൎത്ഥത്തിൽ നിര കളായ ഈ സ്ത്രീകൾ തന്നെയാണു് കാലപുരി യിൽ ഭയങ്കരമായി കത്തി എരിയുന്ന രൌരവാഗ്നിക്കു കോമള രൂപകങ്ങളായ വിറകുകൾ. ഇവർ ബോധമി ല്ലാത്ത പുരുഷപ്പക്ഷികളെ കുരുക്കുന്നതിനു് കാമദേവ നാകുന്ന കാട്ടാളൻ സംസാരക്കാട്ടിൽ പരക്കെ വിരിച്ചി രിക്കുന്ന വലകളാണു്. ജന്മമെന്ന ചെറു പൊയ്കയിൽ ഭോഗസാധനങ്ങളായ ചെളിയിൽ സഞ്ചരിക്കുന്ന മനുഷ്യ മത്സ്യങ്ങൾക്കു് അവരവരുടെ ദുർവാസന ചൂണ്ടൽക്ക യറും, സ്ത്രീകൾ ചൂണ്ടയിൽ കോൎത്ത ഇരയുമാകുന്നു. കുതി രയ്ക്കു ലായം പോലെയും ആനയ്ക്കു കെട്ടുകുററിപോലെയും സ്ത്രീകൾ പുരുഷന്മാർക്കു് ഒരു ബന്ധനം തന്നെയാണു്.

ദോഷരത്നങ്ങളെല്ലാം ഉരുക്കിക്കൂട്ടി വച്ചിരിക്കുന്ന ചെപ്പും ദുഃഖകണ്ണികൾ കോർത്ത ചങ്ങലയുമായ സ്ത്രീജനത്തിനെ ഞാൻ തീരെ വെറുക്കുന്നു. ഇവിടെ മാംസം, ഇവിടെ രക്തം, അവിടെ അസ്ഥി, ഇങ്ങനെ മോഹനമെന്നു ഗണിക്കപ്പെടുന്ന സ്ത്രീയുടെ ഓരോ അവയവവും അതിന്റെ പരമാർത്ഥരൂപത്തിൽ ഗ്രഹിക്കുന്നതായാൽ ഏതാനും ദിവസങ്ങൾകൊണ്ടു് അവളിലുള്ള ഭ്രമം അസ്തമിക്കും. സ്ത്രീകളിൽ ഭ്രമിച്ചു് അവർക്കധീനനായിത്തീരുന്ന മൂഢൻ പിടിയാനയോടുകൂടി കൊക്കയിൽ അകപ്പെട്ടുകിടക്കുന്ന കൊമ്പനെപ്പോലെ നിത്യദുഃഖിയാണു്. ഭാര്യയുള്ളവനു ഭോഗേച്ഛയുണ്ടാകുന്നു. ഇല്ലാത്തവനു് അതുണ്ടാകുന്നതുമില്ല. അതിനാൽ ദുഃഖഭൂയിഷ്ഠമായ രോഗത്തിൽനിന്നു നിവർത്തിക്കുന്നതിനായി ബുദ്ധിമാന്മാർ സ്ത്രീകളെ ഉപേക്ഷിക്കേണ്ടതാകുന്നു...ആരംഭത്തിൽ മാത്രം സുഖകരവും പിന്നീടു് ഭയങ്കരവും വണ്ടിന്റെ ചിറകടിപോലെ ചഞ്ചലവുമായ ഭോഗത്തെ ഞാൻ ആഗ്രഹിക്കുന്നില്ല..ഞാൻ ശാന്തിയെ ആശ്രയിച്ചിരിക്കുന്നു. സ്വന്തമായ വികാരത്തെ അടക്കുവാൻ കഴിവില്ലാത്ത മനുഷ്യൻ വെറുപ്പിന്റെ അണ കെട്ടിനിറുത്തുകയാണു്. അല്പമായ വിടവുണ്ടായാൽ എല്ലാം തീർന്നു. വിശ്വാമിത്രൻ തെന്നിവീണതു അങ്ങിനെയാണു്. ശിവൻ ആടിയുലഞ്ഞതും ഈ രംഗത്തുവച്ചാണു്. എങ്കിലും ഈ സ്ത്രീവിദ്വേഷിയുടെ ശബ്ദം കലാകാരൻ ഉയർത്തുവാൻ പാടില്ല. ഉപദേശിയുടെ രീതിയിൽ സംസാരിച്ചാൽ കേൾക്കാൻ ആളുകൾ കുറയും. അനുസരിക്കുവാൻ ആരും കാണുകയുമില്ല.

സാമൂഹ്യജീവിതത്തിന്ന് മുഖവുര എഴുതിക്കൊടു ക്കേണ്ട സാഹിത്യകാരൻ ഇത്രയേറെ പക്ഷപാതിയാ യാൽ കാര്യം നടക്കുകയില്ല. ഫ്രായിർഡിനെ നോക്കുക. എല്ലാ ബന്ധത്തിലും ലൈംഗികവികാരത്തിൻെറ അംശം ഉണ്ടെന്ന് അദ്ദേഹം വാദിച്ചു. 'ലിബിർഡോ' യിൽ എല്ലാ സ്നേഹബന്ധങ്ങളും ഒതുങ്ങിയിരിക്കുന്നുവെ ന്ന് അദ്ദേഹം വിശ്വസിച്ചു. പരീക്ഷണങ്ങൾ ആ നി ഗമനത്തിന്ന് അനുകൂലമായ വിധി പ്രസ്താവിച്ചു. കാമ പരമായ കാര്യങ്ങളെക്കുറിച്ചു" തുറന്ന മനസ്സോടെ ഫ്രോ യിർഡ് ചർച്ചചെയ്തു. പക്ഷേ തൻെറ അഭിപ്രായ ങ്ങൾക്ക് അപ്രമാദിത്വമുണ്ടെന്നോ, ഇതിനപ്പുറത്ത് ഒരുത്തർക്കും ചിന്തിക്കുവാൻ കഴിവില്ലെന്നോ അദ്ദേഹം വിശ്വസിച്ചില്ല.

ആ മനഃശാസ്ത്ര പണ്ഡിതൻ ഇങ്ങനെ എഴുതി, 'എൻെറ ജീവിതത്തിലെ പ്രയത്നങ്ങളെ തിരിഞ്ഞുനോ ക്കിക്കൊണ്ട് എനിക്കു പറയുവാൻ കഴിയും, ഞാൻ പല ആരംഭങ്ങളിട്ടിട്ടുണ്ടെന്നും പല നിർദ്ദേശങ്ങൾ നൽകിയി ട്ടുണ്ടെന്നും. അവയിൽനിന്ന് ഭാവിയിൽ എന്തെങ്കിലും സത്യം വെളിപ്പെട്ടേക്കാം. എന്നാൽ അതു് അല്പമോ അനല്പമോ എന്ന് നിശ്ചയിക്കാൻ ഞാനാളല്ല.'

ഇവിടെല്ലാം ജീവിതശില്പിങ്ങളെ കലയിലൂടെ അ വതരിപ്പിക്കുകയാണ് സാഹിത്യകാരന്മാർ ചെയ്യുന്നതു്. ഓരോരുത്തരും വിഭിന്ന ചിന്താഗതിക്കാരായതുകൊണ്ട് ഒരേ വിഷയം തന്നെ പലർ കൈകാര്യം ചെയ്താലും തകരാറില്ല. രൂപത്തിലും ഭാവത്തിലും ഓരോന്നും ഓരോ

വിധമായിരിക്കും. എങ്കിലും എല്ലാവരും പൊതുവായി സ്വീകരിക്കുന്ന ചില തത്വങ്ങൾ കാണും. അവ മനുഷ്യർക്കാകമാനം വേണ്ടപ്പെട്ടവയുമായിരിക്കും. മൂല്യങ്ങളെ നിഷേധിക്കരുതെന്നു് സാരം. അവ മനുഷ്യവർഗ്ഗത്തിൻെറ വളർച്ചയ്ക്കാകമാനം ആവശ്യമാണു്. കലാകാരൻ സാംസ്കാരികമൂല്യങ്ങളെ ഉത്തമ ജീവിത ശില്പങ്ങളിലൂടെ ആവിഷ്ക്കരിക്കണമെന്നു് സാഹിത്യമീമാംസകന്മാർ വാദിക്കുന്നതു് ഇതുകൊണ്ടുതന്നെയാണു്.

ഇവിടെ സാഹിത്യകാരൻ ഒരു സ്വേച്ഛാധിപതിയായി ഉയരുകയാണു്. പക്ഷെ ഭരണം നിശബ്ദമാണെന്നു മാത്രം. ജീവിതം ദന്തഗോപുരത്തിലും. ഭൂമിയിൽ ഇറങ്ങിച്ചെന്നു് നേടിയെടുത്ത അനുഭവങ്ങൾ ഇനം തിരിച്ചു്, പെറുക്കി അടുക്കി, അവയുടെ പുതിയ സംവിധാനക്രമത്തിൽ നിന്നു ഉണ്ടാകുന്ന ആഹ്ലാദത്തിൻെറ തലോടലേററു് കലാരൂപങ്ങൾ നിർമ്മിക്കുന്നു. മഹത്തായ മനസ്സുള്ളവർക്കു് മഹത്തായ കൃതികൾ രചിക്കുവാനും കഴിയും.

മനുഷ്യവർഗ്ഗത്തിൻെറ നാശം സംഭവിക്കുന്നിടംവരെ മനുഷ്യൻ വ്യാസനേയും ഹോമറേയും മറക്കുകയില്ല. അവരുടെ മഹാകാവ്യത്തിൽനിന്നു് ആശയങ്ങളും സ്വീകരിക്കും. നല്ല മനുഷ്യൻ ഭൂമിയിൽ ഉണ്ടെങ്കിലേ ഇനിയും അത്തരം മഹത്തരമായ കൃതികൾ ഇവിടെ ഉണ്ടാകൂ. കാലാവസ്ഥ മാറുന്നതിനേക്കാൾ വേഗത്തിൽ കാലുമാറുന്ന കവികൾ ആധുനികലോകത്തിൽ ഉണ്ടെന്നു മാത്രമല്ല അവരുടെ എണ്ണം കൂട്ടതലാവുകയു

മാണ്. കലയിൽ കലാകാരന്റെ വ്യക്തിത്വത്തിനാണ് ഏററവും പ്രാധാന്യം. അല്ലെന്നു പറയുന്ന ഒരു പ്രത്യേക വിഭാഗക്കാരുണ്ട്. അവർ പാർട്ടിക്കുവേണ്ടിയാണ് സംസാരിക്കുക. ആത്മാഭിമാനം ഉള്ള ഒരെഴുത്തുകാരനും കക്ഷിക്കുവേണ്ടി സ്ഥിരമായി നിന്ന് എഴുതുകയില്ല.

സാഹിത്യസൃഷ്ടി വ്യക്തിപരമായ കാര്യമാണ്. വേണമെങ്കിൽ സാമൂഹ്യ പശ്ചാത്തലത്തിൽനിന്നും കലാകാരന് പ്രചോദനം നേടിയെടുക്കാമെന്നു മാത്രം.

മനുഷ്യജീവിതത്തിൽ മുഴച്ചുകാണുന്ന തെററുകളോട് സാഹിത്യകാരൻ സന്ധിയില്ലാസമരം നടത്തണം. സമരത്തിന്റെ പ്രത്യാഘാതങ്ങൾ ഭാവിയിലാണ് ഉണ്ടാകുന്നതു്. ആ സമരത്തിന്റെ നീല ഞരമ്പുകളിലൂടെ കലാകാരന് സ്വന്തമായൊരു സ്മാരകം രൂപം കൊള്ളുകയും ചെയ്യും. വർത്തമാന കാലഘട്ടത്തിൽ ഉശിരുള്ള ഏതു സാഹിത്യകാരനും എതിർക്കപ്പെടും. ഒരെഴുത്തുകാരനെ ആരും എതിർക്കുന്നില്ലെങ്കിൽ അവൻ യാതൊരു ചലനവും സൃഷ്ടിച്ചിട്ടില്ലാത്തവനാണെന്ന് അർത്ഥമാക്കണം. മാററത്തിനു സാമാന്യജനത എളുപ്പം വിധേയമാകുകയില്ല. ഇരിയ്ക്കുന്നാപരുവത്തിൽ കഴിഞ്ഞുകൂടുകയാണ് അവക്കിഷ്ടം. അതിലാണവർ സുഖം കാണുന്നതു്.

സാമൂഹ്യഘടനയ്ക്ക് വ്യക്തികളുടെ സ്വഭാവരൂപീകരണത്തിൽ മാനമായ പങ്കുണ്ട്. എന്നാൽ വ്യക്തികളുടെ വീക്ഷണഗതികളുടെ–ചിന്താഗതികളുടെ–ആകെ

ത്തുകയാണ് സമുദായത്തിന്റെ മുഖഭാവത്തിനു നിറവ്യത്യാസമുണ്ടാക്കുന്നതു്. വ്യക്തിക്കു് സമൂഹത്തിന്റെ ഹൃദയത്തുടിപ്പുകളുടെ എണ്ണം കൂട്ടുവാനും കുറയ്ക്കുവാനും കഴിയും. വ്യക്തികളില്ലാത്ത ഒരു സമുദായം സങ്കല്പത്തിനതീതവുമാണു്. ഈ പശ്ചാത്തലത്തിൽ സാമൂഹ്യജീവിത വിമർശനത്തിനു് തയ്യാറുള്ള ഓരോ സാഹിത്യകാരനും സൂക്ഷ്മമായി പറഞ്ഞാൽ ഓരോ ഇൻഡിവിഡ്വലിസ്റ്റായിത്തീർന്നേ മതിയാവൂ.

സാധാരണക്കാരന്റെ പ്രയത്നത്തിൽ നിന്നാണു സാഹിത്യകാരൻ തന്റെ അപ്പത്തിന്റെയും വീഞ്ഞിന്റെയും വില കിഴിച്ചെടുക്കുന്നതു്. തന്മൂലം അവനു് മനുഷ്യരോടു് ഉത്തരവാദിത്വമുണ്ടു്. വെറും താന്തോന്നിയായി, മൂളിപ്പാട്ടും പാടി നടക്കുവാൻ അവന്നർഹതയില്ലെന്നു സാരം.

അന്തസ്സുള്ള—പക്ഷപാതപരമല്ലാത്ത ഒരു ജീവിതവിമർശനരീതി ഓരോ സാഹിത്യകാരനും ഉണ്ടായിരിക്കണം. ചിന്തയായിരിക്കണം, സാഹിത്യസൃഷ്ടിയുടെ ട്രേഡ്മാർക്കു്; അതിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ സൗന്ദര്യവും മൃദുലതയും.

ജീവിതത്തിന്റെ അത്യഗാധതയിലേക്കു നടന്നു ചെല്ലുവാൻ കരുത്തുള്ള കലാകാരന്മാർ എങ്ങിനെ സംസാരിച്ചാലും ചിലപ്പോൾ വിജയിച്ചുവെന്നു വരാം. എഴുത്തിൽ വലിയ തീക്ഷ്ണത കാണിച്ചില്ലെങ്കിലും അവർ നേടും; മറിച്ചു ജീവിതത്തിന്റെ ഉപരിതലത്തിൽ വെറും ചൊറിയും കുത്തി കഴിഞ്ഞു കൂടുന്നവർ നിശ്ചയ

മായും പ്രതിപാദനരീതിയിൽ നന്നായിശ്രമിച്ചേ പറവൂ. ഒന്നുകിൽ വിഷയം മനുഷ്യഹൃദയത്തെ പെട്ടെന്ന് ആകർഷിക്കുന്നവയായിരിക്കണം; അല്ലെങ്കിൽ പ്രതിപാദനം ഒന്നാന്തരമായിരിക്കണം. രണ്ടും നന്നെങ്കിൽ ഉത്തമമമായ കൃതിയുണ്ടാകും. ഏതെങ്കിലും ഒന്ന് നന്നായാലേ കുറഞ്ഞ പക്ഷം ഒരെഴുത്തുകാരന് കുറച്ചുകാലത്തേയ്ക്കെങ്കിലും പിടിച്ചു നില്ക്കുവാൻ കഴിയൂ.

ജീവിത വിമർശനത്തിന് തയ്യാറാകുന്ന കലാകാരൻ മറക്കരുതാത്ത ഒരു സത്യമുണ്ട്-കല ജീവിതത്തിന്റെ തനി പകർപ്പായിരിയ്ക്കരുത്. അങ്ങനെയാണെങ്കിൽ കൃതികൾ വായിയ്ക്കുന്നത് എന്തിന്? നമ്മുടെ ചുററും നന്നായി കണ്ണോടിച്ച് കാര്യങ്ങൾ മനസ്സിലാക്കുകയും കാണുകയും ചെയ്താൽ പോരേ? സാഹിത്യത്തിൽ യാഥാർത്ഥ്യവും സങ്കല്പവും ഉണ്ടായിരിക്കണം. റീയലിസത്തിന്റെ കലവറയിൽ ക്ലാസിസത്തിന്റെയും റൊമാൻറിസത്തിന്റെയും ഉപകരണങ്ങളുടെ സഹായത്താൽ അനുഭൂതികൾക്ക് പ്രകടിത ഭാവം കൊടുക്കുമ്പോഴാണ് നല്ല കല ഉരുത്തിരിയുന്നത്.

നന്മയുടെ രക്തം വലിച്ചുകുടിയ്ക്കുന്ന തിന്മയുടെ കണ്ണുകളെ പിടിച്ച്; തീയിലിടുവാൻ ഉള്ള ധീരത ഓരോ എഴുത്തുകാരനും ഉണ്ടായിരിക്കണം. സാഹിത്യകാരൻ എപ്പോൾ ഭീരുവാകുന്നുവോ, അപ്പോൾ മുതൽ അവന്റെ കൃതികളിലെ ജീവൻ ഒഴുകി ഒലിച്ചു പോകുന്നു. നശീകരണപ്രവണതകൾ വ്യക്തമായി കാണിക്കുന്ന അന്ധകാരത്തിന്റെ സന്തതികൾ, വെളിച്ച

ത്തിൻെറ പേരുംപറഞ്ഞു് മനുഷ്യരെ ആകർഷിയ്ക്കും. അപകടം മനസ്സിലാക്കാതെ അവർ ചെന്നു് ആ കെണിയിൽ വീഴുകയും ചെയ്യും. സത്യത്തിൻെറയും നന്മയുടെയും സൗന്ദര്യത്തിൻെറയും നേക്കു് ഒരു സഹാനുഭൂതിയെങ്കിലും എല്ലാ ആളുകളിലും അലയടിക്കുവാനുപകരിയ്ക്കത്തക്ക വിധത്തിൽ കലാസൃഷ്ടികൾ ഉണ്ടാവണം. എഴുത്തുകാരെ ഭരിക്കുന്നതു് വികാരമായിരിക്കരുതു്. വിവേകത്തിനും അറിവിനും ബുദ്ധിയ്ക്കും വിലയിരുത്തലിനുമുള്ള ആന്തരികമായ കരുത്തു് അവൻെറ ഹൃദയ ചക്രവാളത്തിൽ ചെമ്മാനം പൂശണം. 'നിങ്ങൾക്കു് വിജ്ഞാനത്തിൻെറ ഋഷികളായിരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ഇങ്ങേ അററം അതിൻെറ പോരാളികളെങ്കിലും ആയിരിക്കുവാൻ കഴിയണ'മെന്നു് ഫ്രഡറിക്‌നിഷേ സാഹിത്യകാരന്മാരോട്ടു് പറയുകയുണ്ടായി. അതോടൊപ്പം അദ്ദേഹം സഹൃദയന്മാർക്കും കൂട്ടുകാർക്കുമായി മറെറാരുപദേശംകൂടി നല്കുന്നുണ്ടു്. എൻ്റെ ഗൗരവബുദ്ധിയേയും എൻെറ വികാരത്തെയും സഹിക്കുവാൻ ഒരാൾക്കു ബുദ്ധിപരവും വികാരപരവും ആയ കാര്യങ്ങളിൽ സത്യസന്ധതയുണ്ടായിരുന്നേ തീരൂ. പർവ്വതശിഖരങ്ങളിലെ താമസം അവൻ പരിചയിച്ചിരിയ്ക്കണം. അവൻ തനിക്കു താഴെയുള്ള ക്ഷണികമായ, വഷളായ രാജ്യതന്ത്രത്തിൻെറ അസംബന്ധങ്ങളെയും ദേശീയമായ 'ഈഗോയിസ'ത്തെയും കാണണം.

ജീവിതമൂല്യങ്ങളുടെ ഏററവും ഉത്തമമായ പ്രകാനമായിരിയ്ക്കണം സാഹിത്യം. ഓരോ വ്യക്തിയിലും

ഉള്ള നന്മയുടെ ശബ്ദത്തിനു തിന്മയുടെ ശബ്ദത്തെ തടയുവാൻ കരുത്തുനൽകുവാൻ മഹത്തായ സാഹിത്യസൃഷ്ടികൾക്കു് കഴിഞ്ഞിട്ടുണ്ടു്. അത്തരം കൃതികളിലെ ജീവിതവിമർശനം വളരുന്ന കലാകാരനു മാർഗ്ഗദർശനം നല്കണം. മനുഷ്യനു് സ്വയം നിയന്ത്രിയ്ക്കുവാനും സാംസ്കാരിക പ്രവണതകളെ മാനിക്കുവാനും മാനുഷികമൂല്യങ്ങളെ ആദരിക്കുവാനും ഉതകത്തക്കവിധത്തിലുള്ള ആശയമൂല്യങ്ങളോടുകൂടിയ കൃതികൾ ഭൂമിയിൽ കൂടുതൽ കൂടുതൽ ഉണ്ടാകണം.

മനുഷ്യമനസ്സ് സങ്കീർണ്ണമാണു്. അവയ്ക്കു് ക്രമവും ചിട്ടയും ഉണ്ടാവണം. അങ്ങനെ സംഭവിച്ചാലേ ക്രമവും ചിട്ടയുമുള്ള ജീവിതം നയിയ്ക്കുവാൻ മനുഷ്യനു കഴിയൂ. മനുഷ്യജീവിതം ക്രമപ്പെടുത്തുവാനാണു് സാഹിത്യകാരൻ യഥാർത്ഥത്തിൽ ശ്രമിയ്ക്കുന്നതു്; ശ്രമിക്കേണ്ടതും. പുതിയ ഒരു ജീവിതത്തിനു് അടിത്തറ പാകേണ്ടതും എഴുത്തുകാരാണു്. പുതിയൊരു ജീവിതം—ആരോഗ്യകരമായ ഒരു ജീവിതം കരുപ്പിടിപ്പിക്കുവാൻ വേണ്ടി പ്ലാൻ തയ്യാറാക്കേണ്ടതും എഴുത്തുകാരന്റെ ചുമതലയിൽപ്പെട്ടതാണു്. അവിടെ മാനുഷികമൂല്യങ്ങൾ തത്തിക്കളിയ്ക്കണം; നന്മയുടെ ചിറകുവിരിച്ചു് പറക്കണം; നീതിയുടെ ദീപശിഖകൾ കെടാതെനിന്നു് കത്തണം.

ഒൻപതു്

# സാഹിത്യം ജീവിത്തിൻെറ പാഠപുസ്തകം

മനുഷ്യജീവിതത്തിലേക്കു് വെളിച്ചമടിക്കുവാൻ സാഹിത്യകാരനു് കഴിയും. ഈ പ്രകാശത്തിലൂടെ മനുഷ്യാത്മാവിനു് ചൂടേല്ക്കുവാനും വളരുവാനും സാധിക്കും. വ്യക്തികളുടെ ആന്തരികമായ മാററം സമൂഹത്തിൻെറ വിശ്വാസപ്രമാണങ്ങളിലും ചലനം സൃഷ്ടിക്കും. വ്യക്തികൾ ഇങ്ങനെ ഒററക്കു് നന്നാകുകയും ഉഗ്രതരമായി ചിന്തിക്കുകയും ചെയ്യുന്ന സമ്പ്രദായം നല്ലതാണു്. എന്നാൽ സാമൂഹ്യമണ്ഡലത്തിൻെറ മദ്ധ്യത്തിൽ പരിഷ്കാരത്തിൻെറയും പുരോഗതിയുടേയും കൊടുങ്കാററു് ചീറിയടിക്കുമ്പോൾ ഒരു ഭൂമികുലുക്കമാണു് ഫലം.

ഈ രണ്ടു തരത്തിലുള്ള വളർച്ചക്കും, സാഹിത്യകാരന്മാരാണു് അടിസ്ഥാന കാരണക്കാർ. ഭഗവത്ഗീതയും രാമായണവും ബൈബിളും പറുദീസാനഷ്ടവും ബാഷ്പാഞ്ജലിയും മഗ്ദലനാമറിയവും ചിന്താവിഷ്ടയായ സീതയും വ്യക്തികൾ തനിയേ വായിക്കുമ്പോൾ അവരിലൂടെ പുത്തൻ വികാരവിചാരങ്ങളുടെ അലകൾ

ഇളകിത്തുടിക്കും. റൂസ്സോയുടേയും, വോൾട്ടയറുടേയും ഗോർക്കിയുടേയും കൃതികൾ സമൂഹമദ്ധ്യത്തിൽ വച്ച് ഒരാൾ മാത്രം വായിച്ചാലും അതിൻെറ പ്രത്യാഘാതം എല്ലാവരുടേയും ഹൃദയതലത്തിൽ ഉണ്ടാകാം. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടതിനു് ആദ്യത്തേതിൻെറ ഗുണങ്ങൾ ഉണ്ട്. അതുപോലെ മറിച്ചും. എങ്കിലും തൂക്കവ്യത്യാസത്തെ മാനിച്ചാണു് ഇങ്ങനെയൊരു വിഭജനം നടത്തുവാൻ കഴിയുന്നതു്.

പൊതുവേ സമാധാനം, മനുഷ്യവർഗ്ഗത്തെ ചുംബിക്കുന്ന ഒരു കാലഘട്ടമാണെങ്കിൽ, വ്യക്തികൾ സ്വയം പൂർണ്ണരാകുവാൻ ശ്രമിച്ചാൽ മതി. സമൂഹവും അതനുസരിച്ച് മാറിക്കൊള്ളും. നമ്മുടേതുപോലെ അസ്വസ്ഥതയും ബഹളവും സമരഭീഷണിയും കൊലയും ചതിയും ഏറിനില്ക്കുന്ന ഒരു കാലഘട്ടത്തിൽ സമൂഹത്തിൻെറ മൊത്തത്തിലുള്ള ചലനത്തിലൂടെ വ്യക്തികളെ പിടിച്ചു കുലുക്കുകയാണു വേണ്ടതു്. എന്നിട്ട്, ഇളകിയാടിയ മനുഷ്യരെ നവീകരിച്ചു ഉറപ്പിക്കണം.

ഏതായാലും രണ്ടു വിഭാഗത്തിലും പെട്ട കവികൾ മനുഷ്യജീവിതത്തിനു മുഖവുര എഴുതുവാൻ തത്രപ്പെട്ടുന്നവരാണു്. വ്യക്തികൾക്കു് ആഹ്ളാദം നൽകുവാൻ എഴുത്തുകാരനു് കഴിയുമെന്നതിൽ സംശയമില്ല. അവരുടെ ജീവിതത്തെ കുറെക്കൂടി മെച്ചപ്പെടുത്തുവാൻ കഴിഞ്ഞുവെന്നിരിക്കട്ടെ. അതുകൊണ്ടു മാത്രമായില്ല. അവർക്കു് ഒന്നിച്ചു കൂടുവാൻ, സംഘടിക്കുവാൻ അവസരം ഉണ്ടോ? അവരുടെ കഴിവുകൾ ഉണ്ടാകുവാൻ സാദ്ധ്യ

തകളുണ്ടോ? വ്യക്തികളുടെ കഴിവുകളെ പ്രവത്തന ശക്തികളാക്കി മാററണമെങ്കിൽ കൂട്ടായ ശ്രമം വേണം ആശയത്തിനും ആദർശത്തിനുമല്ല, കർമ്മത്തിനാണ് ഇന്നു അമിത പ്രാധാന്യം. തന്മൂലം സാഹിത്യകാരൻ സമൂഹത്തിൻെറ കഴിവുകളെ പ്രവത്തന ശക്തികളാക്കി മാററണം.

## വികാരവും വിചാരവും

പൂർണ്ണതയിലേക്ക് അടുത്തു നില്ക്കുന്ന മനുഷ്യമനസ്സിനെയും അവൻെറ ആത്മാവിനെയും സമൂഹത്തിൻേറതായി വളത്തണമെന്നാണ് സി. ഈ. എം. ജോസ് (Guide & Modern Thought) സാമൂഹ്യ ചിന്തകന്മാരോട് നിർദ്ദേശിക്കുന്നതു്. എങ്കിലും വിക്ടോറിയൻ കാലഘട്ടത്തിലെപ്പോലുള്ള തലക്കനം വീണ സാഹിത്യകാരന്മാർ—സ്റ്റാൻഡേർട്ടുള്ളവർ ഇന്നു കുറവാണെന്ന സത്യവും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ജീവിതത്തെ ശരിക്കും പ്രതിബിംബിപ്പിക്കുവാൻ തക്ക ശക്തിയുള്ള കൃതികൾ ഇന്ന് അധികമായി കാണുന്നില്ല. ജീവിതത്തെ സമഗ്രമായി ചിത്രീകരിക്കുവാൻ ത്രാണിയുള്ള സാഹിത്യകാരന്മാർ ഇന്നു വിരളവും. മനുഷ്യ വികാസത്തിൻെറ കാതലായ പ്രേരണകളെക്കുറിച്ചു വ്യക്തമായ ചിത്രങ്ങൾ നൽകുവാൻ ഇന്നത്തെ ബുദ്ധിജീവികളെന്നു പറയുന്ന കലാകാരന്മാർക്കു കഴിയുന്നില്ല. ഈ കഴിവുകേടിൻെറ പേരിൽ സാഹിത്യകാരന്മാരെ പിടിച്ചു സാക്ഷിക്കൂട്ടിലാക്കണമെന്ന അഭിപ്രായം എനിക്കില്ല. പണ്ടത്തെ കലാകാരന്മാരിൽ പലരും വികാരാനുഭൂതി

ക്കാണ് പ്രാധാന്യം കൊടുത്തിരുന്നതു്. ഇന്നത്തെ നില അതല്ല. വികാരാനുഭൂതി പകർന്നുകൊടുക്കുന്നതോടൊപ്പം വിചാരാനുഭൂതിയും അനുവാചകനിലേക്കു നന്നായി പകർത്തുവാൻ കഴിയുന്ന പ്രതിഭാശാലികൾക്കേ ഇന്നു നിലനിൽക്കാൻ സാധിക്കുകയുള്ളു. ഇവിടമാണ് ആധുനിക സാഹിത്യകാരന്റെ വിജയത്തിന്റെ ഭൂമിക. വിചാരത്തിന്റെ മേഖലയിൽ ഇത്രയേറെ ചാല്യകളുണ്ടായിട്ടുള്ള ഒരു കാലഘട്ടം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. വെറും നിസ്സാരമെന്നു് തള്ളിയ കാര്യങ്ങളെപ്പററിയും ഇന്നു നമ്മൾ ഗവേഷണം നടത്തണമെന്ന നില വന്നിരിക്കുന്നു. അറിവിൻെറ വ്യാപ്തി പരന്നു. ആഴം വദ്ധിച്ചു. വിജ്ഞാനസാഗരത്തിന്റെ കരക്കിരുന്നു കക്കകൾ പെറുക്കിയെടുക്കുവാനേ ന്യൂട്ടനു കഴിഞ്ഞുള്ളു. അവർ എണ്ണിപ്പെറുക്കിയിട്ട കക്കകൾ ഒന്നു കോരിയളന്നിട്ടു പോകുവാൻ പോലും ഇന്നു പ്രത്യേകം പ്രത്യേകം ആൾക്കാരെ നിറുത്തണം. എന്നിട്ടു് കണക്കുകൾ നിർമ്മിക്കണം. അവസാനം കിട്ടിയവയിൽനിന്നു ധീരമായ ചില അഭ്യൂഹങ്ങൾ നടത്തുകയും വേണം.

ഒരു വിഭാഗമാളുകളുടെ ജീവിതത്തെക്കുറിച്ചു മാത്രമേ വ്യാസൻ എഴുതിയിട്ടുള്ളു. എന്നിട്ടും മഹാഭാരതം ലോകത്തിലേക്കുംവെച്ചു് ഏററവും വലിയ കൃതിയായി മാറി. വളരെക്കാലം മുമ്പാണിതെഴുതിയതും. അപ്പോൾ ആധുനിക മനുഷ്യജീവിതത്തിൻെറ സമഗ്രമായ ഒരു ചരിത്രം സാഹിത്യത്തിലൂടെ അവതരിപ്പിക്കുക സാദ്ധ്യമല്ല.

പക്ഷേ, പഴയ കാലത്തുണ്ടായിരുന്നതുപോലെ അവന്ന് ഇന്നും അമാനുഷികമായ ഒരു ശക്തിയുണ്ട് —പ്രതിഭ. ഒരു മഞ്ഞു തുള്ളിയിൽ കൂടി പ്രപഞ്ചത്തിൻെറ ചിത്രം വരച്ചെടുക്കുവാൻ അവന്ന് കഴിയും. പ്രപഞ്ചം കൂടുതൽ കൂടുതൽ സങ്കീർണ്ണമായ ഭാവങ്ങൾ കൈവരിക്കുന്നതു കൊണ്ട് വരക്കുന്ന ചിത്രങ്ങൾക്കു് അവ്യക്തതയുണ്ടായേക്കാമെന്നു മാത്രം.

തെളിമയുള്ള ചിത്രങ്ങൾ മതിയെങ്കിൽ ഒരു പ്രത്യേക വിഭാഗത്തിൻെറ ജീവിതചിത്രീകരണത്തിനു മാത്രം ശ്രമിക്കണം.

## മാററം അനിവാര്യമാണ്

സ്വാതന്ത്ര്യത്തിൻെറ പേരിൽ കൂടുതൽ ഒച്ചപ്പാടുണ്ടാകുന്ന കാലമാണിതു്. കൂടുതൽ കൂടുതൽ സ്വാതന്ത്ര്യം മനുഷ്യർ ആവശ്യപ്പെടുന്നു. പൊതുജനരക്ഷയുടെ മേൽവിലാസത്തിൽ മാർദ്ദവമുള്ള വിലങ്ങുകൾ അവൻെറ കൈകളെ ബന്ധിക്കുന്നുവെന്നു മാത്രം. മനുഷ്യനെ ആയിരമായിരം പ്രശ്നങ്ങളിട്ടു കുഴക്കുകയാണ്. നിയന്ത്രണങ്ങൾ കൂടിക്കൂടി വരുകയും ഒരു ചെറിയ വിടവു നികത്താൻവേണ്ടി കൊണ്ടുവരുന്ന വലിയ കല്ല് അവിടെ പുതിയ മറെറാരു വലിയ വിടവു കൂടി സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതുണ്ടാവാതെയിരിക്കണമെങ്കിൽ അത്യദ്ധ്വാനം ആവശ്യമാണ്. പക്ഷേ എച്ച്. ജി. വെത്സ് ചൂണ്ടിക്കാണിച്ചതുപോലെ അദ്ധ്വാനം അതിരു കവിഞ്ഞതായിപ്പോകുന്നുവെന്നു് ദരിദ്രർ മുറവിളി കൂട്ടുകയാണ്. അവരുടെ വിവരമില്ലായ്മയെ ചില രാഷ്ട്രീയ കക്ഷികൾ

നന്നായി ചൂഷണം ചെയ്യുകയും ചെയ്യുന്നു. എവിടെയെല്ലാം വിടവുകളുണ്ടോ അവിടെയെല്ലാം അടവുകളുപയോഗിച്ച് ഒരു ശക്തിക്കും അവ അടയ്ക്കുവാൻ വയ്യാത്തവിധം അതിനെ വിപുലമാക്കുകയാണു രാഷ്ട്രീയകക്ഷികളുടെ തന്ത്രംതന്നെ.

**മാനസികമായ ആത്മനിയന്ത്രണം**

ഈ ഭൂമിയിൽ ഇനി എങ്ങനെയാണ് സമാധാനം ഉണ്ടാവുക? മനുഷ്യവർഗ്ഗത്തിൻെറ ഇന്നത്തെ കാഴ്ചപ്പാടിനെക്കുറിച്ചു വെത്സ് ഖേദപൂർവ്വം രേഖപ്പെടുത്തുന്നതു നോക്കുക: 'ഒരു വർഗ്ഗമെന്ന നിലയ്ക്ക് മനുഷ്യസമുദായത്തിന് ഇന്നു ഭ്രാന്തു പിടിച്ചിരിക്കുന്നുവെന്നും മാനസികമായ ആത്മനിയന്ത്രണം വീണ്ടെടുക്കുക എന്നതിനേക്കാൾ അടിയന്തിരമായി മറെറാന്നും നമുക്കില്ലെന്നും പറയുന്നതു് ഒരു അതിശയോക്തിയാവുകയില്ല. നാം ഒരു വ്യക്തിയെ ഭ്രാന്തനെന്നു വിളിക്കുന്നതു് അയാളെ നിയന്ത്രിക്കുന്ന ആശയങ്ങൾ അയാളുടെ പരിതഃസ്ഥിതിയുമായി ഒട്ടും ഇണങ്ങാതെ വരുകയും അങ്ങിനെ തനിക്കും മററുള്ളവർക്കും അയാൾ ഒരാപത്തായിത്തീരുകയും ചെയ്യുമ്പോഴാണു്. ഇന്നു ഭ്രാന്തിൻെറ നിർവ്വചനം മനുഷ്യവർഗ്ഗത്തിനാസകലം യോജിച്ചതായി തോന്നുന്നു. മനുഷ്യൻെറ മനസ്സ് വലിച്ചുനീക്കി ഒതുക്കി വെയ്ക്കുകയോ അല്ലെങ്കിൽ സ്വയം നശിക്കുകയോ ചെയ്യുമെന്നു പറയുന്നതു് വളച്ചുകെട്ടാതെ, ഒരു പരമാർത്ഥം പറയുകയാണു്; അലങ്കാരഭാഷ ഉപയോഗിക്കുകയല്ല. ഒന്നുകിൽ നശിക്കണം അല്ലെങ്കിൽ പരിപക്വമായ ശക്തിയുടേയും യത്നത്തി

ൻെറയും ഒരു പുതിയ ദശയിലേക്ക് പ്രവേശിക്കണം. ഇതല്ലാതെ അവനൊരു മദ്ധ്യ മാർഗ്ഗമുള്ളതായി തോന്നുന്നില്ല. അവനു മുകളിലേയ്ക്കു പോകണം. അല്ലെങ്കിൽ കീഴ്പ്പോട്ടു പോകണം; ഇന്നത്തെ സ്ഥിതിയിൽതന്നെ ഇനിയും നിൽക്കാൻ സാധിക്കുകയില്ല. മാററം അനിവാര്യമാണ്. മാറുന്നതു് എങ്ങോട്ടെന്ന കാര്യത്തിലേ സംശയമുള്ളൂ. മാററം സത്യം, നന്മ, സൗന്ദര്യം ഇവയുടെ സമ്മേളന പന്തലിലേക്കു തന്നെയാവണം. പക്ഷേ, ഇവ മൂന്നും ആപേക്ഷികമാണ്. അപ്പോഠം ഓരോന്നിൻെറയും കച്ചവടക്കാർ തമ്മിൽ കൂട്ടിമുട്ടും.

ഭൂമിയിൽ ആയുധംകൊണ്ട് കള്ളക്കച്ചവടം നടത്തുന്നവൻ വിജയിക്കുകയും ചെയ്യും. ഞാൻ ആശയുടേയും സംശയത്തിൻേറയും കെട്ടിപ്പടുക്കലിൻേറയും തട്ടിപ്പൊളിക്കലിൻേറയും മദ്ധ്യത്തിലാണ് എന്ന് ഓരോ ചിന്തകനും പറഞ്ഞുപോകുന്ന അവസ്ഥയാണിന്നുള്ളതു്.

ഈ ചുററുപാടിൽ മനുഷ്യവർഗ്ഗം അജ്ഞതയെ തുരത്തണം. കിട്ടാവുന്നിടത്തോളം വിജ്ഞാനം നേടണം; അതു് ക്രിയാത്മകമാക്കി മാററണം. വിശ്വാസത്തകർച്ച ബാധിച്ച ഈ യുഗത്തിൻെറ ആത്മാവിൻെറ നോവുകളും പ്രതീക്ഷകളും പ്രതീകങ്ങളും റസ്സൽ ഇങ്ങനെ വരച്ചു കാണിക്കുന്നു: 'ബുദ്ധിപരമായ സ്വാതന്ത്ര്യത്തെ ഭീഷണിപ്പെടുത്തുന്നതിൽ 1664-നു ശേഷം ഏററവും മുന്നിട്ടു നിൽക്കുന്നതു് നമ്മുടെ ഈ ദശയാകുന്നു. എന്നാൽ ഈ ഭീഷണി ക്രൈസ്തവ മതസ്ഥാപനങ്ങളിൽ നിന്നുള്ളതല്ല; അരാജകത്വത്തിൻേറയും കലാപത്തി

ൻെറയും ഫലങ്ങളായുള്ള ആധുനിക വിപത്തുകൾകൊണ്ടു് ഭരണകൂടങ്ങളിൽ നിന്നാണു് ഈ ഭീഷണി ഏൽക്കേണ്ടി വരുന്നതു്. ബുദ്ധിപരമായ സ്വാതന്ത്ര്യം വ്യക്തി ഗതമായി, പ്രധാനമെന്നു് കരുതുന്നവർ ന്യൂനപക്ഷക്കാരാണു്. എന്നാൽ ഭാവിയെ സംബന്ധിച്ചു് നോക്കുമ്പോൾ ഏററവും പ്രധാനികൾ ഈ ന്യൂനപക്ഷത്തിലാണുള്ളതു്. മനുഷ്യചരിത്രത്തിൽ കോപ്പർനിക്കസ്, ഗലീലിയോ, ഡാർവിൻ എന്നിവർക്കുള്ള പ്രാധാന്യം എത്രയുണ്ടെന്നു നമ്മൾ കണ്ടറിഞ്ഞതാണു്. ഇവരെപ്പോലുള്ളവരെ ഭാവികാലം ഉൽപ്പാദിപ്പിക്കുകയില്ലെന്നു വിചാരിച്ചുകൂടാ. ഇത്തരക്കാരെ അവരുടെ കടമ നിർവ്വഹിക്കുന്നതിനു് അനുവദിക്കാത്തപക്ഷം മനുഷ്യവർഗ്ഗം പുരോഗമിക്കാതെ കെട്ടിക്കിടന്നുപോകും. പ്രദീപ്തമായ പുരാതനദശയെത്തുടർന്നു് അന്ധയുഗം വന്നതുപോലെ ഒരു തമോയുഗം വീണ്ടും വരുന്നതാണു്. അധികാരം കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്കു് പുതിയ സത്യം അസുഖകരമായിരിക്കും.'

ഡെമോക്രസിയുടെ മറ പിടിച്ചുകൊണ്ടു് ഏകാധിപത്യത്തിൻെറ സന്തതികൾ വളർന്നു വരികയും പെരുകയെടുക്കുകയും ചെയ്യുന്ന യുഗമാണിതു്. പ്ലേറേറായുടെ ആ വീക്ഷണഗതി തെററുവാൻ എളുപ്പമല്ലല്ലോ. ഈ സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ തകരും. വീണ്ടും കുലീന ഭരണം ഉണ്ടാകും. എങ്കിലും ഈ കാലയളവിൽ കൂടി വേണം ഇന്നത്തെ മനുഷ്യവർഗ്ഗം ഇഴയുവാൻ.

പ്രയാസങ്ങളുടെയും കലാരൂപങ്ങളുടേയും ഞെരുക്കങ്ങളുടേയും കഷ്ടാനുഭവങ്ങളുടേയും ഊടുവഴിയിലൂടെ നമ്മൾ നടന്നേ മതിയാവൂ. ഇതു് അലംഘനീയമായ നിയമമൊന്നുമല്ല. നല്ല വഴി വെട്ടിത്തുറക്കുവാൻ അധികാരിവർഗ്ഗത്തിനു കഴിഞ്ഞാൽ നമ്മൾ രക്ഷപ്പെട്ടും; ഭരണയന്ത്രം നമ്മുടെ പേരിൽ വെറുതേ തിരിച്ചാൽ പോര. നമ്മളുടെ ഹൃദയത്തുടിപ്പുകളെ മാനിച്ചുകൊണ്ടു് അവർ ജോലി ചെയ്യണം. നാടിന്റെ ഹൃദയത്തുടിപ്പു സ്വന്തം നാഡിമിടിപ്പായിട്ടു് അവർ കരുതണം. അതുണ്ടാകുക പ്രയാസമാണു്. ഇവിടെയാണു് കലാകാരൻ ഉണർന്നെഴുന്നേററു പണിയെടുക്കേണ്ടതു്.

## വെളിച്ചം

മനുഷ്യാത്മാവിനു് വെളിച്ചം നൽകുവാൻ പ്രതിഭാശാലികൾക്കു കഴിയണം. ജീവിതത്തിലെ ദുരിതാനുഭവങ്ങളുടെ കാസയിൽനിന്നു കണ്ണുനീരിന്റേയും ചോരയുടേയും വിയർപ്പിന്റേയും പോഷകാംശങ്ങൾ അടങ്ങിയ കയ്പുനീർ കുടിക്കുന്ന മനുഷ്യനെ ധീരനാക്കേണ്ടതു്, അവനെ കർമ്മനിരതനാക്കേണ്ടതു സാഹിത്യകാരന്മാരാണു്.

'ഇതാ ഈ ലോകത്തിന്റെ പാപഭാരം ചുമക്കുവാൻ വന്ന ദൈവത്തിന്റെ കുഞ്ഞാട്ടു്' എന്നു ശീമോൻ, ക്രിസ്തുദേവനെ നോക്കിപ്പറയുകയുണ്ടായി. സാഹിത്യകാരന്മാർ, ഭൗതികവാദം കൊടികുത്തി വാഴുന്ന ആധുനിക യുഗത്തിലെ രക്ഷകന്മാരായിരിക്കണം—ദൈവപുത്രന്മാരായിരിക്കണം. നല്ലൊരു പ്രവാചകൻ കൂടിയാ

യിരിക്കണം ഓരോ പ്രതിഭാശാലിയും. വേദനയുടെ മുൾപ്പടർപ്പിലൂടെ ഇഴയണം, സാഹിത്യകാരൻ. നന്മയുടെ വിജയം അവസാന നാളുകളിൽ ഉണ്ടാകുമെന്ന പരമസത്യം അവനറിഞ്ഞു പ്രവർത്തിക്കേണ്ടതാണാവശ്യം. നന്മയെ പ്രാപിക്കുവാനുള്ള നീക്കം ദ്രുതഗതിയിലായിരിക്കുകയെന്നതാവണം, സാഹിത്യകാരൻെറ ലക്ഷ്യം. കൂട്ടത്തിൽ മറെറാന്നുകൂടി വേണം—തിന്മയുടെ വാളുകൊണ്ട് എളിയവരെ വെട്ടിപ്പിടിക്കുന്നവരെ വേട്ടയാടുവാനുള്ള ശക്തി.

തത്വചിന്തയുടെ പിതാവാണല്ലോ സോക്രട്ടീസ്. അദ്ദേഹം കൃതികൾ രചിച്ചില്ല. ചില അഭിപ്രായങ്ങൾ—സ്വതന്ത്രവും ധീരവുമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവെന്നുമാത്രം. പക്ഷേ അതിൻെറ പേരിൽ ആ പണ്ഡിതൻ ദുരിതത്തിൻെറ രുചി നന്നായി അറിഞ്ഞു.

ഭരണത്തലവന്മാർ, സോക്രട്ടീസിനെ കൊന്നു. സ്വതന്ത്രചിന്തകന്മാരെ പീഡിപ്പിക്കുവാനും അതുകൊണ്ടവരെ അമർത്തുവാൻ സാധിച്ചില്ലെങ്കിൽ കൊല്ലുവാനുമുള്ള ഒരു കീഴ്‌വഴക്കം ഏതൻസ് സൃഷ്ടിച്ചു; ഇന്നും ലോകത്തെങ്ങും ആ കീഴ്‌വഴക്കം തുടരുന്നു. പഴയതിനേക്കാൾ വിപുലമായിട്ടുണ്ട്, ആ കൊലപാതക പരിപാടിയെന്നു മാത്രം. എങ്കിലും അന്നത്തെപ്പോലെ ഇന്നും ബുദ്ധിജീവികൾ സിംഹക്കുട്ടികളെപ്പോലെ അലറിനില്ക്കുന്നു. എല്ലാ വിലങ്ങുകളും പൊട്ടിച്ചെറിഞ്ഞു

കൊണ്ടു്, വ്യക്തിപരമായ എല്ലാ ലാഭത്തെയും അവഗണിച്ചുകൊണ്ടു് തീവ്രമായി മനുഷ്യചേതനയുടെ വികാസത്തിനായി ഇടതടവില്ലാതെ പണിയെടുക്കുന്ന പ്രതിഭാശാലികൾ നമുക്കുണ്ടു്. അവരിൽനിന്നാണു് ജീവിതത്തിന്റെ പാഠപുസ്തകങ്ങൾ നമുക്കു കിട്ടുന്നതു്. അവ അപൂൎണ്ണമാണു്. സാരമില്ല; അവരുടെ പിന്നാലെ വരുന്നവർ ബാക്കികാൎയ്യങ്ങൾ ചെയ്യും; കാരണം—അറിവു് വികസിക്കുകയാണു്; അനുഭവങ്ങൾ വർദ്ധിക്കുകയാണു്; ചിന്താശക്തിയേറിയേറി വരുകയും.

### സ്വാതന്ത്ര്യം

സ്വാതന്ത്ര്യതൃഷ്ണ എഴുത്തുകാരിൽ അലയടിക്കുന്നതുപോലെ മററാരിലും ഉണ്ടാവുകയില്ല. അവർ സ്വന്തം കർത്തവ്യബോധത്തിൽനിന്നു് ഒഴിഞ്ഞു മാറുകയില്ല. 'പിതാവേ! ഇവരോടു് ക്ഷമിക്കേണമേ!' എന്നു ഓരോ അന്തസ്സുള്ള സാഹിത്യകാരനും ഭരണാധികാരിവൎഗ്ഗത്തെ ചൂണ്ടി വിലപിക്കുന്നു. കുരിശിൽ മരിച്ച ഒരു കലാകാരനേയും കാലത്തിനു മറക്കുവാൻ സാധ്യമാവുകയില്ല. അവരുടെ ആരോഗ്യകരമായ ആശയങ്ങൾക്കു മരണമില്ലെന്നതു ഉറപ്പു്. അവർ വിതച്ച കാററു് കൊടുങ്കാററായിത്തന്നെ രൂപം കൊള്ളും; അതു ലോകമാസകലം ചുററിയടിക്കും. സത്യം അസത്യത്തെ എന്നെങ്കിലും ജയിച്ചടക്കുമെന്നതു തീർച്ച. താല്ക്കാലികമായി വിജയം നുണയന്മാരുടേയും കവൎച്ചക്കാരുടേയുമാണു്. ഹിററ്ലറിന്റെയും സ്റ്റാലിന്റെയും വിജയം ചരിത്രത്തിന്റെ താളുകളിൽ കറുത്ത മഷികൊണ്ടു രേഖപ്പെടുത്തിയി

ട്ടുള്ളൂ. സ്റ്റാലിൻെറ കാര്യത്തിലാണെങ്കിൽ, അദ്ദേഹത്തിൻെറ പിൻഗാമികൾ പരേതൻെറ ശവകുടീരംകൂടി ഇളക്കിപ്പറിച്ചു കളഞ്ഞു. ക്രൂഷേവ് സ്റ്റാലിൻെറ പ്രേതത്തിൻെറ തലയിൽ പന്തം കുത്തി നാട്ടി. ആ പ്രേതമാകട്ടെ തെരുവിലൂടെ അലഞ്ഞു നടക്കുകയും തളർന്നു വീഴുകയും ചെയ്തു.

മനുഷ്യൻെറ സ്വാതന്ത്ര്യത്തിനും സുഖത്തിനുമുള്ള എല്ലാവിധ മാർഗ്ഗങ്ങളും സാഹിത്യകാരൻ തുറന്നു വച്ചുകൊടുക്കണം. തൻെറ പറുദീസയിലേക്കു സാമാന്യജനതയെ കൂട്ടിക്കൊണ്ടുപോകുവാൻ സാഹിത്യകാരൻ കടപ്പെട്ടവനാണു്. ജനതയുടെ വൈകാരികമണ്ഡലത്തിൽ ബലപ്രയോഗം നടത്തി, അവിടെ വിചാരത്തിൻെറ മരുന്നു ഒഴിച്ചുകൊടുത്തു്, അവരെ കുറേക്കൂടി യാഥാർത്ഥ്യങ്ങളോടു് ബന്ധപ്പെടുത്തി ജീവിച്ചുപോകുവാനുതകുന്ന കാര്യങ്ങൾ എഴുത്തുകാരൻ അവർക്കു പറഞ്ഞുകൊടുക്കേണ്ടതാവശ്യമാണു്. തന്നിഷ്ടംപോലെ ജനസാമാന്യത്തെ ഇട്ടു് പന്താടുന്ന ഭരണാധികാരി വർഗ്ഗത്തിൻെറ നട്ടെല്ലൊടിക്കുവാനുള്ള ഉപാധികൾ അവർക്ക് നൽകുന്ന കാര്യത്തിൽ കലാകാരൻ അമാന്തം വിചാരിക്കരുതു്. സൃഷ്ടിപരമായ പ്രവർത്തനത്തിനു് വാസനയുള്ള മനുഷ്യരെ ആവേശം കൊള്ളിച്ചശേഷം, എല്ലാമായിയെന്നുകരുതി സ്വതന്ത്രചിന്തകന്മാർ പിന്തിരിയരുതു്. സൃഷ്ടികർമ്മത്തിലൂടെ അവരെ വളർത്തണം. പ്രവൃത്തിയിലൂടെ അവർക്ക് മാനസികവികാസവും ഉണ്ടാകണം. ദുർബ്ബലന്മാരെ അണിനിരത്തി പണിയെടുപ്പി

ക്കണം. വേല ചെയ്യുന്നതിൽ അവക്കാഹ്ലാദം തോന്നു വാനിടകൊടുക്കേണ്ടതാണാവശ്യം. അതിനുതകിയ അ റിവും പ്രദാനം ചെയ്യണമെന്ന കാര്യം എടുത്തു പറയേ ണ്ടതില്ലല്ലോ. ഇങ്ങനെ ചെയ്താൽ ഭൂമിയിലെ അന്ധ കാരം കുറെ മാറിക്കിട്ടുമെന്നതു തീച്ച്.

**നേതൃത്വം**

മനുഷ്യവർഗ്ഗത്തിൻെറ പൊതു നന്മയ്ക്കുവേണ്ടി പണിയെടുക്കുന്ന തത്വചിന്തകന്മാരായ സാഹിത്യകാര ന്മാർ ഭൂമിയിലെ നേതൃത്വം ഏറെറടുക്കണം. അവർ ഒരു ശക്തിദുർഗ്ഗമായിത്തീരേണ്ടതുണ്ട്. സാമാന്യജന തയിൽ ഉറങ്ങിക്കിടക്കുന്ന ശക്തിയെ തങ്ങളുടേതിൽ ലയിപ്പിച്ച് ഉണത്തണം. അപ്പോൾ എല്ലാവരുടേതു മായ ഉയർത്തെഴുന്നേൽപ് ഉണ്ടാകും. മനുഷ്യവർഗ്ഗ ത്തിൻെറ പുതിയ പുനരുദ്ധാരണം ഇങ്ങനെയേ കഴിയൂ. ഇതിനു് ഉതകത്തക്കവിധത്തിലുള്ള കലാസൃഷ്ടികൾ സാഹിത്യകാരൻ നിമ്മിച്ചേ മതിയാവൂ.

അസ്വസ്ഥരായ മനുഷ്യവഗ്ഗത്തിനു് സൃഷ്ടിപര മായ ഊജ്ജസ്വലത നല്കിയാലേ ഭൂമിയിൽ ഒരു പറു ദീസ നിമ്മിക്കുവാൻ സാദ്ധ്യമാവുകയുള്ളു.

മടിയിൽ അണുബോംബും ചുണ്ടിൽ സമാധാന ത്തിൻെറ ചൂളംവിളിയുമായി വളന്നു വരുന്ന പട്ടാളരാഷ്ട്ര ങ്ങളുടെ തലവന്മാർ നാശകാരികളാണെന്നു ഹിരോഷി മയും നാഗസാക്കിയും കണ്ട നമുക്കു് ശരിക്കറിയാവുന്ന താണ്. ഇനിയും ആറ്റംബോംബിൻെറ പ്രയോഗം

കാണണമെന്നു നമ്മൾ വാശിപിടിക്കണമോ? എന്തായാലും ഈ മാരകായുധത്തിൻെറ ദൂഷിച്ച ഫലം ശരിക്കും അറിയാവുന്ന ക്രാന്തദശികൾ ഇവയുടെ ഭയങ്കരതകളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം. നമ്മുടെ തലമുറയിലെ എഴുത്തുകാരൻെറ ഏററവും വലിയ ചുമതലയും ഇതുതന്നെ.

വ്യക്തികൾക്കു ആത്മരക്ഷക്കായി സ്വയം പോരാടുവാൻ വയ്യാത്ത വിധത്തിൽ നാരകീയശക്തികൾ മാരകായുധങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. ഈ വസ്തുത സാഹിത്യകാരൻ നന്നായി അറിഞ്ഞിരുന്നേ മതിയാവൂ.

**'നഗ്നദൈവം'**

തന്നിലെ കുറവുകളുടെ മേൽ അവസാനവിജയം നേടുവാൻ കഴിഞ്ഞ ഓരോ സാഹിത്യകാരനും ഈ ദുരിതത്തിൻെറ ചിത്രം മനസ്സിൻെറ ഭിത്തിയിൽ വരച്ചിട്ടുണ്ട്. സ്റ്റീഫൻ സ്പെൻഡറും, ആന്ദ്രേജീദും, മെററീരിയലിസത്തിൻെറ ആൽത്തറയിൽ ഇരുന്നു ഒരു കാലത്ത് ഉഷാറായി വേല ചെയ്തവരാണ്. മാർക്സിൻെറ വിഗ്രഹം മോസ്കായിൽ വെച്ചിരിക്കുന്നതു് കാണുവാൻ അവർ പോവുകയും ചെയ്തു. കരഞ്ഞുകൊണ്ടാണവർ തിരിച്ചു വന്നതു്. തങ്ങൾക്കു തെററിപ്പോയി എന്നവർ പത്രോസിനെപ്പോലെ വിലപിച്ചു. അങ്ങനെ രക്ഷപെട്ടു, ഹാർവാർഡ്ഫാസ്റ്റ് മാർക്സിൻെറ ചുററും മാർക്സിൻെറ തന്നെ അനുയായികൾ വരച്ചു വച്ചിരിക്കുന്ന കറുത്ത കള്ളക്കളങ്ങൾ കണ്ടപ്പോൾ ഞെട്ടിത്തിരിഞ്ഞു. ആ നഗ്നദൈവത്തിൻെറ മുഖത്തേക്കു് കാർക്കിച്ചു് അ

ദ്ദേഹം തുപ്പിപ്പോയി. ബോധപൂർവ്വം ആ കള്ള ദൈവത്തിൻെറ മുഖത്തു് ഒരു ചവിട്ടും വെച്ചുകൊടുത്തു.

കമ്മ്യൂണിസ്റ്റുകാരല്ലാത്ത ബുദ്ധിജീവികളെ ഉഗ്രമായി എതിർത്ത ഉഗ്രനായ ചിന്തകനായിരുന്നു ഫാസ്റ്റ്. ഇന്നദ്ദേഹം തൻെറ എതിരാളികളുടെ ചേരിയിലേക്കു മാറുകയാണുണ്ടായതു്. കൂട്ടമാറിയ ആ ബുദ്ധിജീവി, തൻെറ പഴയ കാലത്തെ കൂട്ടുകാരെ ഇന്നു അതിശക്തിയായി വെല്ലുവിളിക്കുന്നു.

ഓരോ കാലഘട്ടത്തിലും അദ്ദേഹം അതതു ചിന്താപദ്ധതിയെ ഊന്നിക്കൊണ്ടു് അസ്സൽ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. പാർട്ടിയെ തള്ളിപ്പറഞ്ഞശേഷം ഫാസ്റ്റ് എഴുതിയ ഏററവും നല്ല ഗ്രന്ഥം 'നഗ്നദൈവം' ആണു്. ആ പുസ്തകം ആധുനിക പട്ടാളരാഷ്ട്രങ്ങളുടെ മുകളിൽ വീണ ആററംബോംബാണു്.

രാഷ്ട്രീയബോധമുള്ള മൃഗമാണല്ലോ അരിസ്റ്റോട്ടലിൻെറ അഭിപ്രായത്തിൽ മനുഷ്യൻ. അവനു ചവച്ചു തിന്നുവാനും അയവിറക്കുവാനുമുള്ള ഒന്നാണു് ഈ കൃതി. ഇത്തരം ഗ്രന്ഥങ്ങൾ, സ്വാതന്ത്ര്യത്തിൻെറ പറുദീസായിലേക്കു വെമ്പിക്കുതിക്കുവാൻ കൊതിക്കുന്ന മനുഷ്യൻെറ പാഠപുസ്തകങ്ങളാണു്. ജീവിതത്തിലെ യഥാർത്ഥമായ ആനന്ദത്തെ ആശിക്കാതെ, നമുക്കു് കഷ്ടത അനുഭവിക്കാം; നാമെല്ലാം നരകത്തിലാണു് എന്ന സ്ട്രിൻഡ്ബർഗ്ഗിൻെറ അഭിപ്രായം ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ ഓരോ സാഹിത്യകാരനും പറഞ്ഞേ ഒക്കൂ. അതിനുശേഷമേ അവൻെറ മനസ്സിനു് പാകത ഉണ്ടാകൂ.

KOTTAYAM PUBLIC LIBRARY KOTTAYAM

വേദനയുടെ തീച്ചൂളയിൽ മനസ്സ് നീററിയെടുക്കണം. ആ മനസ്സിൻെറ ഉഗ്രമായ പിടച്ചിൽ കലാസൃഷ്ടികളിൽ അലയടിക്കും. അവിടെ സത്യത്തിൻെറ അംശങ്ങളെ കാണാം. നന്മയുടെ കാതൽ അവതരിപ്പിക്കുവാൻ അപ്പോഴും കലാകാരനു കഴിയും. സാക്ഷാൽ സൗന്ദര്യമെന്താണെന്നു് അവനു് ബോദ്ധ്യപ്പെടുകയും ചെയ്യും. പതം വന്ന മനസ്സിൽ നിന്നേ, പാകത വന്ന ആശയങ്ങളും പാകം വന്ന ആദർശങ്ങളും ആരോഗ്യമുള്ള വികാരങ്ങളും മുളച്ചുപൊന്തൂ.

സഹൃദയൻ, വായനയിലൂടെ തന്നെത്തന്നെ മറക്കും. സ്വന്തം വ്യക്തിത്വത്തിൽ മുഴച്ചുനില്ക്കുന്ന ഭാഗത്തെ ചീന്തിക്കളയും. മഹത്തായ കൃതികളുടെ ചുണ്ടിൽ നിന്നു മധു നുകരും. ലഹരിപിടിക്കും, ഒപ്പം ചിന്താശക്തിയുടെ മേഖലയിൽ കോളിളക്കം ഉണ്ടാകും. മനസ്സിൽ ഒരു അഴിച്ചു പണി നടക്കും. പുതുക്കിപ്പണിക്കു മുമ്പ് വികാരമാകുന്ന കുമ്മായവും വിചാരമാകുന്ന മണലും ഒന്നിച്ചു, ചാലിച്ചു, ഇടിച്ചു, പശിമയുള്ളതാക്കിത്തീർക്കും, പുസ്തകമാകുന്ന ഉപകരണം. ഇങ്ങനെ, എങ്ങനെ വേണമെങ്കിലും ആകൃതി കൊടുക്കാവുന്ന പരുവത്തിലാകും അവന്റെ മനസ്സ്. ബുദ്ധിയുള്ള കലാകാരൻ തൻേറതായ തത്വശാസ്ത്രത്തിൻെറ മണിമാളിക അവൻെറ സഹൃദയൻെറ മനസ്സിൽ നിർമ്മിച്ചു പതുക്കെ, അവനറിയാതെ ഇറങ്ങിപ്പോകും.

**വെൽസ്**

ഈ കഴിവിനെക്കുറിച്ച് ബോധവാനായിരിക്കണം സാഹിത്യകാരൻ. പുതിയ വ്യവസ്ഥിതിയിലേക്ക് ന

മ്മർ കുതിക്കൊള്ളുകയാണു്. അവിടുത്തെ ജീവിതരീതിയെന്താണെന്നു് സാഹിത്യകാരൻ മുൻകൂട്ടി കാണണം. അങ്ങനെ പുതിയ ജീവിത സിദ്ധാന്തങ്ങൾ ആവിഷ്കരിക്കണം. ബാലൻസ് തെററിക്കിടക്കുന്ന 'ഇന്നി'നേയും ക്രമവും താളവും ഉള്ള നാളെയേയും സാഹിത്യകാരൻ അവതരിപ്പിക്കണം. വെത്സ് ചില നിർദ്ദേശങ്ങൾ വെക്കുന്നു. അതോടൊപ്പം അപകടകരമായ ആധുനിക ലോകത്തിൻെറ ചില വശങ്ങളുടെ നേർത്ത ചില ചിത്രങ്ങൾ പോറിച്ചിടുകയും ചെയ്യുന്നു. 'ഇന്നത്തെ മനുഷ്യസമുദായത്തിലെ അംഗങ്ങളിൽ ഭൂരിപക്ഷവും അവശരും അശക്തരും മട്ടിതരുമായി കാണപ്പെടുന്നതിൻെറ പ്രധാനകാരണങ്ങളിലൊന്നു് അവർക്കു വളരുവാനും പ്രവർത്തിക്കുവാനും, ചിന്തിക്കുവാനും ഉള്ള സൗകര്യങ്ങളും സാഹചര്യങ്ങളും ലഭിക്കുന്നില്ല എന്നതാണു്. പുതിയ സാമൂഹ്യവ്യവസ്ഥിതിയിൽ ഇത്തരം അവശതകൾ പൊതുവേ പരിഹരിക്കപ്പെടും. വിഡ്ഢികൾ, ആഭാസന്മാർ, ഒന്നിനും കൊള്ളരുതാത്തവർ, അപകൃഷ്ടന്മാർ എന്നൊക്കെ വിളിക്കപ്പെടുന്നവരിലധികവും ജീവിക്കാനുള്ള അനുകൂലമായ ചുററുപാടുകൾ നിഷേധിക്കപ്പെട്ടിട്ടുള്ളവരാകുന്നു. മനസ്സിനും ശരീരത്തിനും നല്ല പരിപോഷണം ലഭിക്കുന്ന പുതിയ വ്യവസ്ഥിതിയുടെ ലോകത്തു് ജയിലുകളുടെ ആവശ്യമില്ല. അവ ഇന്നത്തെ വിദ്യാഭ്യാസ പദ്ധതികളെ അധിക്ഷേപിക്കുന്നവയാണു്. നവീനലോകത്തു ജീവിക്കുന്ന സാധാരണക്കാർപോലും ഭീതിയിൽനിന്നു സ്വതന്ത്രരായിരിക്കും. അവർ പ്രകൃത്യാലുള്ള അഭിനിവേശത്താൽ പഠിക്കുവാൻ ഇച്ഛിക്കുന്നു. ഭക്ഷണം കഴി

ക്കാനുള്ള വാസനയും ആർത്തിയും അവർ പഠനത്തിലും പ്രകടിപ്പിക്കുന്നു. ജീവിതത്തിൻെറ പൂർണ്ണമായ ഗതി പ്രവൃത്തിയിൽനിന്നു പ്രശാന്തവും വ്യക്തിഗതമല്ലാത്തതും ആയ വിചിന്തനത്തിലേക്കാകുന്നു. ശരീരവും വ്യക്തിത്വവും പഴകി പരിത്യക്തമായ ഒരു സാധനംപോലെ നാമാവശേഷമാകും. ഇതു സ്വപ്നസാമ്രാജ്യത്തിലെ ഒരു ദർശനമല്ല. ഇക്കാലത്തിൻെറ അനിയന്ത്രിതമായ ഗർജ്ജനങ്ങളും കുത്തിക്കൊല്ലുന്ന ആവശ്യങ്ങളും ആപത്തുകളും അവയുടെ മൗലികമായ അപ്രധാനതയുടെ നേർക്കു നമ്മെ അന്ധരാക്കരുതു്, ഇവയെല്ലാം മനുഷ്യൻെറ വിമോചനം അനുഭവിക്കുന്ന പ്രസവ വേദനകളാകുന്നു. ദുഃഖവും നെടുവീർപ്പും ഒരു രാത്രിയിൽ സഹിക്കണം. നേരം പുലരുമ്പോൾ ആനന്ദം അനുഭവിച്ചേക്കാം. നക്ഷത്രങ്ങൾ അവയുടെ ഗതിയിൽ നവീന മനുഷ്യവർഗ്ഗത്തിനുവേണ്ടി സമരം ചെയ്യുന്നു. ഈ ആപത്തുകളുടെ അപ്രശാന്തമായ ഉപരിതലത്തുകൂടി മനുഷ്യ ചരിത്രത്തിൻെറ യാഥാർത്ഥ്യം ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ കലാപങ്ങൾ നമ്മുടെ വ്യക്തിപരമായ മനസ്സുകളെയും സമയത്തെയും വ്യക്തിപരമായ പ്രവൃത്തിയേയും വ്യക്തിപരമായ ജീവിതത്തെയും ആക്രമിച്ചേക്കാം. വധിക്കുവാനും വധിക്കപ്പെടുവാനുമുള്ള സന്നദ്ധതയെ നമുക്കു് അംഗീകരിക്കേണ്ടിവരും! ഇത്തരം പ്രതിഭാസങ്ങൾ ജീവിതത്തിൻെറ മുഖത്തുനിന്നു ചുററി പുറത്തു ചാടുമ്പോൾ ഏതു വിശ്വാസ പ്രമാണം കൊണ്ടു് നമുക്കു അവയെ അതിജീവിക്കുവാൻ കഴിയും.

ലോകത്തിൻെറ എല്ലാ മൂക്കിൽനിന്നും ഭീഷണിയുടെ ശബ്ദം സ്വതന്ത്രലോകത്തിൻെറ നേരെ നോക്കി ഉയരുകയാണ്. സ്വതന്ത്ര ചിന്തകന്മാരുടെ നേരെ ഏകാധിപത്യത്തിൻെറ ചെന്നായ്ക്കൾ ചീഞ്ഞ മുട്ടകൾവെച്ച് എറിയുകയാണ്. എങ്കിലും അവർ തങ്ങളുടെ കൈയിലെ വിറക്കാത്ത ദീപശിഖ-സംസ്കാരത്തിൻെറ, അറിവിൻെറ കൈത്തിരി, പുറകെ വരുന്ന യുവത്തിടമ്പുകളുടെ കയ്യുകളിൽ ഏൽപ്പിച്ചിട്ടേ മരിയ്ക്കൂ. അവ തലമുറ തലമുറയായി നിലനില്ക്കുകയും ചെയ്യും.

ആധുനിക ജീവിതത്തിൻെറ ക്രോസ് സെക്ഷൻ (കുറുക്കുമുറി) എടുത്താൽ എന്തെല്ലാം കാണുന്നുവോ, ആ അസംസ്കൃത സാധനങ്ങളെ ക്രമത്തിലടുക്കി ജീവിപ്പിക്കുവാൻ കഴിഞ്ഞാൽ ആധുനിക സാഹിത്യകാരന് തന്റെ നിർമ്മാണ പ്രവർത്തനത്തിൻെറ പേരിൽ അഭിമാനത്തിനു വകയുണ്ട്. അവർക്കതിൽ ഊററം കൊള്ളാം, ആവേശംകൊള്ളാം. ചരിത്രം ഇന്ന് പുരോഗതിക്കുവേണ്ടി കുഴലൂതുകയാണ്. അതു സാഹിത്യകാരൻ കേൾക്കണം. നാളെയുടെ നാദം ഇന്നുതന്നെ തൻെറ കൃതിയിലൂടെ അവർ ആവിഷ്കരിക്കണം. അങ്ങനെ ജീവിതത്തിൻെറ പാഠപുസ്തകങ്ങൾ പോലുള്ള കൃതികൾ നിർമ്മിച്ച് ജനതയ്ക്കു കൊടുക്കണം.

സ്വാതന്ത്ര്യത്തിൻെറയും സുഖത്തിൻെറയും അറിവിൻെറയും ദീപനാളങ്ങൾ അത്തരം കൃതികളിൽനിന്നു ഉണ്ടാവട്ടെ.

## പത്തു്

# തൂലിക ജീവരക്തത്തിൽ മുക്കുക

ഒരു നവീന മനുഷ്യസംസ്കാരത്തിൻെറ മാനിഫെസ്റ്റോ അവതരിപ്പിക്കുവാൻ കലാകാരൻ കടപ്പെട്ടവനാണു്. യഥാത്ഥമായ മനുഷ്യപുരോഗതിയുടെ പാതയിൽ പ്രകാശം ചൊരിയുവാൻ 'ജീനിയസി'നേ കഴിയൂ. ദർശനം സിദ്ധിച്ച കലാകാരന്മാർക്കു നവലോകത്തിൻെറ ഉദയത്തിനു വേണ്ടി പരിശ്രമിക്കുവാൻ കഴിവുണ്ടു്. സിദ്ധന്മാരേയും തത്വചിന്തകന്മാരേയും സാംസ്കാരികമായി വളർച്ച പ്രാപിച്ച ഒരു സമുദായത്തിനോ ഒരു തലമുറയ്ക്കോ പ്രസവിക്കുവാൻ കഴിയും. ഗ്രീക്കു സംസ്കാരം അത്യുജ്വലമായിരുന്നപ്പോഗം അവിടെ നിന്നു് അരിസ്റ്റോട്ടൽ ഉദയംചെയ്തു. അത്ഭുതമൊന്നും അവിടെ നടന്നില്ല. ഒരു രാധാകൃഷ്ണനേയും ഒരു മാർക്സിനേയും ഒരു തോമസ് അക്വീനോസിനേയും തനിക്കു വളത്തിയെടുക്കാം. പക്ഷേ ഷേക്സ്പീയറേയും ഷെല്ലിയേയും ചങ്ങമ്പുഴയേയും ഒരു രാഷ്ട്രത്തിനും ഒരു സംസ്കാരത്തിനും വളർത്തിയെടുക്കുവാൻ സാധ്യമല്ല; അവർ ജനിക്കണം.

### എതിർപ്പു്

പരിത:സ്ഥിതി അനുകൂലമാണെങ്കിലും അല്ലെങ്കിലും എതിർപ്പിലൂടെയാണെങ്കിലും മമതയിലൂടെയാ

ണെങ്കിലും പ്രതിഭാശാലികൾ വളരുകതന്നെ ചെയ്യും. ഗംഭീരമായ ചിന്തകൾ ഹൃത്തടത്തിൽ നിന്നു് അലയടിച്ചുയരുമ്പോൾ—ഹൃദയം ആവിഷ്ക്കരണത്തിലൂടെയേ തൃപ്തിപ്പെടുവെന്നു ശാഠ്യംപിടിക്കുമ്പോൾ—കരകവിഞ്ഞ അണയുടെ മുകളിൽ കൂടി വെള്ളം കുതിച്ചു ചാടുക തന്നെ ചെയ്യും. വെള്ളത്തെ തടുത്തു നിറുത്തുവാൻ കരുത്തില്ലെന്നു ബോധ്യംവരുമ്പോൾ അണ തുറന്നുവിടും, ബുദ്ധിയുള്ള പ്രവർത്തകർ. അതുപോലെയാണു് കലാകാരനും. ആത്മാവിന്റെ നൊമ്പരങ്ങൾ അവസാനിക്കണമെങ്കിൽ പാടിയേ മതിയാവൂ എന്നു് വിശ്വസിച്ച കവികൾ ഉണ്ടു്. 'പാവങ്ങൾ' എഴുതാതെ ഒഴിഞ്ഞുമാറാൻ യൂഗോയ്ക്കു കഴിയുമായിരുന്നില്ല. 'മാഡം ബൊവാറി'യുടെ വികാരം നിറഞ്ഞു തുളുമ്പുന്ന ഹൃദയത്തിന്റെ വൈരുദ്ധ്യപൂർണ്ണമായ ചലനങ്ങൾ വ്യക്തമാക്കാതിരുന്നാൽ താൻ മരിച്ചുപോയേക്കുക തന്നെ ചെയ്യുമെന്ന ഭീതി ഫ്ളാബർട്ടിനു് ഉണ്ടായിരുന്നു. കീററ്സിനും ചങ്ങമ്പുഴയ്ക്കും ബ്രൗണിങ്ങിനും കവിത കടഞ്ഞെടുക്കാതെ ഒരു നിമിഷംകൂടി കഴിയുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ ആത്മാവു മുറവിളി കൂട്ടുമ്പോഴാണു് അവർ എഴുതിയതു്. മുക്കിമൂളി കവിത പുറത്തു ചാടിക്കുവാൻ ശ്രമിച്ചില്ല. ബോധപൂർവ്വം എഴുതിയുമില്ല. ബുദ്ധിയുടെ ഗംഭീരമായ പ്രയോഗത്തിന്റെ ആവശ്യം ഉണ്ടായില്ല. പാണ്ഡിത്യത്തിന്റെ തണലിൽ ഇരുന്നുകൊണ്ടു കവിതയുടെ കാലിൽ പൂവിട്ടു പൂജിക്കുവാൻ ശ്രമിച്ചിട്ടുമില്ല. തൂലിക സ്വന്താം ജീവരക്തത്തിൽ മുക്കി എഴുതാത്ത

ഒററ കലാകാരനും വിജയിച്ചിട്ടില്ല. 'ഭക്തിദീപിക' ഉള്ളൂർ നിർമ്മിച്ചു. ആ ഗ്രന്ഥത്തിൽ കവിതയില്ല. അതിലെ കാര്യങ്ങൾ ഗദ്യത്തിൽ പറഞ്ഞാൽ അതിലും ഭംഗിയാകുമായിരുന്നു.

## ജീവിതത്തിൻെറ പ്രദർശനശാല

കലാകാരനും എഴുത്തുകാരനും തമ്മിൽ കൂട്ടിമുട്ടി രണ്ടു വഴിക്കു പോകുന്ന ഒരു സ്ഥലം ഉണ്ടു്. യുഗങ്ങൾക്കു മുമ്പുതന്നെ അതു സംഭവിച്ചതാണ്. വികാരാനുഭൂതി കലാകാരനെ ഭരിക്കുന്നു. വിചാരത്തിൻെറ നുറുങ്ങുകൾ അവനു കിട്ടിയാൽ കൽക്കണ്ടംപോലെ മാത്രം ഉപയോഗിക്കും. മറിച്ചു് എഴുത്തുകാർ ചിന്തകന്മാരായിരിക്കും. അവരെയാണ് ബുദ്ധിജീവികളെന്നു വിളിക്കുക. സാധാരണഗതിയിൽ അവർ തത്വചിന്തകന്മാരുടെ ഇടയിലായിരിക്കും നിലയുറപ്പിക്കുക. വിചാരത്തിൻെറ കലവറകളിലാണവർ താമസിക്കുക. കലാകാരൻ സ്വന്തം ആത്മാവിലേക്കു പലപ്പോഴും തല തിരിച്ചുവച്ചു സംസാരിക്കാറുണ്ടു്. അവൻ തന്നിൽനിന്നാരംഭിച്ചു തന്നിൽത്തന്നെ അവസാനിപ്പിക്കുന്ന വികാരങ്ങളെക്കുറിച്ചേ ചിന്തിക്കൂ. തന്മൂലം ആത്മനിഷ്ഠമായ കൃതികളുടെ ഉടമകളുമായി അവർ.

മറിച്ചു മററവർ വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണുകയും പഠിക്കുകയും യുക്തിപൂർവ്വം ചിന്തിക്കുകയും ഗവേഷണങ്ങൾ നടത്തുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയുമാണു ചെയ്യുന്നതു്.

രണ്ടു ശക്തികൾ

മനുഷ്യരെ ഇളക്കുവാൻ കലാകാരനുകഴിയും. ഏതിലെയാണു ജനതയെ നയിക്കേണ്ടതെന്ന കാര്യം അറിയാവുന്നവർ എഴുത്തുകാരുമാണു്. ഈ രണ്ടു ശക്തിയും ഉള്ളവരാണു് ഒന്നാന്തരം പ്രതിഭാശാലികൾ. ഷേക്സ്പീയറും കാളിദാസനും ഗോയ്ഥേയും വസ്തുനിഷ്ഠമായി ജീവിതത്തെ വീക്ഷിച്ചവരാണു്. അതേസമയം അവർ ഒന്നാന്തരം കലാകാരന്മാരുമായിരുന്നു; ഒപ്പം ഉജ്ജ്വലന്മാരായ ചിന്തകന്മാരും. തന്മൂലം അവർ ഒന്നാംകിട എഴുത്തുകാരുമായി.

ഇത്തരം സമനില തെററാത്ത മനസ്സുള്ളവർക്കേ മനുഷ്യ വർഗ്ഗത്തിൻെറ വളർച്ചയ്ക്കു് അനുകൂലമായ സംഭാവന ചെയ്യുവാൻ കഴിയൂ. ജീവിതത്തെ മാററിമറിക്കുവാനും ജനതയെ നവീകരിക്കുവാനും ഇത്തരം സാഹിത്യകാരന്മാർക്കേ സാധിക്കൂ. മനുഷ്യഹൃദയത്തിൻെറ അടിത്തട്ടിൽ ഗംഭീമായ സമരം നടന്നുകൊണ്ടിരിക്കുകയാണു്. നന്മയും തിന്മയും തമ്മിലുള്ള ആ യുദ്ധത്തിൻെറ പടം വരയ്ക്കുവാൻ സാഹിത്യകാരൻ ശ്രമിക്കണം. തിന്മ കളകളെപ്പോലെയാണു്; നന്മയുടെ വിത്തുകളുടെ വളർച്ചയെ മുരടിപ്പിക്കും അവ. അങ്ങിനെ പോയാൽ തിന്മ നന്മയെ അപകടത്തിലാക്കും. ഈ നിലയ്ക്കു് അറുതി വരുത്തുവാൻ ബാധ്യസ്ഥനാണു സാഹിത്യകാരൻ.

ജീവിതത്തിൻെറ ഒരു പ്രദർശനശാലയായിരിക്കണം അവരുടെ കൃതികൾ. ഒരു ഒന്നാംകിട വായനശാല,

ഇന്നലെ—ഇന്നു—നാളെ ഇവയുടെ ഒരു കാഴ്ചബംഗ്ലാവായിരിക്കണം.

സാമൂഹ്യജീവിതത്തിൽ അന്ധകാരവും വെളിച്ചവും തമ്മിൽ സന്ധിയില്ലാസമരം നടക്കും. സംഘട്ടനമുണ്ടെങ്കിലേ പുരോഗതിയുണ്ടാകൂ. അതൃപ്തിയിൽ നിന്നേ പുത്തൻ ആശയങ്ങൾ, ആദർശങ്ങൾ ഉത്ഭവിക്കുകയുള്ളൂ

ദിനം തോറും ജീവിത വിഷമതകൾ പെരുകിവരുന്ന ഇക്കാലത്തു ജനങ്ങളുടെ ജീവിതത്തിന്റെ അത്യഗാധതയിലേക്കു സാഹിത്യകാരൻ എത്തിനോക്കി പരിഹാരമാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കണം. അവർ പ്രതീക്ഷ നൽകണം. കുഴപ്പങ്ങളുടെ മൂലവേരുകൾ തന്നെ പിഴുതെറിയണം. അതിന് അറിവുണ്ടായിരിക്കണം; അനുഭവമുണ്ടായിരിക്കണം; പണിയെടുക്കുവാൻ തയ്യാറുള്ള ഒരു മനസ്സുണ്ടായിരിക്കണം. ഭീരുവായിരിക്കരുത്. ആശ കൈവിടരുത്. എതിർപ്പിലൂടെ വളരുവാൻ കൊതിക്കണം.

## മനസ്സിന്റെ സമനില തെററരുത്

എല്ലാ ശക്തികളും നമുക്കെതിരാണെന്നും ഒരു മിനിട്ടുപോലും മുന്നോട്ടു പോകുവാൻ നമുക്കു കഴിവില്ലെന്നും തോന്നിക്കുന്ന വികാരങ്ങളെ കൊള്ളിക്കുന്ന നിമിഷങ്ങളെ അഭിമുഖീകരിക്കണം. അത്തരം ആവി പറക്കുന്ന രംഗത്തുനിന്നുകൊണ്ടു് ശാന്തമായി ചിന്തിക്കണം. ഹൃദയം ഒരു പടക്കളംപോലെയായി മാറിയാലും മനസ്സിന്റെ സമനില തെററരുതു്. ബലിഷ്ഠതരങ്ങളായിരിക്കണം. അവ നടപ്പാക്കാനുള്ള തണ്ടും ധിക്കാരവും

ഉണ്ടായിരുന്നോ മതിയാവൂ. ഒരു സ്റ്റീം റോളർ എഞ്ചിൻ പോലെ, തകർക്കേണ്ട എല്ലാററിൻേറയും നെഞ്ചിൽക്കൂടി പായണം; ഒരിക്കലും നട്ടങ്ങരുതു്.

തൻേറതായ വിശ്വാസപ്രമാണങ്ങളെ മാററിവെക്കുക, പൊതുജനനന്മയെ കേന്ദ്രമാക്കി ചിന്തിക്കുക, കിട്ടുന്ന നിഗമനങ്ങളിലുറച്ചുനില്ക്കുക .ആത്മവിശ്വാസമുള്ള ഒരു കലാകാരൻ കൊടുങ്കാററടിക്കുമ്പോൾ ഞാങ്ങണയെപ്പോലെ പെരുമാറുക, വൻമരങ്ങൾ എതിർത്തു വീഴട്ടെ, തകരട്ടെ, പക്ഷേ അവൻ അടി പറിഞ്ഞു വീഴരുതു്. വഴങ്ങുന്നതു അപമാനമല്ല, നേടുവാൻവേണ്ടി കുനിഞ്ഞു കൊടുക്കുക. ശക്തിയുള്ളവൻ യുദ്ധത്തിനു വരുമ്പോൾ പിന്നെ വിജയിക്കുവാനായി അവനിൽനിന്നു ഒഴിഞ്ഞു മാറുക, ശക്തി ആർജ്ജിച്ചശേഷം യുദ്ധത്തിനു വിളിക്കുക. അവനെ മലത്തിയടിക്കുക, ഇതായിരിക്കണം കലാകാരൻേറ ലക്ഷ്യം.

എന്തിൻേറയും ചുവടിളക്കുന്ന കൊടുങ്കാററായി മാറുവാൻ തനിക്കു കഴിവുണ്ടെങ്കിൽ രംഗത്തു ഇറങ്ങിയാൽ മതി, തിരഞ്ഞെടുപ്പിനു് നിന്നു ജയിക്കുകയോ തോല്ക്കുകയോ ചെയ്യേണ്ട രാഷ്ട്രീയ പ്രവർത്തകനല്ല സാഹിത്യകാരൻ. അവൻ ജയിച്ചേ മതിയാവൂ. എല്ലാ വിവേകികളായ നല്ല കലാകാരന്മാരും വിജയമകുടം ചൂടി. വർത്തമാനകാലം അവരെ അവഗണിച്ചു എന്നു വരാം. സ്വന്തം കാലഘട്ടത്തിനു വേണ്ടിയല്ല അവർ സംസാരിച്ചതു്, ഭാവിയെ മുന്നിൽ കണ്ടുകൊണ്ടാണു്. യുഗങ്ങളെ തഴുകിക്കൊണ്ടു് അവരുടെ ആശയങ്ങൾ നിലനില്ക്കും.

കലാബോധവും സാംസ്കാരിക ബോധവുമുള്ള കലാകാരൻ സ്വന്തം ഹൃദയരക്തത്തിൽ തൂലിക മുക്കി എഴുതിയാൽ പരാജയം ഉണ്ടാവുകയില്ല. അങ്ങനെ ഒരു സംഭവം ഇന്നോവരെയും ഉണ്ടായിട്ടില്ല. പക്ഷേ തലച്ചോറ് പണയം വെച്ചിട്ട് എഴുതിയാൽ പോര. ദർശനം സിദ്ധിച്ച സിദ്ധന്മാരെപ്പോലെ പ്രതിഭാശാലികൾക്കേ പ്രവാചകന്മാർ ആകുവാൻ കഴിയൂ.

അവരുടെ കൃതികളിൽനിന്നു വസ്തുക്കളുടെ ആത്യന്തിക മൂല്യങ്ങളിലേക്ക് സാമാന്യജനതക്കു എത്തിനോക്കുവാൻ കഴിയും. ഷാ, തന്നിലെ സാഹിത്യകാരൻെറ ചിന്താഗതിയവതരിപ്പിക്കുന്നു. 'ഞാൻ സാഹിത്യപരനായ ഒരു കലാകാരനാണ്. സാഹിത്യത്തിലെ എന്റെ അവകാശവാദങ്ങളെ ഈ തലമുറയിൽ എനിക്കു അറിയാൻ കഴിഞ്ഞിട്ടുള്ള മറെറല്ലാ എഴുത്തുകാരും ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതലായി ഞാൻ വ്യക്തമായി പ്രകാശിപ്പിച്ചിട്ടുണ്ട്. ആധുനിക സാഹിത്യത്തോട് എനിക്കുതോന്നിയിട്ടുള്ള നിരന്തര പ്രചോദനങ്ങളെയും ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. 'മനുഷ്യനും അതിമാനുഷനും' എന്ന നാടകത്തിലെ ടാനർ എന്ന കഥാപാത്രം സാഹിത്യകാരനെപ്പററി പറയുന്നതുകൂടി ശ്രദ്ധിച്ചാലേ ഷായുടെ ചിന്താഗതിയുടെ കാതൽ കണ്ടുപിടിക്കുവാൻ നമുക്ക് കഴിയൂ.' ഒരു യഥാത്ഥ കലാകാരൻ തൻെറ ഭാര്യയെ പട്ടിണിയിടും. അവൻെറ കുട്ടികൾ നഗ്നപാദരായിരിക്കും. തൻെറ എഴുപതാമത്തെ വയസ്സിൽ ജീവസന്ധാരണത്തിനുവേണ്ടി അവൻെറ തള്ള കഠിനാദ്ധ്വാനം

ചെയ്യും. തൻെറ ഏററവും അഗാധമായിട്ടുള്ള സൃഷ്ടി പരമായ കഴിവുകളെ തട്ടിയുണർത്തുവാനും പ്രായമേറിയ തൻെറ യുക്തിയിൽനിന്നു് തന്നെ രക്ഷിക്കുവാനും തനി ക്കു ദർശനങ്ങഠം നല്കുവാനും സ്ത്രീകഠംക്കു കഴിവുണ്ടെന്നു് അറിഞ്ഞുകൊണ്ടു കലാകാരൻ അവരെ പഠിക്കുന്നതിനും അവരിൽനിന്നു മാമൂലുകളുടെ മറ നീക്കുന്നതിനും അവ രുടെ ഏററവും നിഗൂഢമായ രഹസ്യങ്ങളെ ആശ്ചര്യ പ്പെടുത്തുവാനും അവരുമായി ഉററ ബന്ധത്തിലേർ പ്പെടുന്നു.

**ഷായുടെ വരവ്**

അനേകായിരം കാലാകാരന്മാർ ഉയർത്തെഴുന്നേററു വന്ന 20-ാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തെ ശരിക്കും പിടിച്ചുലയ്ക്കുവാൻ ഷായ്ക്കു കഴിഞ്ഞു. ഷായേക്കാഠം കൂടുതൽ മെച്ചപ്പെട്ട പ്രതിഭാശാലികഠം ഈ കാലയള വിൽ ഉണ്ടായിരുന്നു. എങ്കിലും എല്ലാവരിലും ഷായ്ക്കു് കോളിളക്കം ഉണ്ടാക്കുവാൻ കഴിഞ്ഞു. തിക്ഷ്ണമായ വിചാരങ്ങഠം ഷായ്ക്കു ആവിഷ്കരിക്കുവാൻ കഴിഞ്ഞു; ആശയമൂല്യത്തിനു് അമിതപ്രാധാന്യം നല്കി അദ്ദേഹം. വ്യാപകമായ അർത്ഥത്തിൽ ഷാ ഒരു കലാകാരനേ അല്ല നാടകമെഴുത്തുകാരൻ മാത്രമാണു്. പക്ഷേ ഷാ തന്നി ലെ കലാകാരനെ ലോകത്തെക്കൊണ്ടു് അംഗീകരിപ്പിച്ചു. മൂർച്ചയേറിയ ഫലിതവും ഹൃദയത്തിലേക്കു ആഞ്ഞു തറ ക്കുന്ന പ്രതിപാദനരീതിയും അസാധാരണമായ സ്വഭാവ വിശേഷങ്ങളും ആണു് ഷായെ പ്രശസ്തനായ ഒരു സാ ഹിത്യകാരനാക്കിയതു്. മനുഷ്യവർഗ്ഗത്തിൻെറ രക്തക്കു

ഴല്പകളിൽനിന്നും ചോൻറുപോയ ചോര സ്വന്തം ഹൃദയ ത്തിലേക്കു വലിച്ചെടുത്തശേഷം തൂലിക അതിൽ മുക്കി എഴുതി, ആ ധിക്കാരിയായ തത്വചിന്തകൻ.

ഇത്തരം സാഹിത്യകാരന്മാരുടെ കൃതികൾ വായി ക്കുമ്പോഴാണു ചില വ്യക്തികളുടെ ജീവിതത്തിനു പെ ട്ടെന്നു മാററം സംഭവിക്കുന്നതും. പക്വമായ വിജ്ഞാന വും വിശുദ്ധമായ മനസ്സും ഉള്ള സാഹിത്യകാരനു ലോക ത്തെത്തന്നെ പരിവർത്തനത്തിന്ന് വിധേയമാക്കുവാൻ കഴിയും. ജ്ഞാനസ്നാനം മനോവൃത്തികളെ മാററുക യില്ല; പുതിയ തീയറികൾ മനുഷ്യനെ മാററത്തിന്ന് ആഹ്വാനം ചെയ്യുകയല്ലാതെ പ്രേരിപ്പിക്കുകയില്ല; ത ത്വജ്ഞാനികൾ മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയുടെ പാതയിൽക്കൂടി വെളിച്ചമടിക്കും; പക്ഷേ ജനതയെ അതിനു ഒരുക്കുകയില്ല. നമ്മുടെ വിജയത്തിൻെറ വി ധികർത്താവ് നമ്മൾ തന്നെയാണെന്ന് എല്ലാ യുക്തിവാ ദികളും സമർത്ഥിക്കും. നമ്മുടെ ജീവിതത്തിൻെറ കപ്പി ത്താൻ നമ്മൾതന്നെയാണെന്ന് അവർ പെരുമ്പറയടി ക്കും. അനുഭവമാണ് ജീവിതത്തിന്ന് ബലവത്തായ അടിത്തറ കെട്ടുന്നതെന്നു ദർശനം സിദ്ധിച്ചവർ പറയും.

സാഹിത്യകാരൻ കഥാപാത്രങ്ങളിലൂടെ മനുഷ്യ ജീവിതത്തിലെ നെടുവീർപ്പുകൾ ആവിഷ്കരിക്കും, കഥാ പാത്രങ്ങൾ സമൂഹത്തിൻെറ സിംബലായി മാറിനിന്ന് ശബ്ദിക്കും, അനീതികളോടെതിർക്കും, സത്യത്തിൻെറ കാഹളം മുഴക്കും, പറയാനുള്ളത് ഉശിരോടെ പറയും.

വായനക്കാരുടെ—കേൾവിക്കാരുടെ ഹൃദയത്തിൽ ചെന്നു തറക്കത്തക്കവിധത്തിൽ ഉറക്കെപ്പറയും. ചിന്താ

ശകലങ്ങൾ മനുഷ്യൻെറ ബോധമണ്ഡലത്തിൽ ഉറച്ചു നില്ക്കത്തക്കവിധത്തിൽ ഉഷാറായി പറയും. ഓരോ വ്യക്തിയിലും ഓരോ അതിമാനുഷ്യർ ഉണ്ടെന്നു വാദിക്കും. ആജ്ഞാപിക്കുവാനും അനുസരിക്കുവാനും ഒരുപോലെ കഴിവുള്ള ആ അതിമാനുഷ്യൻ മനുഷ്യഹൃദയത്തിൽ ഉണ്ടെന്ന ബോധം ആദ്യം മനുഷ്യനെ അത്ഭുതപ്പെടുത്തും. എല്ലാ എതിർപ്പുകളെയും ധീരമായി ചെറുത്തുകൊണ്ടു് ആവേശകരമായി നന്മയുടെ ശ്രീകോവിലിലേക്കു മാർച്ചു ചെയ്യുവാൻ വെമ്പുന്ന ആ അതിമാനുഷ്യനെ, 'ആത്മവിശ്വാസ'മെന്ന പേരുവിളിച്ചു യുക്തിവാദികൾ സംസാരിക്കും. ആത്മവിശ്വാസം ധീരതയുടെ കാതലായി മാറും. തന്നിലെ 'തന്നെ' കണ്ടറിയുവാനും അതിൻെറ ശബ്ദം കേൾക്കുവാനും സാഹിത്യമാകുന്ന ഉപാധിയിലൂടെ വ്യക്തികൾക്കു കഴിയും. ഒന്നാന്തരം പ്രതിഭാശാലികൾക്കു മാത്രമേ മഹത്തായ ഇത്തരം സാഹിത്യസൃഷ്ടികൾ നടത്തുവാൻ കഴിയൂ. അവർക്കേ ലോകത്തെ പിടിച്ചു കുലുക്കുവാനും നയിക്കുവാനും കഴിയൂ. ക്രിസ്തുവും നബിയും കൺഫ്യൂഷ്യസും ഗാന്ധിജിയും എന്നു വേണ്ട, എല്ലാ പ്രവാചകന്മാരും പ്രതിഭാശാലികളായിരുന്നു. ഉയന്ന മനസ്സുള്ളവനേ ഉയർന്ന കലാകാരനാകുവാൻ കഴിയൂ. ഉന്നതനായ കലാകാരനേ ഉന്നതങ്ങളായ കലാസൃഷ്ടികൾക്കു ജന്മം നല്കാൻ സാധിക്കൂ. ഉന്നതങ്ങളായ കലാസൃഷ്ടികൾക്കേ ജനതയെ ഉന്നതിയിലേക്കുയർത്തി സംസ്കരിക്കുവാനും മരണത്തെ അതിജീവിക്കുവാനും ഒക്കൂ.

**അനുകരിക്കുവാൻ**

മററു ചിന്തകന്മാരേക്കാൾ ബഹുജനങ്ങളുടെ മേൽ സ്വാധീനം ചെലുത്തുവാൻ സാഹിത്യചിന്തകന്മാർക്കു കഴിയും. കഥാപാത്രങ്ങളാണു സാഹിത്യകാരന്റെ പ്രചാരകന്മാർ കഥാപാത്രങ്ങളുടെ സ്വഭാവരീതിയെ സ്വന്തം ജീവിതത്തിലേക്കു പകർത്തുവാനും പാത്രങ്ങളുടെ ധീരപ്രവർത്തികളെ അതുപടി അംഗീകരിക്കുവാനും സഹൃദയരായ വായനക്കാർ എപ്പോഴും തുനിയും. കുരങ്ങിനെപ്പോലെതന്നെ എന്തിനേയും നന്നായി അനുകരിക്കുവാൻ എപ്പോഴും തയ്യാറാകും. മനുഷ്യൻ, ആശയത്തിൻെറ അണുക്കൾ ആത്മാവിലേക്കു പാഞ്ഞെത്തു വന്നാലും അതിനെ അവഗണിക്കുവാൻ തയ്യാറാകുന്ന മനുഷ്യൻ, കഥാപാത്രങ്ങളുടെ പ്രവൃത്തികളെ അതുപടി പകർത്തുവാൻ എപ്പോഴും ജാഗ്രത കാണിക്കും.

**നവലോകം**

സുഖവും അറിവും, ശാന്തിയും സൗന്ദര്യവും, നന്മയും സത്യവും സഹാനുഭൂതിയും നിറഞ്ഞുനിൽക്കുന്ന ഒരു ലോകം മെടഞ്ഞെടുക്കുവാൻ സാഹിത്യസൃഷ്ടിയെപ്പോലെ സഹായകരമായി മറെറാന്നില്ല. മഹത്വമുള്ള എഴുത്തുകാരൻെറ വിശുദ്ധമായ ചിന്തകൾ ആളുകളെ ഉണർത്തി ഉയർത്തുവാൻ നന്നായി ഉതകും.

മാനസികമായ അടിമത്തത്തിൽനിന്നു മനുഷ്യനെ കരകേറുവാൻ കഴിഞ്ഞാൽ അതു വലിയ അനുഗ്രഹമായി; വിലയേറിയ നേട്ടവും. മാനസികരോഗികളുടെ ഭിഷഗ്വരനാകുവാൻ സാഹിത്യകാരനു ശക്തിയുണ്ട്. അതേസമയം അത്തരം രോഗങ്ങൾക്കു കാരണക്കാരനാ

കുവാനും അവനു പ്രാപ്തിയുണ്ടു്. അതുകൊണ്ടു് സാഹിത്യസൃഷ്ടികളെ തരം തിരിച്ചു നല്ലവയെ തിരഞ്ഞെടുത്തു് ഉപകാരപ്പെടുത്തിയാലേ നമുക്കു മെച്ചമുണ്ടാകൂ. സ്വന്തമായി ഇത്തരമൊരു തിരഞ്ഞെടുപ്പിനു പ്രാപ്തിയില്ലാത്തവൻ ചിന്താശീലരായ ആളുകളെ ആശ്രയിച്ചു കൃത്യം നിറവേററണം. ഭേദപ്പെട്ട സാഹിത്യകൃതികൾ ചൂണ്ടിക്കാണിക്കുവാൻ കലാചിന്തകന്മാർ എപ്പോഴും തയ്യാറായിരിക്കണം.

സാഹിത്യസൃഷ്ടികളിൽനിന്നു് ചിന്താധാര വായനക്കാരുടെ ഹൃദയത്തിലേക്കു് ഒഴുകും. അത്തരം ചിന്തകൾ അവരിലെ സ്വഭാവരൂപീകരണത്തിനു് ഇട നല്കും.

കലാകാരൻ കൊള്ളരുതാത്ത സ്വഭാവമുള്ളവനായിരുന്നാൽപോലും അയാളുടെ കലാസൃഷ്ടിയുടെ അടിത്തട്ടിൽ സത്യത്തിൻെറ നറുങ്ങുകൾ നിരന്നു കിടപ്പുണ്ടെങ്കിൽ നമുക്കു തൃപ്തിപ്പെടാം. സത്യത്തിനു പകരം അസത്യത്തിൻെറ വിത്തുകളാണു് സാഹിത്യകാരൻ വാരി വിതറുന്നതെങ്കിൽ അവൻ സാമൂഹ്യദ്രോഹികൂടിയായി മാറുന്നു. അത്തരം സാമൂഹ്യദ്രോഹികളെ കണ്ടുപിടിച്ചു്, രംഗത്തുനിന്നു ആട്ടിയോടിക്കുവാനുള്ള ധാർമ്മിക ചുമതല കലാനിരൂപകന്മാർക്കും കലാസ്വാദകർക്കും ഉണ്ടു്.

മനുഷ്യമനസ്സാക്ഷിയെ ചൈതന്യ പ്രബുദ്ധമാക്കണം സാഹിത്യകാരൻ. മനുഷ്യവർഗ്ഗത്തിൻെറ മനസ്സാക്ഷി, സത്യത്തെ സാഹിത്യസൃഷ്ടിയിൽ നിന്നാണു് നുകരേണ്ടതു്. സാഹിത്യകാരനു് അജയ്യമായ ശക്തിയുണ്ടു്. സാഹിത്യത്തിനു് അതുല്യമായ പ്രേരണാ

ശക്തിയുണ്ട്. കലാരൂപങ്ങളിലെ, സൗന്ദര്യ—വികാര—വിചാരങ്ങളാൽ, മനുഷ്യന്റെ അശുദ്ധമായ ചിന്തകൾ ശുദ്ധീകരിക്കപ്പെടും. ഭ്രാന്തുപിടിച്ച ഭാവനകളുടെ തകരാറുകളിൽനിന്നു മുക്തി നേടുവാൻ വ്യക്തികൾക്കു ഇതവസരം നന്നായിനല്കും. മനുഷ്യകുലം ഒന്നാന്തരം സാഹിത്യകാരന്മാരുടെ കലാസൃഷ്ടികളുടെ മുമ്പിൽ തുറന്ന ഹൃദയവുമായി കടന്നുചെല്ലും. മഹത്തായ അത്തരം കൃതികളുടെ മുമ്പിൽ അവർ കുമ്പിടും. തന്നിലെ തെറ്റുകൾ ഏറ്റുപറഞ്ഞു്—പശ്ചാത്തപിച്ചു്, കുമ്പസാരിച്ചു്—അവിടെ നിന്നു പുതിയ പുതിയ സുവിശേഷം സ്വീകരിച്ചുകൊണ്ടു് പിൻതിരിയും, തിരിയണം. മനുഷ്യന്റെ ഇച്ഛാശക്തി സാഹിത്യസൃഷ്ടികളിൽ മുഴച്ചുനില്ക്കാത്തതും എന്നാൽ സൂചനകൊണ്ടു, വ്യക്തമായതുമായ ഉദ്ദേശങ്ങൾക്ക വഴങ്ങും. ഹൃദയം അവിടെ സമർപ്പിക്കുകയും ചെയ്യും.

### വലിയ കവികൾ

ഷേക്സ്പീയറും മിൽട്ടനും ടാഗോറും വെർജിലും ഗോയ്ഥേയും കാളിദാസനും ടോൾസ്റ്റോയിയും വ്യാസനും വാല്മീകിയും ഹോമറും സോഫോക്ലീസും ഇത്തരം മഹത്തായ കലാസൃഷ്ടികളുടെ ഉടമകളിൽ ചിലരാണ്.

സാമാന്യമനുഷ്യൻ കണ്ടതിനപ്പുറത്തു കാണുവാൻ കഴിവുള്ളവനാണ് കവി. കാലികപ്രശ്നങ്ങൾ അവഗണിക്കുവാൻ കലാകാരനു കഴിയുകയില്ല. പക്ഷേ ആ 'തീററി'യിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു നിന്നുപോകുന്ന മൃഗമല്ല അവൻ. ആടുകളെപ്പോലെ, എല്ലാം ചെ

ടികളുടേയും ഇലയിൽനിന്നു അല്പാല്പം കടിച്ചുതിന്നു അവൻ കടന്നുപോകും, എന്നിട്ട് വാനമ്പാടിയെപ്പോലെ അങ്ങ് വിദൂരതയിലേക്ക് പറന്നുയരുന്നുവെന്നുമാത്രം. സാധാരണക്കാരെ പ്രകൃതി യാഥാത്ഥ്യങ്ങളിൽനിന്നു മറച്ചുനിത്തുന്ന തിരശ്ശീല പൊക്കുകയാണു് കവി ചെയ്യുന്നതെന്ന ബർഗ്സൻെറ മതം, ഈ പശ്ചാത്തലത്തിൽ വിശദീകരണം കൂടാതെ വ്യക്തമാകുമല്ലോ.

**അന്തരാത്മാവു്**

അന്തരാത്മാവിൻെറ വളത്തപ്പനാണു് സാഹിത്യകാരൻ. മനുഷ്യസ്നേഹിയായ അവൻ മാനുഷിക മൂല്യങ്ങളെ മാനിച്ചുകൊണ്ടു് മനുഷ്യമനസ്സിൻെറ പവിത്രീകരണത്തിനായി പാടുപീഡകൾ സഹിക്കുകതന്നെ ചെയ്യണം. നമ്മുടെ ആത്മാവുകളെ രോമഹഷമണിയിക്കുവാൻ സാധിക്കുന്ന സാഹിത്യകാരൻ അതിൻെറ പൂർണ്ണമായ വളർച്ചയ്ക്കുവേണ്ട ആരോഗ്യകരമായ ആശയങ്ങൾ അവതരിപ്പിക്കേണ്ടവനാണു്. മനസ്സിൻെറ ശക്തിയെപ്പററി വില്യം ഒസ്ലർ എന്ന ഡോക്ടർ പറയുന്നതു് നോക്കുക: 'മനസ്സിൻെറ ഉറപ്പു ശരീരത്തിലെ അവയവങ്ങൾക്കെല്ലാം ഉശിരു കൂട്ടുന്നു. മനസ്സിൻെറ വിശ്വാസം ചോരയോട്ടം വദ്ധിപ്പിക്കുന്നു. ഞരമ്പുകൾക്കു ശക്തികൂട്ടുന്നു. നേരെ മറിച്ചു് ഭയവും മൌഢ്യവും ദൃഢഗാത്രനെക്കൂടി രോഗിയാക്കിത്തീക്കുന്നു. അസാദ്ധ്യമെന്നു കരുതിയിരുന്ന പല രോഗങ്ങളും വിശ്വാസംകൊണ്ടുമാത്രം ഭേദപ്പെട്ടിട്ടുണ്ടു്.'

എല്ലാ രാഷ്ട്രത്തിലേയും സംസ്കാരത്തിൻെറ കൈവിളക്കുകൾ മഹത്തായ സാഹിത്യകൃതികളിലൂടെയാണു

ജ്വലിച്ചുകൊണ്ടിരിക്കുന്നതു്. ഇതിൻെറ പ്രകാശത്തിലൂടെയാണു് ആവക രാഷ്ട്രങ്ങൾ ജീവിച്ചുപോരുന്നതും. സ്വാതന്ത്ര്യത്തിൻെറയും സുഖത്തിൻെറയും പ്രതീക്ഷയുടെയും കതിരുകൾ പരത്തി മനുഷ്യജീവിതത്തെ പച്ച പിടിപ്പിച്ചതും ഇത്തരം കലാരൂപങ്ങളിലൂടെയാണു്. അവയുടെയെല്ലാം പിറകിൽ സാഹിത്യകാരൻ ഋഷിയെപ്പോലെ തപസ്സനുഷ്ഠിച്ചിട്ടുണ്ടു്. വാല്മീകിയും വ്യാസനും മഹാകവികളായി വളൎന്നുവന്നുവെന്നു നമ്മൾ പറയുമ്പോൾ ഈ തത്വവും മറക്കാതിരിക്കുക: ഹിമകണികയിൽ കാനനം പ്രതിബിംബിച്ചു കാണുന്നതുപോലെ പ്രപഞ്ചം സാഹിത്യസൃഷ്ടികളിലും പ്രതിബിംബിക്കും. ജീവിതമൂല്യങ്ങളുടെ പൗരോഹിത്യം ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുള്ള കലാകാരന്മാർ, കാലത്തിൻെറ അടിയേല്ക്കുമ്പോൾ കൂടുതൽ കൂടുതൽ ശോഭിക്കും.

**ഡമോക്രസിയുടെ യുഗം**

സമൂഹത്തിൻെറ വേദനയും പ്രത്യാശയും അങ്കലാപ്പും പതറിച്ചയും വിശ്വാസവും കലാകാരൻ തൻെറ അനുഭവ പരുധിയിലാക്കണം. ഡമോക്രസിയുടെ യുഗമാണല്ലോ ഇതു്. എല്ലാ ചിന്താഗതികളെയും ആളുകൾ സ്വാഗതം ചെയ്യുന്നു. നശികരണ പ്രവണതകൾ പോലും ഈ പരിതസ്ഥിതികളിൽ ഇവിടെ വളൎന്നുവരുന്നതായി—ജനാധിപത്യമൂല്യങ്ങളിൽനിന്നും ഉരുത്തിരിയുന്ന ഹ്യൂമനിസത്തിനെതിരായിട്ടുള്ള ദുഷിച്ച ചിന്താഗതികൾ പോലും ഇവിടെ വികാസം പ്രാപിക്കുന്നതായി 'ജീൻപാൾസാത്രേ' സൂചിപ്പിക്കുകയുണ്ടായി. (What is

Literature, By Jean Paul Sartre.) ഈ പശ്ചാത്തലത്തിൽ സാഹിത്യകാരന്മാരും ശാസ്ത്രകാരന്മാരും തത്വചിന്തകന്മാരും ഒന്നിച്ചു നിന്നുകൊണ്ട് ഹ്യൂമനിസത്തിന്റെ ശംഖനാദം ഉയർത്തണം. തത്വവിജ്ഞാനത്തിലൂടെ നവീനമായ — ആരോഗ്യകരമായ ആശയങ്ങൾ ആവിഷ്ക്കരിക്കുവാൻ കഴിയും. ശാസ്ത്രകാരനു പുത്തൻ സിദ്ധാന്തങ്ങൾ പരീക്ഷണത്തിൽ നിന്നു നിർമ്മിക്കുവാൻ കഴിയും. അവരുടെ എല്ലാ തീരുമാനങ്ങളും ബലിഷ്ഠങ്ങളാണ്. തെററാണെന്നു തോന്നിയാൽ ഉടനടി മാററത്തിനു തയ്യാറാകുകയും വേണം. ഇവരും ഒരു ഭൗതിക പറുദീസായെ ലക്ഷ്യമാക്കിക്കൊണ്ട് ശാസ്ത്രീയ ഗവേഷണങ്ങളിൽ വ്യാപൃതരാകണം. അനുഭവങ്ങളെ വ്യക്തമായി കോട്ടം തട്ടാതെ ആവിഷ്കരിക്കുവാൻ സാഹിത്യകാരനു കഴിയും. അവൻ തന്റെ ഫിനിഷിംഗ്ടച്ച് കഴിയുമ്പോൾ അവന്റേതായ കല അവനെ കൈവെടിയുകയും സ്വതന്ത്രമാകുകയും പറന്നുയന്നു പോകുകയും ചെയ്യും. ചിലപ്പോൾ അവ അവനെ തിരിഞ്ഞുനിന്നു കൊത്തിയെന്നുവരാം. മറിച്ചും സംഭവിക്കും—നിർമ്മാതാവിനെ ആരാധിക്കൽ! ദൈവത്തിനു് തന്റെ സൃഷ്ടികർമ്മത്തിനുശേഷം എന്തനുഭവമാണുണ്ടായതു്. മതം വിവരിക്കുന്ന അതേ അനുഭവം തന്നെ സാഹിത്യകാരനും തന്റെ നിർമ്മാണക്രിയക്കുശേഷം സംഭവിക്കാം. തന്മൂലം അസംസ്കൃതസാധനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ, സാഹിത്യകാരൻ, തത്വചിന്തകനേക്കാൾ കരുതൽ ഉള്ളവനായിരിക്കണം.

## കല ജീവിതം തന്നെ

കല കലക്കുവേണ്ടി മാത്രമാണെന്നു കൊട്ടിഘോഷിക്കരുതു്. ജീവിതം തന്നെയായിരിക്കണം സാഹിത്യം. കലയെക്കാഠം വലുതായി മനുഷ്യനെ എണ്ണുവാൻ കടപ്പെട്ടവനാണു കലാകാരൻ. നോബൽ സമ്മാനാർഹനായ 'അൽബർ കാമ്യു' 1957 ഡിസംബറിൽ സ്റ്റോക്ക്ഹോമിൽ വെച്ചു് പ്രഖ്യാപിക്കുകയുണ്ടായി: 'എൻെറ കല കൂടാതെ എനിക്കു ജീവിക്കുക സാദ്ധ്യമല്ല. എങ്കിലും മറെറല്ലാററിനുമുപരിയായി ആ കലയെ ഞാൻ കരുതിയിട്ടും ഇല്ല. മറിച്ചു് മററുള്ളവരിൽനിന്നു അകന്നു മാറി ജീവിക്കാൻ എന്നെ നിർബന്ധിക്കാതിരിക്കുകയും സാധാരണഗതിയിൽ ഞാനെങ്ങിനെയാണോ അതുപോലെതന്നെ എന്നെ ജീവിക്കാനനുവദിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രമാണു് എൻെറ കല എനിക്കു ആവശ്യമായിത്തീർന്നിട്ടുള്ളതു്. കല എൻെറ വീക്ഷണത്തിൽ, ഒരു 'ഏകാന്താനന്ദമല്ല.' പൊതുവിൽ എല്ലാവരുമനുഭവിച്ചുവരുന്ന യാതനകളെയും ആനന്ദങ്ങളെയും പററി ഒരാഠംക്കു ലഭിക്കുന്ന ഒരു അസുലഭദർശനം കഴിയുന്നത്ര ആളുകഠംക്കു നല്കാനും, അവരെ അതിൽ കൂടി ഉണർത്താനും സഹായിക്കുന്ന ഒരു ഉപാധിമാത്രമാണു കല. അങ്ങനെ അകന്നു ഒററപ്പെട്ടുപോകാതിരിക്കാൻ അതു കലാകാരനെ നിർബന്ധിക്കുന്നു. വിനീതവും സാർവജനീനവുമായ സത്യത്തിൻെറ വരുതിക്കു കീഴിൽ അതു് നമ്മെ കൊണ്ടുവരുന്നു. മാത്രമല്ല, പലപ്പോഴും സംഭവിക്കാറുള്ളതുപോലെ, താൻ മററുള്ളവരിൽനിന്നു വ്യത്യ

സ്ഥനാണെന്നുള്ള ബോധംകൊണ്ടു കലാകാരനായിത്തീൎന്നി ട്ടുള്ള ഒരാഠം താമസിക്കാതെ തനിക്കു മററുള്ളവരോടുള്ള ചേൎച്ചയും സാമ്യതയും അനുവദിച്ചാലേ തൻെറ കലയേയും പരിപോഷിപ്പിക്കാൻ കഴിയുകയുള്ളു എന്നു പഠിക്കുന്നു. തനിക്കു ഉപേക്ഷിക്കാൻ വയ്യാത്ത സൗന്ദൎയ്യത്തിൻെറയും സ്വയം വേർപെടുത്താൻ വയ്യാത്ത സാമൂഹ്യബന്ധത്തിൻെറയും മദ്ധ്യത്തിൽകലാകാരൻ വർത്തിക്കുന്നു. കലാകാരൻെറ വ്യക്തിവൈശിഷ്ട്യം പ്രകടവും പ്രഫുല്ലവുമാകുന്നതു അവനും ജനതതിയുമായുള്ള നിരന്തരമായ പരസ്പര പരിണാമത്തിലൂടെയാണ്. അതുകൊണ്ടാണ് സാക്ഷാൽ കലാകാരൻ യാതൊന്നും വെറുക്കാത്തതു്. വിധികല്പിക്കുന്നതിനു പകരം മനസ്സിലാക്കുവാനാണു അവർ സ്വയം അനുശാസിക്കുന്നതു്. അവർ ഈ ലോകത്തിൽ ഏതെങ്കിലും ഒരു പ്രസ്ഥാനത്തിനു് പിൻതുണ നൽകുകയാണെന്നു വരികിൽത്തന്നെ, അതു നീഷേയുടെ അന്തസ്സേറിയ ശൈലിയിൽ പറഞ്ഞാൽ, വിധി കല്പിക്കുന്നവൎക്കു പകരം സൃഷ്ടിക്കുന്നവരാൽ ഭരിക്കപ്പെടുന്ന ഒരു സമുദായത്തിനുവേണ്ടിയേ ആയിരിക്കയുള്ളു. 'സാഹിത്യകാരൻെറ ജീവിതം ചില വിഷമകൃത്യങ്ങളുമായി അഭേദ്യമാം വണ്ണം ബന്ധപ്പെട്ടുകിടക്കുകയാണ്. ഇന്നത്തെ ചരിത്രസ്രഷ്ടാക്കളുടെ ദാസ്യവൃത്തി—സ്വീകരിക്കാൻ അവനു സാദ്ധ്യമല്ലെന്നതു സുവിദിതമാണല്ലോ. എന്തെന്നാൽ ഈ ചരിത്ര സൃഷ്ടിയെ സഹിച്ചു പോരുന്നവരുടെ സേവനത്തിലാണയാഠം. അല്ലെങ്കിൽ അവർ തൻെറ കല കൈവെടിഞ്ഞുകൊണ്ടു തനിച്ചു മാറിനിൽക്കേണ്ടിവരും. ദുർഭരണത്തിൻെറ

വൈതാളികന്മാർ, അവർ ലക്ഷക്കണക്കിലുണ്ടായാൽ പോലും, അവനെ ആ ഏകാന്തതയിൽനിന്നു രക്ഷിക്കുകയില്ല, അവരോടൊപ്പം ചുവടൊപ്പിച്ചു നീങ്ങാൻ അവൻ തയ്യാറാണെങ്കിൽ പോലും. എന്നാൽ ലോകത്തിനങ്ങേയററത്ത് സർവ്വരാലും വെറുക്കപ്പെട്ടും, പുറംതള്ളപ്പെട്ടും കഴിയുന്ന ഒരജ്ഞാതബന്ധനസ്ഥൻെറ മൌനം, ഏതൊരു സാഹിത്യകാരനേയും അവൻെറ ഏകാന്തതയിൽനിന്നു തിരിച്ചു വിളിച്ചു മുന്നോട്ടു കൊണ്ടുവരാൻ പര്യാപ്തമാണ്. അവന് അതിനു സ്വാതന്ത്ര്യമുണ്ടെങ്കിൽ, അവന് കഴിവുണ്ടെങ്കിൽ, ആ മൂകതയെക്കുറിച്ചു അവനെന്നും ഓർത്തുകൊണ്ടിരിക്കുകയും അതിനു കലയിൽക്കൂടി എമ്പാടും ഇരമ്പി കേൾക്കത്തക്കവണ്ണം ശബ്ദം നൽകുകയും ചെയ്യും! ജീവിക്കുന്ന ജനസമുദായത്തിൻെറ വികാരങ്ങൾ വീണ്ടെടുക്കുവാൻ സാഹിത്യകാരന് കഴിയണം. അവൻെറ സത്യസേവനവും സ്വാതന്ത്ര്യസേവനവും ആയിരിക്കണം അവൻെറ ലക്ഷ്യം.

### മനുഷ്യസ്നേഹി

മർദ്ദനത്തെ ഉറച്ചുനിന്നു ചെറുക്കുവാനും സത്യമാണെന്നറിയാവുന്നതിനെപ്പററി നുണ പറയാൻ കൂട്ടാക്കാതിരിക്കുവാനും സാഹിത്യകാരൻ തയ്യാറാകണം. ആ പ്രസംഗത്തിലെ മററു ചില ആശയങ്ങൾകൂടി അവതരിപ്പിക്കാം. ഒരുന്മാദകാലഘട്ടത്തിലാണു നമ്മൾ കഴിയുന്നതു്. ഒരു പുനർജന്മം സാധ്യമാകുന്നതിനും നമ്മുടെ കാലഘട്ടത്തെ അഭിമുഖീകരിക്കുന്ന നാശോന്മുഖതത്വത്തെ ധീരധീരം ചെറുക്കുന്നതിനും, അത്യാഹിതങ്ങളുടെ നട്ട

ക്കുവെച്ചുതന്നെ ഒരു ജീവിതരീതി ആവിഷ്കരിക്കുന്നതിനും സാഹിത്യകാരന്മാർ നിർബ്ബന്ധിതരായിത്തീർന്നിരിക്കുകയാണു്. ഒരു ശിഥിലീകരണഭീഷണിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ 'ഗ്രാൻഡ് ഇൻക്വിസിററർമാർ' മരണത്തിന്റെ ഭീകരവാഴ്ച ഭൂമുഖത്തു സുസ്ഥാപിതമാക്കാനുള്ള സാധ്യതയും അപകടവും തങ്ങളെ തുറിച്ചുനോക്കുമ്പോൾ, ഈ തലമുറ അതിന്റെ മുമ്പിലുള്ള കർത്തവ്യമെന്തെന്നു അറിയണം; ഭൂമുഖത്തു സമാധാനം പുനഃസ്ഥാപിക്കുകയും—അതു തീർച്ചയായും അടിമത്വത്തിന്റെ സമാധാനമായിരിക്കുകയില്ല—അധ്വാനത്തെയും സംസ്കാരത്തെയും വീണ്ടും സംയോജിപ്പിക്കുകയും, മനുഷ്യരാശിക്കു് പൊതുവിൽ ഒരു പുതിയ 'ആർക്ക് ആഫ് കവനൻറ്' സൃഷ്ടിക്കുകയും ചെയ്യലാണു് കർത്തവ്യം. ഇത്രയും ഭീമമായ ഒരു കർത്തവ്യം നിറവേററുന്ന കാര്യത്തിൽ ഈ തലമുറ വിജയം വരിക്കാൻ കഴിയുന്ന കാര്യം ഉറപ്പില്ല; പക്ഷേ സ്വാതന്ത്ര്യത്തിൻ പേരിലുള്ള ഈ ദ്വിമുഖ വെല്ലുവിളി ലോകമൊട്ടുക്കും അവർ ഏറെറടുത്തിരിക്കുകയാണെന്നതിനെപ്പററി സംശയമില്ല. അതിനുവേണ്ടി ആവശ്യമാണെന്നു വരികിൽ വിദ്വേഷത്തിന്റെ കണികപോലുമില്ലാത്ത വരം വരിക്കുവാനും സാഹിത്യകാരന്മാർക്കറിയാം.

## കരുത്തുള്ള പ്രതിഭാശാലികൾ

കാമ്യുവിനെപ്പോലെ സമാധാനത്തിന്റെയും, സത്യത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും സുവിശേഷങ്ങൾ നട്ടെല്ലോടുകൂടി ഉറക്കെ ഉറപ്പിച്ചു പറയുവാൻ ധീരതയുള്ള അനവധി പ്രതിഭാശാലികളെ ഈ തലമുറ

സംഭാവന ചെയ്യണം. എങ്കിലേ നാളയുടെ നാദം പത റാതിരിക്കു, ഇടറാതിരിക്കു. അത്തരം കലാകാരന്മാർ മനുഷ്യവർഗ്ഗത്തിൻെറ ജീവരക്തത്തിൽ തൂലിക മുക്കി അതിൻെറ വളർച്ചയുടെ പടം വരയ്ക്കുക തന്നെ വേണം. പുതിയ യുഗത്തിൻെറയും സംസ്കാരത്തിൻെറയും കലവ റയിൽ നിന്നു ശാന്തമായ മുഖഭാവത്തോടെ പുറത്തു ചാ ടുന്ന വിപ്ലവാശയത്തിൻെറയും വാഹകർ സാഹിത്യകാ രന്മാരായിരിക്കണം. ഡെമോക്രാററിക് ഹ്യൂമനിസ ത്തിനുവേണ്ടി ബുദ്ധിജീവികൾ സമരം സംഘടിപ്പിക്കു കയും ചെയ്യണം. ഒരിക്കലും പൂർണ്ണമായി പിടിച്ചെട്ടു ക്കുവാൻ അത്ര എളുപ്പമുള്ള സങ്കല്പമല്ലല്ലോ ഇതു്. മനു ഷ്യൻ ദേവനാകുന്നിടംവരെ നടക്കണം. ഇടയ്ക്കുവെച്ച് ഇട്ടിട്ടു പോയാൽ അധോഗതി വിമാനവേഗത്തിൽ സംഭ വിക്കും. പുറകോട്ടു വയ്ക്കുന്ന പാദങ്ങൾ പിന്നീടു മുന്നോ ട്ടാക്കുവാൻ പഴയതിനേക്കാൾ ആയിരം മടങ്ങു പ്രയത്നം ഒന്നിച്ചു ചേർന്നേ മതിയാവൂ.

**ധർമ്മോൽബോധനം**

നിർമ്മലമായ ആദർശങ്ങളും വിശുദ്ധമായ തീയ റികളും സാഹിത്യകാരന്മാർ ജനതയ്ക്കു കൃതികളിലൂടെ വിതരണം ചെയ്യണം. ആഹ്ലാദത്തിൽ കൂടിയുള്ള ധർ മ്മോൽബോധനം കലാകാരനു മാത്രമേ കഴിയുകയുള്ള ല്ലോ. കലാസൃഷ്ടികളിലൂടെ മാത്രമേ ഫലപ്രദമാകുക കയുള്ളുവല്ലോ.

നാടിൻെറ നാഡിയിടിപ്പും ജനതയുടെ ഹൃദയത്തു ടിപ്പും ഒന്നിച്ചു കേൾക്കാനും അനുഭവിക്കുവാനും കഴി യുന്ന ഡെമോക്രാററിക് ഹ്യൂമനിസത്തിനുവേണ്ടി സാ

ഹിത്യകാരന്മാർ ഇടതടവില്ലാതെ ഉഷാറായി, ആവേശ കരമായി പരിശ്രമിക്കണം. സുഖത്തിന്റെ പറുദീസ യിലേക്കു്, അറിവിന്റെ ദേവാലയത്തിലേക്കു് മനുഷ്യ സ്നേഹത്തിന്റെ ശ്രീകോവിലുകളിലേക്കു്, മനുഷ്യവർ ഗ്ഗത്തെ നയിക്കുവാൻ സാഹിത്യകാരന്മാർ ആത്മാർത്ഥമാ യി അകം നൊന്തു പണിയെടുക്കണം. വെന്തുരുകി ഒലി ച്ചുപൊയ്ക്കൊണ്ടിരിക്കുന്ന സമാധാനത്തെ അപകടമേഖ ലയിൽ നിന്നും പിടിച്ചു മാററി കാത്തു സൂക്ഷിക്കുവാനും അവർ ശ്രമിച്ചേ പററൂ.

— ശുഭം —

# KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. 1705 Tom. K Acc. No. 36565

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 6 JUN 198[illegible] | | |
| 7 AUG 1987 | | |
| 15 FEB 1989 | | |
| 27 NOV 1990 | | |
| 4 JAN 1992 | | |
| 5 FEB 1992 | 24 | |
| 25 JUL 1992 | 4 | |
| 28 NOV 1993 | 4 | |
| 2 MAY 2004 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

1705 36565
Tom. K

ടോം. [illegible]

[illegible]